
# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




**മാർച്ച് 2020**



മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാക്കന്മാർക്ക്

# രൂപതാകുടുംബത്തിന്റെ
# പ്രാർത്ഥനാശംസകൾ



മാർ ജോസഫ് പെരുന്തോട്ടം



മാർ ജോസഫ് പൗവ്വത്തിൽ



മാർ ജോസഫ് കല്ലറങ്ങാട്ട്



മാർ ജോസഫ് പള്ളിക്കപ്പറമ്പിൽ



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No.3

മാർച്ച് 2020







**അഭിവന്ദ്യ മാർ ജോസ് പുളിയ്ക്കൽ**
**പിതാവിന്റെ സ്ഥാനാരോഹണം**























**2020 ഫെബ്രുവരി 3**





























## അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ
## പിതാവിന് ആദരം









2020 ഫെബ്രുവരി 3




അഭിവന്ദ്യ മാർ. മാത്യു
അറയ്ക്കൽ പിതാവിന്
സ്നേഹാദരവുകൾ









































**മാർച്ച് 3 ന് ജന്മദിനവും**
**മാർച്ച് 19 ന് നാമഹേതുക തിരുനാളും**
**ആഘോഷിക്കുന്ന**
**അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്**



**രൂപതാകുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ**

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 3 മാർച്ച് 2020

| | | |
|---|---|---|
| മംഗളപത്രം | - | 3 |
| മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ റിപ്പോർട്ട് | - | 7 |
| അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് ആദരം | - | 12 |
| മാർപ്പാപ്പയുടെ സന്ദേശം | - | 14 |
| ഇടയലേഖനം | - | 19 |
| സർക്കുലർ | - | 25 |
| കച്ചേരിക്കാര്യം | - | 32 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 38 |
| അജപാലനോത്തേജനവിഭാഗം | - | 47 |
| വിശ്വാസജീവിതപരിശീലനരംഗം | - | 49 |
| ചെറുപുഷ്പ മിഷൻലീഗ് | - | 53 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 54 |
| കുടുംബപ്രേഷിതത്വം | - | 60 |
| മാതൃവേദി | - | 63 |
| വൊക്കേഷൻ ബ്യൂറോ | - | 66 |
| നസ്രാണി റിസേർച്ച് സെന്റർ | - | 67 |
| മേരി മാതാ മൈനർ സെമിനാരി | - | 68 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 69 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - | 71 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 73 |
| സന്യസ്തർ | - | 75 |
| കെ.സി.എസ്.എൽ. | - | 84 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 85 |
| ഡി.സി.എം.എസ്. | - | 88 |
| ലീജിയൻ ഓഫ് മേരി | - | 89 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 92 |
| വിൻസെൻഷ്യൻ വേദി | - | 93 |
| ആരോഗ്യപുനരധിവാസമദ്യവിരുദ്ധ സമിതി | - | 95 |
| വിമല പബ്ലിക്കേഷൻസ് | - | 97 |
| Special Care Homes & Charitable institution | - | 98 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 103 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 105 |
| രൂപതാവാർത്തകൾ | - | 108 |
| Bishop's Engagement | - | 112 |

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 0050/2020

## MAJOR ARCHIEPISCOPAL LETTER OF CANONICAL PROVISION

**GEORGE CARDINAL ALENCHERRY, THE MAJOR ARCHBISHOP OF THE SYRO-MALABAR CHURCH SENDS HIS PATERNAL BLESSINGS TO YOUR EXCELLENCY MAR JOSE PULICKAL,**

until now Auxiliary Bishop of the Eparchy of Kanjirapally, and who have been elected Bishop of the same Eparchy by the Synod of Bishops of the Syro-Malabar Church. Upon acceptance of the letter of resignation submitted by Bishop Mathew Arackal as per CCEO c. 210 §1 at the completion of 75 years of age, who shepherded the Eparchy of Kanjirapally with paternal care and foresight for 19 years from 09 February 2001, there was the need to find a suitable successor to him. The Bishops of the Syro-Malabar Church assembled in the First Session of the XXVIII Synod (2020) has found you to be the right person for the office and elected you Bishop of Kanjirapally.

Therefore, in virtue of CCEO c. 86 §1, 1° and by the authority vested in me as the Major Archbishop of the Syro-Malabar Church to provide the people of God entrusted to my care with pastors and efficient systems of governance, and guided by the consideration of the good of the faithful of the Eparchy of Kanjirapally and of the entire Syro-Malabar Church, I, George Cardinal Alencherry, hereby appoint you Bishop of the Eparchy of Kanjirapally. You are to take canonical possession of your Office in accordance c. 189 of Code of Canons of the Oriental Churches.

I commend you to Our Lord, the Master Shepherd and praying that you may, through the intercession of Mary our Mother and St. Thomas our Apostle, in close communion and collegiality with the Major Archbishop and the Synod of Bishops of the Syro-Malabar Church and in collaboration with the entire clergy and the faithful of the Eparchy of Kanjirapally, fulfil the duties of your Office as "an example in speech and conduct, in love, in faith, in purity" (1Tim. 4:12).

**All contrary dispositions notwithstanding.**

Given from the Syro-Malabar Major Archiepiscopal Curia at Mount St. Thomas, Kakkanad, on the Fifteenth Day of the Month of January of the Year 2020 under my seal and signature.

The Syro-Malabar Major Archiepiscopal Curia

George Cardinal Alencherry
Major Archbishop of the Syro-Malabar Church

Fr. Vincent Cheruvathoor
Major Archiepiscopal Chancellor

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷസ്ഥാനത്തുനിന്ന് വിരമിക്കുന്ന അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് ദൈവജനം സമർപ്പിക്കുന്ന മംഗളപത്രം

അഭിവന്ദ്യ പിതാവേ,

2001 ഫെബ്രുവരി 9-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതയുടെ തൃതീയ മെത്രാനായി അങ്ങയെ നിയോഗിച്ച ദൈവിക പദ്ധതിക്കു മുമ്പിൽ ഞങ്ങൾ നന്ദിയോടെ ശിരസ്സു നമിക്കുന്നു. രൂപതയുടെ യൗവന സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരത്തിന്, പകരം വയ്ക്കാനില്ലാത്ത ഇടയനായിരുന്നു അങ്ങ്. ജീവന്റെ സമൃദ്ധിയിലേക്ക് മൂന്നാം സഹസ്രാബ്ദത്തിലെ ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമം, അതൊന്നുമാത്രമായിരുന്നു ആ ജീവിതം. ശ്ലൈഹിക അധികാരശ്രേണിയിലുള്ള തന്റെ സ്ഥാനത്തെ, അധികാരത്തോടുള്ള വിധേയത്വവും, ഭരമേല്പിക്കപ്പെട്ടവരോടുള്ള കരുതലും വഴി അതിശ്രേഷ്ഠമാക്കിത്തീർത്തു.

മണ്ണും മനുഷ്യനും, പ്രവൃത്തിയും പ്രാർത്ഥനയും ഒത്തുചേർന്ന അങ്ങയുടെ സമഗ്ര ആദ്ധ്യാത്മികതയായിരുന്നു രൂപതയുടെ ശക്തിസ്രോതസ്സ്. ദൈവകാരുണ്യത്തിലുള്ള ആശ്രയത്വവും പരിശുദ്ധ അമ്മയോടുള്ള ഭക്തിയും വിശുദ്ധ അൽഫോൻസാമ്മയോടുള്ള പ്രാർത്ഥനയും ചേർത്തുവച്ച പിതാവിന്റെ ആത്മീയ ശൈലി ഞങ്ങൾക്കും കരുത്തായിരുന്നു.

മാനവികതയുടെ ഉദാത്തഭാവങ്ങൾ അങ്ങയുടെ വ്യക്തിത്വത്തെ മാതൃകായോഗ്യമാക്കുന്നു. സൂര്യകിരണത്തിനു മുമ്പിൽ മഞ്ഞെന്നപോലെ പ്രതിസന്ധികളെ ഉരുക്കിമാറ്റുന്ന പുഞ്ചിരി, പക്ഷപാതിത്വങ്ങളില്ലാത്ത വ്യക്തിത്വം, ആതിഥേയരുടെ ഉള്ളു

നിറയ്ക്കുന്ന സഹൃദയത്വം, നിസ്സഹായർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും നൽകുന്ന കരുതൽ, ജനപങ്കാളിത്തത്തെ ജീവിതശൈലിയാക്കിയ പെരുമാറ്റം, പദവികൾ മതിലു തീർക്കാത്ത സമഭാവന ഇങ്ങനെ വാക്കുകൾക്കപ്പുറം വളർന്ന് ജനമനസ്സിൽ ചിരപ്രതിഷ്ഠനേടിയതാണ് ഈ ജീവിതം.

ആരാധനക്രമത്തിന്റെ പൂർണ്ണത, ജീവിക്കുന്ന മനുഷ്യരാണെന്ന ബോധ്യമായിരുന്നു അങ്ങയുടെ ആത്മിയതയുടെ കാതൽ. ആത്മിയതയുടെ അടിത്തറയിൽ നിന്നുകൊണ്ട് രൂപത സൗധത്തെ മുഴുവൻ പിതാവ് പുനർനിർമ്മിച്ചു. പുതിയതായി 5 ഫൊറോനകളും, 26 ഇടവകകളും, 54 പള്ളികളും, 57 പള്ളിമുറികളും, 47 പാരീഷ് ഹാളുകളും നിർമ്മിക്കപ്പെട്ടു. കുടുംബക്കൂട്ടായ്മകളെയും സംഘടനകളെയും പാരീഷ് കൗൺസിലുകളെയും വളർത്തുന്നതിൽ ഏറ്റവും താത്പര്യം കാണിച്ചു. ഓരോ ഇടവകയുടെയും സ്ഥാപനത്തിന്റെയും വളർച്ചയെ അങ്ങ് ഏകമായി വീക്ഷിച്ചു. രൂപതയുടെ മിഷൻ ദൗത്യത്തെ പ്രഥമസ്ഥാനത്തു തന്നെ പ്രതിഷ്ഠിച്ചു.

വൈദികരുടെ കർമ്മശേഷിയാണ് രൂപതയുടെ വളർച്ചയ്ക്ക് യഥാർത്ഥമൂലധനമെന്ന് തിരിച്ചറിഞ്ഞ് ആദ്ധ്യാത്മികവും ഭൗതീകവുമായ നവീനാശയങ്ങളെ അങ്ങ് അകമഴിഞ്ഞ് പ്രോത്സാഹിപ്പിച്ചു. അവരോടുള്ള കരുതൽ അങ്ങയുടെ ജീവിതപ്രമാണമായിരുന്നു. സന്യാസസമൂഹങ്ങളുടെ ചൈതന്യത്തെ ഉൾച്ചേർത്തുകൊണ്ട് അജപാലന ശുശ്രൂഷകളെ അങ്ങ് കൂടുതൽ കരുത്തുള്ളതാക്കി. സഭാശുശ്രൂഷകളിൽ അത്മായർക്കു നൽകിയ സ്ഥാനം ആഗോളസഭയിൽപോലും അങ്ങയെ അനുകരണയോഗ്യനാക്കി.

എരുമേലിയുടെ പുത്രനായ അങ്ങ് മതമൈത്രിയുടെ പ്രവാചകനായിരുന്നു. അപരന്റെ വേദനകളെ നെഞ്ചോടുചേർക്കുന്ന പിതൃഭാവം ജാതിമതങ്ങൾക്കപ്പുറം ആളുകൾക്ക് ആശ്വാസത്തണ

ലായി. എക്യുമെനിക്കൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഭകൾക്കതീതമായി വ്യക്തിബന്ധങ്ങളെ വളർത്തിയെടുക്കുകയും ചെയ്തു.

ബൃഹത്പദ്ധതികളെ അതിന്റെ സമഗ്രതയിൽ സ്വപ്നം കാണുകയും അതിനെ പ്രവൃത്തിപഥത്തിലെത്തിക്കുകയും ചെയ്യുന്ന കർമ്മകുശലതകൊണ്ട് അനുഗൃഹീതനാണ് പിതാവ്. പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയും അനുബന്ധ സ്ഥാപനങ്ങളും എം.ഡി.എസും. മരിയൻ കോളജും അമൽജ്യോതി കോളജും സഹ്യാദ്രി ബാങ്കും കാഞ്ഞിരപ്പള്ളി കമ്മ്യൂണിറ്റി സെന്ററും ജീവൻ ദശാംശപദ്ധതികളുമടക്കം കഴിഞ്ഞ 19 വർഷത്തെ രൂപതയുടെ വളർച്ചയെ ത്വരിതമാക്കിയത് എല്ലാം മനോഹരമായി കാണാൻ ആഗ്രഹിക്കുന്ന പിതാവിന്റെ കർമ്മോത്സുകതയാണ്.

കാരുണ്യം തുളുമ്പുന്ന അങ്ങയുടെ മനസ്സിന്റെ പ്രതിഫലനമാണ് രൂപതയിലെ കാരുണ്യപദ്ധതികൾ. സഭയുടെ കാരുണ്യത്തിന്റെ മുഖം ഇത്രയും പ്രകാശിതമായ മറ്റൊരിടം വേറെയുണ്ടാവില്ല.

പാരിസ്ഥിതിക ആദ്ധ്യാത്മികതയെപ്പറ്റിയുള്ള ചിന്തകൾ ആഗോളസഭയിൽ ശക്തമാകും മുമ്പുതന്നെ അത് പ്രസംഗങ്ങളിൽ പ്രമേയവും ജീവിതത്തിന്റെ താളവുമാക്കിയതായിരുന്നു പിതാവിന്റെ ക്രാന്തദർശിത്വം. രാജ്യാന്തരതലത്തിൽത്തന്നെ ജൈവസാംസ്കാരത്തിന്റെ പ്രോദ്ഘാടകനാണ് അങ്ങ്. പ്രവർത്തന മികവുകൊണ്ട് സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ സ്ഥാനങ്ങൾ വഹിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട അങ്ങയുടെ മഹിമയെ ഓർത്ത് രൂപത അഭിമാനം കൊള്ളുന്നു.

കാലത്തിനു മുമ്പേ ഗമിച്ച വിദ്യാഭ്യാസസംഘാടകനെന്ന് തലമുറകൾ അങ്ങയെ സ്മരിക്കും. സാങ്കേതിക വിദ്യാഭ്യാസം,

മാനവശേഷി വികസനം, ജൈവസാങ്കേതിക വിദ്യ, ജൈവകൃഷി, ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വ്യത്യസ്തമായ മേഖലകളിൽ ഗവേഷണത്തിന്റെ വാതായനങ്ങൾ തുറന്ന അങ്ങയുടെ വീക്ഷണങ്ങൾ കാലങ്ങൾകൊണ്ടുമാത്രമെ വായിക്കപ്പെടുകയുള്ളു.

അമ്പൂരിയിലും പീരുമേട്ടിലും പാവപ്പെട്ടവരുടെയും, കർഷകരുടെയും കണ്ണീരൊപ്പി ആരംഭിച്ച അങ്ങയുടെ ധന്യജീവിതം എന്നും കർഷക ജനതക്കൊപ്പമായിരുന്നു. തുടർന്നും അങ്ങനെയായിരിക്കുവാൻ ഹൈറേഞ്ചിന്റെ ഗ്രാമീണതയിൽ ആദ്ധ്യാത്മിക സാധന തേടുവാൻ അങ്ങ് ആഗ്രഹിക്കുന്നു.

ജീവന്റെ സമൃദ്ധിയിലേക്ക് ഞങ്ങളെ കരം പിടിച്ചു നടത്തിയ അഭിവന്ദ്യ പിതാവിന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനയും ആയൂരാരോഗ്യവും നേർന്നുകൊണ്ട് ഈ മംഗളപത്രം സമർപ്പിക്കുന്നു.

മാർ ജോസ് പുളിക്കൽ പിതാവും
രൂപതാകുടുംബാംഗങ്ങളും

കാഞ്ഞിരപ്പള്ളി
03-02-2020

# മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ റിപ്പോർട്ട്

കാഞ്ഞിരപ്പള്ളി രൂപതയുടെ നാലാമത്തെ മെത്രാനായി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെ നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം 2020 ജനുവരി 15 വൈകുന്നേരം 4.30 ന് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നടത്തുകയുണ്ടായി. പുതിയ മെത്രാനായി നിയമിതനായ അഭിവന്ദ്യ പിതാവിനെ, മാർ ജോർജ് ആലഞ്ചേരി ഷാൾ അണിയിച്ചും, മാർ മാത്യു അറയ്ക്കൽ പൂച്ചെണ്ട് നൽകിയും അഭിനന്ദനങ്ങൾ അറിയിച്ചു. അന്നേ ദിവസം തന്നെ വൈകുന്നേരം 7 മണിയോടുകൂടി കാഞ്ഞിരപ്പള്ളിയിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനൊപ്പം എത്തിയ പുളിക്കൽ പിതാവിന് കാഞ്ഞിരപ്പള്ളി കത്തീദ്രൽ പള്ളിയിൽ മനോഹരമായ സ്വീകരണം നൽകി. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് നിയുക്ത രൂപതാദ്ധ്യക്ഷന് ആശംസകളറിയിച്ച് സംസാരിക്കുകയും മോൺസിഞ്ഞോർ പദവി ലഭിച്ച പെരിയ ബഹു. ജോർജ് ആലുങ്കൽ അച്ചനെ സ്ഥാനചിഹ്നങ്ങളണിയിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് എല്ലാവർക്കും നന്ദിയർപ്പിക്കുകയും പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയും ചെയ്തു. അവിടെ സന്നിഹിതരായിരുന്ന വൈദികഗണവും വിശ്വാസി സമൂഹവും നിയുക്ത രൂപതാദ്ധ്യക്ഷന്റെ കൈസ്ലീവാ ചുംബിച്ച് തങ്ങളുടെ സ്നേഹവും ആദരവും അർപ്പിച്ചു.

നിയുക്ത രൂപതാദ്ധ്യക്ഷന്റെ സ്ഥാനാരോഹണം ഫെബ്രുവരി 3-ന് നിശ്ചയിക്കുകയും ഉചിതമായ നടത്തിപ്പിനായി ജനുവരി 18-ന് പ്രാഥമിക യോഗം ചേരുകയും സ്ഥാനാരോഹണത്തിന്റെ ഉചിതമായ നടത്തിപ്പിന് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. അനാവശ്യ ആഡംബരങ്ങൾ ഒഴിവാക്കി ലളിതമായി നടത്തണമെന്നുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് കമ്മറ്റികൾ രൂപീകരിച്ചു. കമ്മിറ്റി ചെയർമാനായി പെരിയ ബഹുമാനപ്പെട്ട ജസ്റ്റിൻ പഴേപറമ്പിലച്ചനും വൈസ് ചെയർമാൻമാരായി ഏറ്റം ബഹുമാനപ്പെട്ട കുര്യൻ താമരശ്ശേരിയച്ചനും ജോർജ് ആലുങ്കലച്ചനും

മാത്യു കല്ലറയ്ക്കലച്ചനും വർഗീസ് പരിന്തിരിക്കലച്ചനും നേതൃത്വം നൽകുമെന്ന് തീരുമാനിക്കപ്പെട്ടു. ജനറൽ കൺവീനറായി കുര്യാക്കോസ് അമ്പഴത്തിനാലച്ചൻ നിശ്ചയിക്കപ്പെട്ടു. ഏറ്റം ബഹു. മാർട്ടിൻ വെള്ളിയാംകുളത്തച്ചന്റെ നേതൃത്വത്തിൽ ഏറ്റം ബഹു. ജെയിംസ് മുത്തനാട്ടച്ചനൊപ്പം ഫിനാൻസ് കമ്മറ്റി പ്രവർത്തനങ്ങൾക്ക് അടുക്കും ചിട്ടയും നൽകുവാനും വർഗീസ് കൊച്ചുപുരയ്ക്കലച്ചനൊപ്പം ഏറ്റം ബഹു. കൊല്ലംകുന്നേൽ സെബാസ്റ്റ്യനച്ചൻ, പറപ്പള്ളിൽ ജോസ് മാത്യു അച്ചൻ, പുല്ലാന്തനാൽ ജോർജച്ചൻ, മതിയത്ത് ജോണച്ചൻ, കാലാക്കൽ വർഗീസച്ചൻ എന്നിവർ സ്വീകരണകമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും തീരുമാനിച്ചു. മീഡിയ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ബഹു. ജോസഫ് കൊച്ചുവീട്ടിലച്ചന്റെ നേതൃത്വത്തിൽ ഏറ്റം ബഹു. ചെരിപുറം ജോണിയച്ചൻ, ആലപ്പാട്ടുകുന്നേൽ ജോസഫച്ചൻ, ബഹുമാനപ്പെട്ട പുത്തൻപറമ്പിൽ മാത്യു അച്ചൻ, മണിമലക്കുന്നേൽ ഫിലിപ്പച്ചൻ, നടയ്ക്കൽ മാത്യു അച്ചൻ, എന്നിവർ ഏകോപിപ്പിക്കുവാനും ഫുഡ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ബഹു. വട്ടയത്തിൽ ഫിലിപ്പച്ചനും പെരിയ ബഹു. പരിന്തിരിക്കൽ വർഗീസ്സച്ചനും, മണിയങ്ങാട്ട് ആന്റണി അച്ചനും മറ്റമുണ്ടയിൽ തോമസ് അച്ചനും നേതൃത്വം നൽകുവാനും നിശ്ചയിച്ചു.

പന്തൽ & ഡെക്കറേഷൻ കമ്മറ്റിക്ക് പെരിയ ബഹു. വർഗീസ് പരിന്തിരിക്കൽ അച്ചനും, പെരിയ ബഹു. ചാത്തനാട്ട് ജേക്കബ് അച്ചനും, ബഹു. ഇല്ലിക്കമുറി സഖറിയാസച്ചനുമടങ്ങിയ ടീം നേതൃത്വം നൽകുവാനും ലിറ്റർജി കമ്മറ്റിക്ക് ബഹു. ചവറപ്പുഴ ജെയിംസച്ചനും, പെരിയ ബഹു. പൂവത്താനിക്കുന്നേൽ തോമസച്ചനും പെരിയ ബഹു. നല്ലൂർകാലായിൽപറമ്പിൽ തോമസച്ചനും, ബഹു. അറയ്ക്കപ്പറമ്പിൽ ജോബി ജോൺ അച്ചനുമടങ്ങിയ ടീം നേതൃത്വം നൽകുവാനും തീരുമാനിച്ചു.

ഗതാഗത സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായി റവ. ഫാ. റോയി മാത്യു വടക്കേൽ കൺവീനറായും, വെരി റവ. ഫാ. ജോസഫ് തെക്കേവയലിൽ, റവ. ഫാ. തോമസ് നരിപ്പാറയിൽ എന്നിവർ അടങ്ങിയ ടീമിനു രൂപം നൽകി.

ഗായകസംഘത്തിന് നേതൃത്വം നൽകുന്നതിനായി റവ. ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിലിനെയും, വെരി റവ. ഫാ. റെജി മാത്യു വയലുങ്കലിനെയും അനൗൺസ്മെന്റ് കമ്മറ്റിയുടെ നേതൃത്വം ബഹു. ജോസ് മാത്യു പറപ്പള്ളിൽ അച്ചനെയും വൈദ്യസഹായ കമ്മറ്റിയുടെ സാരഥ്യം ബഹു. ജോസഫ് കന്നാലിൽ അച്ചൻ, ബഹു. ആന്റണി പുത്തൻപുരയ്ക്കൽ അച്ചൻ എന്നിവരെയും ഏൽപ്പിച്ചു.

Area Management-ന്റെ ഉത്തരവാദിത്വം ബഹു. മാത്യു പാലക്കുടിയച്ചന്റെ നേതൃത്വത്തിൽ നിർവഹിക്കുവാൻ നിശ്ചയിക്കപ്പെട്ടു.

തുടർന്ന് ഓരോ കമ്മറ്റിയും വൈദികരെയും സിസ്റ്റേഴ്സിനെയും അൽമായരെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും വിവിധ സംഘടനാംഗങ്ങളെയും ഉൾപ്പെടുത്തി വിപുലീകരിച്ചു.

വിവിധ കമ്മറ്റികൾ ഒറ്റയ്ക്കും പൊതുവിലും പലതവണ സമ്മേളിക്കുകയും സ്ഥാനാരോഹണ കർമ്മങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ട പദ്ധതികളും ക്രമീകരണങ്ങളും നടപ്പിൽ വരുത്തുകയും ചെയ്തു. ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച വൈകുന്നേരം എല്ലാ കമ്മറ്റികളുടെയും വിപുലമായ യോഗം ചേരുകയും ഒരുക്കങ്ങൾ സംബന്ധിച്ച് വിശദമായ വിലയിരുത്തലുകൾ നടത്തുകയും ഏറ്റവും അടുത്ത ക്രമീകരണങ്ങൾ നിശ്ചയിക്കുകയും ചെയ്തു.

**സ്ഥാനാരോഹണദിനം (2020 ഫെബ്രുവരി 3)**

സ്ഥാനാരോഹണ തിരുക്കർമ്മങ്ങൾ പ്രൗഢമായി നടത്തുന്നതിന് ക്രമീകരണങ്ങൾ നടത്തിയ കത്തീഡ്രൽ പള്ളിയിൽ സമ്മേളിച്ച വിശ്വാസസമൂഹത്തിന്റെ സാന്നിധ്യത്തിൽ രാവിലെ 10.15-ന് മെത്രാന്മാരും വൈദികരും നിയുക്ത രൂപതാദ്ധ്യക്ഷനും കത്തീഡ്രൽ അജപാലന കേന്ദ്രത്തിൽ നിന്ന് പ്രദക്ഷിണമായി പള്ളിയിലേക്ക് നീങ്ങി. തുടർന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ തിരുക്കർമ്മങ്ങളാരംഭിച്ചു. ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു അറയ്ക്കൽ എന്നിവർ സഹകാർമ്മികരായി. മാർ

മാത്യു അറയ്ക്കൽ സ്വാഗതം ആശംസിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ ദ്ധ്യക്ഷസ്ഥാനത്തേക്ക് തിരഞ്ഞെടുത്ത് നിയമിച്ചതായുള്ള നിയമന പത്രിക വികാരി ജനറാളും രൂപതാ ചാൻസിലറുമായ ഏറ്റം ബഹു. കുര്യൻ താമരശ്ശേരി അച്ചൻ വായിച്ചു. രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് പവ്വത്തിൽ, ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം എന്നിവർ അനുഗ്രഹപ്രഭാഷണവും നടത്തി. തുടർന്ന് നടന്ന സ്ഥാനമേൽപിക്കൽ ചടങ്ങിനുശേഷം രൂപതയിലെ വൈദികരെ പ്രതിനിധീകരിച്ച് രൂപതയിലെ ഫൊറോനാവികാരിമാർ പുതിയ മെത്രാന്റെ കൈസ്ലീവാ ചുംബിച്ച് മെത്രാനോടുള്ള വിധേയ ത്വവും അനുസരണവും പ്രഖ്യാപിച്ചു. പുതിയ രൂപതാദ്ധ്യക്ഷനും കാർമ്മികരും രേഖകളിൽ ഒപ്പുവച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പരിശുദ്ധ കുർബാന അർപ്പിച്ചു. കണ്ണൂർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ വചനസന്ദേശം നൽകി. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സന്ദേശം നൽകുകയും മാർ ജോസ് പുളിക്കൽ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. നാല്പ ത്തിയഞ്ചോളം മെത്രാന്മാരും മുന്നൂറോളം വൈദികരും ആയിര ത്തിൽപ്പരം സിസ്റ്റേഴ്സും ആയിരക്കണക്കിനു വിശ്വാസികളും പങ്കെ ടുത്ത തിരുക്കർമ്മങ്ങൾ രൂപതയ്ക്കു മുഴുവനും ദൈവാനുഭവത്തിന്റെ നിമിഷങ്ങളായിരുന്നു.

**സ്ഥാനമേറ്റെടുക്കൽ ചടങ്ങിൽ പങ്കെടുത്ത മെത്രാന്മാർ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ മെത്രാനായി സ്ഥാന മേറ്റെടുത്ത മാർ ജോസ് പുളിക്കലിന്റെ സ്ഥാനാരോഹണ ചടങ്ങിന് വിവിധ സഭകളുടെ അധ്യക്ഷന്മാർ, രാഷ്ട്രീയ സാമൂഹിക, സാമു ദായിക നേതാക്കൾ എന്നിവർ പങ്കെടുത്തു. സ്ഥാനാരോഹണ ചട ങ്ങിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദി നാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമ്മികനായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു അറയ്ക്കൽ എന്നിവർ സഹകാർമ്മികരായി. മാർ ജോസഫ് പൗവ്വത്തിൽ, റൈറ്റ് റവ. ഡോ. വർഗീസ് ചക്കാല

യ്ക്കൽ, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ സെബാസ്റ്റ്യൻ വാണിയ ക്കിഴക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ഓസ്ട്രിയ യിലെ ഐസൻസ്റ്റാറ്റ് രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. എജീദിയൂസ് സിഫ്കോവിച്ച്, മാർ ജേക്കബ് മനത്തോടത്ത്, പാലക്കാട് രൂപത നിയുക്ത സഹായ മെത്രാൻ ബിഷപ്പ് പീറ്റർ കൊച്ചുപുരയ്ക്കൽ, മാർ ജോർജ് പുന്നക്കോട്ടിൽ, മാർ റെമീജിയസ് ഇഞ്ചനാനിയിൽ, മാർ ജോർജ് രാജേന്ദ്രൻ, മാർ ജേക്കബ് തൂങ്കുഴി, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ ടോണി നീലങ്കാവിൽ, മാർ ആൻഡ്രൂസ് താഴത്ത്, മാർ തോമസ് തറയിൽ, മാർ സിൽവസ്റ്റർ പൊന്നുമുത്തൻ, മാർ ജോസഫ് പാംബ്ലാനി, മാർ ജെയിംസ് റാഫേൽ ആനാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ആന്റണി കരിയിൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ ജോർജ് മഠ ത്തിക്കണ്ടത്തിൽ, മാർ ജോസഫ് പണ്ടാരശ്ശേരി, മാർ മാത്യു മൂല ക്കാട്ട്, മാർ പോൾ ആലപ്പാട്ട്, മാർ സെബാസ്റ്റ്യൻ തെക്കത്തെച്ചേ രിൽ, കുര്യാക്കോസ് മാർ ഇവാനിയോസ്, റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ, തോമസ് മാർ കൂറിലോസ്, മാർ ജോസഫ് കാരിക്കശ്ശേരി, മാർ ജോർജ് വലിയമറ്റം, യുഹാന്നോൻ മാർ തെയഡോഷ്യസ്.

**രാഷ്ട്രീയ പ്രമുഖർ**

എം.പി.മാരായ ആന്റോ ആന്റണി, ജോസ് കെ. മാണി, തോമസ് ചാഴിക്കാടൻ, പി.ജെ. ജോസഫ് എം.എൽ.എ., ജില്ലാ പഞ്ചാ യത്ത് പ്രസിഡന്റുമാരായ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, കൊച്ചു ത്രേസ്യ പൗലോസ്, ഫ്രാൻസീസ് ജോർജ്, ടോമി കല്ലാനി, രാമൻ ജി. നായർ, ഡി.വൈ.എസ്.പി. സന്തോഷ് കുമാർ, അഡ്വ. സിറിയക് തോമസ്, തോമസ് കുന്നപ്പള്ളി, പി.സി. ജോസഫ്, ജോസ് വിതയ ത്തിൽ.

# അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് ആദരം

കാഞ്ഞിരപ്പള്ളി രൂപതയെ 19 വർഷക്കാലം നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനോടുള്ള രൂപതാകുടുംബത്തിന്റെ ആദരവ് അർപ്പിക്കുന്നതിനായി സ്ഥാനാരോഹണ തിരുക്കർമ്മ ങ്ങൾക്കും സ്നേഹവിരുന്നിനും ശേഷം വിശ്വാസ സമൂഹം കത്തീ ദ്രൽ മഹാജൂബിലി ഹാളിൽ ഒത്തുകൂടി. ചടങ്ങുകൾക്ക് മുന്നോടി യായി കത്തീദ്രൽ മഹാജൂബിലി ഹാളിലേക്ക് വിശിഷ്ടാതിഥികളെ സ്വീകരിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യ ക്ഷത വഹിച്ച യോഗം സീറോ മലങ്കര മേജർ ആർച്ച് ബിഷപ്പ് മോറോൻ മോർ ബസേലിയോസ് മാർ ക്ലീമിസ് ഉദ്ഘാടനം ചെയ്തു.

രൂപതയുടെ പ്രഥമമെത്രാൻ ബിഷപ്പ് മാർ ജോസ് പുളിക്കൽ സ്വാഗതമാശംസിച്ചു. ഓസ്ട്രിയയിലെ ഐസൻസ്റ്റാറ്റ് രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ബിഷപ്പ് എജീദിയൂസ് സിഫ്കോവിച്ച്, മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പരമാധ്യക്ഷൻ റവ. ഡോ. ജോസഫ് മാർ തോമാ മെത്രാപ്പോലീത്താ, ചിങ്ങവനം ക്നാനായ സിറിയൻ അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ സേവേറിയോസ് കുറി യാക്കോസ് വലിയ മെത്രാപ്പോലീത്താ, കൊല്ലം രൂപത മുൻ അധ്യ ക്ഷൻ റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ, മലങ്കര ഓർത്തഡോക്സ് സിറിയൻ നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ജോഷ്വാ മോർ നിക്കദിമോസ് മെത്രാപ്പോലീത്ത, കോട്ടയം മലങ്കര സിറിയൻ ഓർത്തഡോക്സ് രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. തോമസ് മോർ തിമോത്തിയോസ്, കാഞ്ഞിരപ്പള്ളി രൂപതാ വൈദിക പ്രതിനിധി റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ, അല്മായ പ്രതിനിധിയായി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഷെവ. അഡ്വ. വി.സി. സെബാ സ്റ്റ്യൻ, സന്യാസ-സന്യാസിനി പ്രതിനിധി സി.ആർ.ഐ. കാഞ്ഞിര പ്പള്ളി യൂണിറ്റ് പ്രസിഡന്റ് സിസ്റ്റർ സാലി സി.എം.സി. എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ മാർ മാത്യു അറയ്ക്കലിന് രൂപതയുടെ മംഗളപത്രം വികാരി ജനറാൾമാരായ മോൺ. ജോർജ് ആലുങ്കൽ, റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ എന്നിവർ ചേർന്ന്

സമർപ്പിച്ചു. മാതൃവേദി രൂപതാ പ്രസിഡന്റ് ജിജി ജേക്കബ് പുളിയം കുന്നേൽ കൃതജ്ഞതയർപ്പിച്ചു.

തോമസ് ചാഴിക്കാടൻ എം.പി., എം.എൽ.എ. മാരായ ഡോ. എൻ. ജയരാജ്, റോഷി അഗസ്റ്റിൻ, പി.ജെ. ജോസഫ്, രാഷ്ട്രീയ നേതാക്കളായ ഇ.എം. ആഗസ്തി, ഫ്രാൻസീസ് ജോർജ്, ഇടുക്കി ഡിസിസി പ്രസിഡന്റ് ഇബ്രാഹിംകുട്ടി കല്ലാർ, ജോസഫ് വാഴയ്ക്കൻ, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സോഫി ജോസഫ്, രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ, എ.കെ.സി.സി. ഗ്ലോബൽ പ്രസിഡന്റ് ബിജു പറയന്നിലം, മൈക്കിൾ എ. കള്ളിവയലിൽ എന്നിവർ സന്നിഹിതരായിരുന്നു.

കാഞ്ഞിരപ്പള്ളി രൂപതയുടെ കൂട്ടായ്മയുടെ അനുഭവം സമ്മാനിക്കുവാൻ ദൈവാനുഗ്രഹപ്രദമായ ആ ദിനങ്ങൾക്ക് കഴിഞ്ഞുവെന്നത് തീർച്ചയാണ്. രൂപതയുടെ ഐക്യവും സ്നേഹവും, അടുക്കോടും ചിട്ടയോടും കൂടിയുള്ള പ്രവർത്തനങ്ങളും വിളിച്ചോതുന്ന ചരിത്രസംഭമായി അന്നേദിവസത്തെ തിരുക്കർമ്മവും ആദരവർപ്പിക്കലും മാറിയെന്നത് നമുക്ക് അഭിമാനിക്കുവാനും ദൈവസന്നിധിയിൽ കൃതജ്ഞത പ്രകാശിപ്പിക്കുവാനും കാരണമാണ്. അനേകരുടെ സമർപ്പണത്തിൻമേൽ ദൈവം കൃപ വർഷിച്ചപ്പോൾ അന്നേ ദിവസം അനുഗ്രഹപ്രദമായി.

രൂപതയുടെ ചരിത്രനിമിഷത്തിലെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയ വിവിധ കമ്മറ്റികളുടെ സംയുക്തയോഗം 2020 ഫെബ്രുവരി 9-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സാന്നിധ്യത്തിൽ കൂടുകയും വിലയിരുത്തലുകൾ നടത്തുകയും ചെയ്തു. എല്ലാം ഭംഗിയായി ക്രമീകരിക്കുവാൻ അത്യദ്ധ്വാനം ചെയ്ത എല്ലാവർക്കും അഭിവന്ദ്യ പിതാവ് നന്ദിയർപ്പിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

സ്നേഹവിരുന്നോടെ സമാപിച്ച യോഗം കൂട്ടായ്മയുടെ അനുഭവമായി.

Ref: 3251/K-5/KCBC/OL/DS

# 2020 – ലെ നോമ്പുകാല സന്ദേശം
# ഫ്രാൻസിസ് പാപ്പാ
# "ഞങ്ങൾ ക്രിസ്തുവിനെ പ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ" (2 കോറി 5:20)

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂല ക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹ ത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മന സ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം കാണി ക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

### 1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവ സന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹ സ്യത്തെ സമാഹരിക്കുന്നു. അത് "യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു" (ക്രിസ്തു ജീവിക്കുന്നു 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf യോഹ 10:10)."നുണകളുടെ പിതാവിന്റെ" (യോഹ

8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: "ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും" (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

## 2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെ മേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത" (ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി "മുഖത്തോടുമുഖം" പുലർത്തുന്ന ബന്ധത്തിൽ – സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ – മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതു

മാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതു പോലെ (cf ഹോസി 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാല ഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണ വാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണ മായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവി ടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചുപോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന വിഡ്ഢിത്തപര മായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

### 3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹം

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയേ സംഭവിച്ചുകൊള്ളുമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇളക്കി വിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറി യാത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനുമായ (cf. 2 കോറി 5:21) ക്രൂശിതനുമായ യേശുവിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാ

വിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16-ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, "ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു" (ദൈവം സ്നേഹമാകുന്നു 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (cf.മത്താ 5:43-48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോരുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ "പുതുതായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല" (അപ്പ.17:21). ശൂന്യവും ഉപരിപ്ളവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധരൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടു

തൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേ സമയം അപകടസാധ്യത കളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടുപോ കാൻ കഴിയും, മുമ്പോട്ടു പോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനപരമായ വശങ്ങൾ പരിഗണി ക്കുകയും വേണം. ഇക്കാരണത്താൽ നോമ്പുകാലത്തിന്റെ മധ്യ ത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവധന തത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേളനമാണ ത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന തുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Cathoic University Students ,18 December 1927). സാമ്പത്തിക ജീവിതത്തെ സംബ ന്ധിച്ചും ഇതു ശരിയാണ് . സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാരഹസ്യത്തിൽ ഉറപ്പിക്കാനും അവിടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകമറി യത്തോട് ഞൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്ര കാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്ര കാരമായിരിക്കും നമ്മൾ – അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf.മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**

റോമ, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019
ജപമാല മാതാവിന്റെ തിരുനാൾ ദിവസം
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

PL.1/20

# ഇടയലേഖനം

**ദൈവപരിപാലനയിൽ**
**കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ**
**മാർ ജോസ് പുളിക്കൽ**
**രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും**
**ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്**

വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

നോമ്പുകാലത്തിന്റെ പരിഹാര ചൈതന്യത്തിലേക്കും സുകൃതവെളിച്ചത്തിലേക്കും നമ്മൾ പ്രവേശിച്ചുകഴിഞ്ഞു. സഭാപിതാക്കന്മാരുടെ ഭാഷയിൽ തിരുസ്സഭ അവളുടെ വാർഷികധ്യാനത്തിലേക്കു കടക്കുന്ന സമയമാണ് അമ്പതുനോമ്പിന്റെ നാളുകൾ. നിരന്തരമായ പ്രാർത്ഥനയിലും ഉപവാസത്തിലും അനുതാപത്തിലും ദാനധർമ്മങ്ങളിലും മുഴുകി മിശിഹാനുയായികൾ ഉയിർപ്പുതിരുനാളിനൊരുങ്ങുന്ന കാലഘട്ടമാണിത്. സഭയുടെ പ്രാരംഭകാലം മുതൽ തന്നെ ഉപവാസത്തിനും നോമ്പാചരണത്തിനും വലിയ പ്രാധാന്യമുണ്ടായിരുന്നു. മാർത്തോമ്മാനസ്രാണികളുടെ സഭാപാരമ്പര്യത്തിൽ ഇത് കൂടുതൽ പ്രസക്തമാണ്.

മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാവായ വിശുദ്ധ ഇരണേവൂസ്, വിക്ടർ മാർപാപ്പായ്ക്ക് എഴുതുന്ന കത്തിൽ വലിയ ആഴ്ചയിലെ അവസാന ദിനങ്ങൾ ഉപവാസദിവസങ്ങളായി ആചരിച്ചിരുന്നുവെന്നതിന്റെ വ്യക്തമായ സൂചനകളുണ്ട്. നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, ചില സ്ഥലങ്ങളിൽ ആറും ചിലയിടങ്ങളിൽ ഏഴും ആഴ്ചകൾ നോമ്പാചരണം നടത്തിയിരുന്നതായി സഭാപിതാക്കന്മാർ പ്രസ്താവിക്കുന്നു. അനുതാപത്തിനും ആത്മവിശുദ്ധീകരണത്തിനും സഹായിക്കുന്ന ഭക്താനുഷ്ഠാനമായും, ചില പ്രത്യേക ദൗത്യങ്ങൾ സ്വീകരിക്കുന്നതിനുള്ള ഒരുക്കമായും ഭക്ഷണപദാർത്ഥങ്ങൾ ഉപേക്ഷിച്ചു

കൊണ്ട് ത്യാഗപൂർവ്വമായ ജീവിതശൈലി സ്വീകരിക്കുന്നതാണ് സാധാരണയായി ഉപവാസത്തിന്റെ ഉൾപ്പൊരുൾ. മാനസികവും ശാരീരികവും ആത്മീയവുമായ സമഗ്രവളർച്ചയ്ക്ക് തികച്ചും ഫല പ്രദമായ ഈ അനുഷ്ഠാനം യഹൂദമതദർശനത്തിലും വേദപു സ്തകത്തിലും വേരൂന്നി നിൽക്കുന്നതാണ്.

നാല്പതു ദിനരാത്രങ്ങൾ സീനായ് മലമുകളിൽ പ്രാർത്ഥ നയിലും ഉപവാസത്തിലും ചിലവഴിച്ച മോശയും (പുറ. 24:18) ദൈവഹിതാനുസാരം ഭക്ഷണം ഉപേക്ഷിച്ച് നാല്പതു ദിവസ ങ്ങൾ മരുഭൂമിയിലൂടെ യാത്രചെയ്ത് ഹോറെബ് മലയിലെത്തി ദൈവസാന്നിദ്ധ്യത്തിൽ ജ്വലിച്ച് പുതിയ മനുഷ്യനായി രൂപാന്ത രപ്പെടുന്ന ഏലിയാ പ്രവാചകനും (1 രാജാ 19:8-10) നോമ്പാച രണത്തിന്റെ ഉത്തമമാതൃകകളാണ്. ലേവ്യരുടെ പുസ്തകത്തിൽ കാണുന്ന പാപപ്പരിഹാര ദിനത്തിൽ ഉപവസിക്കണമെന്ന കല്പ നയുടെ (ലേവ്യ. 16:29) തുടർച്ചയായി തോബിയാസിന്റെ പുസ്തകം ഉപവാസം, ദാനധർമ്മം, നീതി എന്നിവയോടുകൂ ടിയ പ്രാർത്ഥനയെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. സ്വയം മനസ്സി ലാക്കാനും സഹോദരങ്ങളോട് സ്നേഹവും നീതിയും പുലർത്താനുമുള്ള അവസരമായിട്ടാണ് ഏശയ്യാപ്രവാചകൻ ഉപ വാസത്തെ അവതരിപ്പിക്കുന്നത് (ഏശ. 58:1-11).

ഉപവാസത്തിന്റെയും നോമ്പാചരണത്തിന്റെയും ഏറ്റവും പൂർണ്ണതയുള്ള മാതൃകയും പ്രബോധനവും മിശിഹായിൽ ആണ് നമ്മൾ ദർശിക്കുന്നത്. തന്റെ ദൗത്യനിർവ്വഹണത്തിനൊരുക്ക മായി നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ചുകൊണ്ട് പിതാവിനൊപ്പമായിരുന്നു ഈശോ (മത്താ 4:1-11)! മാമ്മോദീസാ വേളയിൽ ഈശോയുടെമേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവു തന്നെയാണ് ഈശോയെ മരുഭൂമിയിലേക്കു നയിക്കുന്നത്. പിതാവു തന്നെ ഏൽപ്പിച്ച ദൗത്യനിർവ്വഹണത്തിന് വിഘാത മായി നിൽക്കുന്ന സാത്താന്റെ പ്രലോഭനങ്ങളെ വചനം ഉപ യോഗിച്ച് പരാജയപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു. അതാണ് മിശിഹാ തന്റെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും

നിർവ്വഹിക്കുന്നത്. ഈ മാർഗ്ഗം തന്നെയാണ് മിശിഹായുടെ ശരീരവും തുടർച്ചയുമായ തിരുസ്സഭയും അവളുടെ ദൗത്യനിർവ്വഹണത്തിന് സ്വീകരിച്ചിട്ടുള്ളത്.

ദൈവനിയോഗങ്ങളിൽ നിന്നും ശരിയായ ദൗത്യനിർവ്വഹണത്തിൽ നിന്നും ഒരുവനെ വ്യതിചലിപ്പിക്കുന്ന, അപ്പത്തിനും അംഗീകാരത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള ആസക്തികളിൽ നിന്നുള്ള മോചനമാണ് മരുഭൂമിയിലെ പരീക്ഷണവിജയത്തിലൂടെ ഈശോ നിർവ്വഹിക്കുന്നത്. അപ്പവും അംഗീകാരവും സമ്പത്തുമെല്ലാം മനുഷ്യന്റെ സ്വാഭാവികാവശ്യങ്ങളാണ്. എന്നാൽ അവയൊക്കെ ആസക്തികളാകുമ്പോൾ അധാർമ്മികമായിത്തീരുന്നു. സ്വാർത്ഥമോഹങ്ങളിൽ ദൈവവും സഹോദരങ്ങളും അവഗണിക്കപ്പെടുന്നു. സ്നേഹത്തിന്റെ അടിസ്ഥാന പ്രമാണം തിരസ്കൃതമാകുന്നുവെന്നതാണ് ഇതിലുള്ള വലിയ അപകടം. നമ്മുടെയെല്ലാം ജീവിതവഴികളിൽ തടസ്സം നിൽക്കുന്ന ഇത്തരം അടിസ്ഥാന ആസക്തികളോട് നമ്മൾ ദൈവാത്മാവിൽ നിറഞ്ഞ് ദൈവവചനമാകുന്ന വാൾ ഉപയോഗിച്ച് യുദ്ധം ചെയ്തു വിജയിക്കേണ്ടത് ആവശ്യമാണ്.

പൂഴിയിൽ നിന്നും സൃഷ്ടിക്കപ്പെട്ട ആദ്യമനുഷ്യനായ ആദം ദൈവഹിതത്തിനു പുറം തിരിഞ്ഞ് അപ്പത്തിന്റെ (പഴം) പ്രലോഭനത്തിന് കീഴടങ്ങി ദൈവസന്നിധിയിൽ നിന്നു പുറത്താക്കപ്പെട്ടു. പാപത്തിന്റെ ശമ്പളമായ നിത്യമരണത്തിന് അയാൾ വിധേയനും കാരണക്കാരനുമായി. എന്നാൽ സൃഷ്ടിയല്ലാത്തവനും ദൈവപുത്രനുമായ മിശിഹായെന്ന രണ്ടാമത്തെ ആദം, കുരിശിന്റെ വഴിയിലൂടെ സ്വയം അപ്പമായിത്തീർന്ന് രക്ഷയും ജീവനും നമുക്കു നൽകി. പാപത്തിന്റെ ഫലം നൽകിയ പറുദീസായിലെ മരവും രക്ഷയുടെ ഫലം നൽകിയ കാൽവരിയിലെ കുരിശുമരവും ചേർത്തു ധ്യാനിക്കുന്ന സഭാപിതാവായ മാർ അപ്രേമിന്റെ ദർശനങ്ങളുടെ വെളിച്ചം നോമ്പിന്റെ ചൈതന്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. സ്വാർത്ഥം വെടിഞ്ഞ് സംശുദ്ധ സ്നേഹത്തിലുൾച്ചേരുന്ന ത്യാഗത്തിന്റെ/കുരിശിന്റെ

വഴിയിലൂടെ സഞ്ചരിക്കുമ്പോൾ പ്രലോഭനങ്ങളെ അതിജീവിച്ചു ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനും യഥാർത്ഥ സന്തോഷം അനുഭവിക്കാനും നമുക്കു കഴിയും. ഫ്രാൻസിസ് മാർപാപ്പ 'സുവി ശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധ നത്തിൽ കുറിച്ചു : "മിശിഹായുടെ കുരിശ്, മഹത്വപൂർണ്ണമായി പ്രശോഭിക്കുന്ന സുവിശേഷം നമ്മെ നിരന്തരം സന്തോഷത്തി ലേക്ക് നയിക്കുന്നു" (*EG No. 5*).

പ്രിയപ്പെട്ടവരേ, ഈ നോമ്പുകാലം നമ്മെ സ്നേഹത്തി ലൂന്നിയ ജീവിതപരിവർത്തനത്തിലേക്കും സുവിശേഷത്തിന്റെ ആനന്ദത്തിലേക്കും നയിക്കുന്നതാകണം. ഫ്രാൻസിസ് മാർപാപ്പ എഴുതുന്നു: "വലിയ പീഡകൾ സഹിക്കേണ്ടിവരുന്ന വ്യക്തി കൾ ദുഃഖാധീനരാകുന്നത് എനിക്കു മനസ്സിലാകും. എന്നാലും ഏറ്റവും കഷ്ടം നിറഞ്ഞ അവസ്ഥകളിലും പ്രശാന്തവും എന്നാൽ ദൃഢവുമായ ആത്മധൈര്യമായി വിശ്വാസത്തിന്റെ സന്തോഷം നമ്മിൽ പുനർജീവിക്കാൻ ക്രമേണ അനുവദിക്ക ണം" (*EG No. 6*). ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തി ലുമുള്ള വളർച്ചയായിരിക്കണം നമ്മുടെ നോമ്പാചരണത്തിന്റെ ഹൃദയവും അതിന്റെ ലക്ഷ്യവും. ആരോടെങ്കിലും ശത്രുതയു ണ്ടെങ്കിൽ പരസ്പരം ക്ഷമിച്ച് ഉദാരമായി സ്നേഹിക്കാൻ നമുക്കു കഴിയട്ടെ. മിശിഹായെ അവിടുത്തെ ശരീരമായ സഭയിലൂടെ കണ്ടുമുട്ടി അനുഭവിച്ചറിയുമ്പോഴാണ് ഇതു സാധ്യമാകുന്നത്. ബെനഡിക്ട് 16-ാമൻ മാർപാപ്പാ തന്റെ ചാക്രികലേഖനത്തിൽ എഴുതി : "ക്രിസ്ത്യാനിയായിരിക്കുകയെന്നത് ധാർമ്മികമായ ഒരു തെരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ജീവിതത്തിന് പുതിയ ചക്രവാളവും നിർണ്ണായക നിർദ്ദേശവും നൽകുന്ന ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലിന്റെ ഫലമാണ്" (*Deus Caritas Est 1*).

ഉപവാസവും പ്രാർത്ഥനയും ഉപവിപ്രവർത്തനങ്ങളും ഒരു മിച്ചു നീങ്ങേണ്ടവയാണെന്ന് സുവിശേഷം നമ്മെ പഠിപ്പിക്കു ന്നു. നോമ്പുനാളുകളിൽ കൂടുതൽ പ്രാർത്ഥിക്കുവാനും പരിത്യാ

ഗപ്രവർത്തികൾ അനുഷ്ഠിക്കുവാനും ഉള്ളതിൽ നിന്ന് സഹോദരങ്ങളുമായി ഉത്സാഹപൂർവ്വം പങ്കുവയ്ക്കുവാനും നമുക്കു കഴിയണം. ഇഷ്ടഭോജ്യങ്ങൾ ഉപേക്ഷിക്കുന്നതോടൊപ്പം കണ്ണിനും കാതിനും ഇമ്പം നൽകുന്ന ആസ്വാദ്യതകളും പരിത്യജിക്കുന്നത് തികച്ചും അനുഗ്രഹപ്രദമാണ്. വിനോദചാനലുകളും സോഷ്യൽ മീഡിയയുടെ അധിക ഉപയോഗവും ത്യജിക്കുന്നത് നോമ്പുകാലപരിത്യാഗങ്ങളുടെ ഭാഗമാക്കാൻ വേണ്ടവിധം ശ്രദ്ധിക്കുമല്ലോ. ഞായറാഴ്ചകളിലൊതുക്കാതെ ഇടദിവസങ്ങളിലും പരിശുദ്ധ കുർബാനയിൽ പങ്കുചേരാനും കുടുംബപ്രാർത്ഥനകൾ കൂടുതൽ സജീവമാക്കാനും എല്ലാവരും പരിശ്രമിക്കണം. ദൈവവചനം കൂടുതൽ സ്നേഹപൂർവ്വം വായിച്ചു ധ്യാനിക്കുവാൻ നമുക്കു കഴിയുമ്പോൾ പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ശക്തി നമുക്കു ലഭിക്കുമെന്നത് തീർച്ചയാണ്.

നമുക്കു ചുറ്റിലും വേദനിക്കുന്നവരോടും സഹായമർഹിക്കുന്നവരോടുമുള്ള കരുതലും ശ്രദ്ധയും നോമ്പുകാലചൈതന്യമാണ്. അപരന്റെ ആവശ്യങ്ങളറിഞ്ഞു ത്യാഗപൂർവ്വം സഹായിക്കുമ്പോഴാണല്ലോ നാമൊക്കെ യഥാർത്ഥ അയൽക്കാരനാകുന്നത് (ലൂക്കാ. 10:36-37). പങ്കുവയ്ക്കുന്ന ജീവിതശൈലി കുടുംബത്തിലാണ് ആദ്യം ആരംഭിക്കേണ്ടതും പരിശീലിക്കേണ്ടതുമെന്നത് പ്രാധാന്യമർഹിക്കുന്നു. പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും ജീവിതപാഠങ്ങൾ കുട്ടികൾക്ക് കുടുംബവേദിയിൽ പകർന്നു നൽകാൻ മാതാപിതാക്കന്മാർക്ക് വലിയ കടമയുണ്ട്. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് വിശ്വാസത്തിലും ധാർമ്മികതയിലും മുന്നേറുവാൻ, ജീവിതവിജയം വരിക്കാൻ ഇവയെല്ലാം ആവശ്യമാണ്.

സമൂഹമാധ്യമങ്ങൾ ധാരാളം നന്മ ചെയ്യാൻ പ്രാപ്തമായ സങ്കേതങ്ങളാണെന്നതു ശരിതന്നെ. എന്നാൽ ഇവയുടെ ദുരുപയോഗത്തിലൂടെ വലിയ കെണികളിലകപ്പെട്ടുപോകുന്നവരുടെ എണ്ണം കൂടിവരുന്നു. ഈ ഗുരുതരാവസ്ഥ ഗൗരവമായി കണ്ട് നമ്മൾ ഒരുമിച്ച് ശ്രമിക്കേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്.

ആധുനിക വിവരസാങ്കേതിക വിദ്യകൾ ക്രിയാത്മകമായി ഉപയോഗിച്ച് സുവിശേഷവത്ക്കരണം നടത്തുവാൻ ഈ നോമ്പുകാലത്ത് എല്ലാ സഭാമക്കളും തീക്ഷ്ണമായി പരിശ്രമിക്കണം. മിശിഹായുടെ മണവാട്ടിയും ശരീരവുമായ തിരുസഭയെ സ്വന്തം അമ്മയായി കണ്ടു സ്നേഹിക്കാൻ നമുക്കു സാധിക്കട്ടെ.

ദൈവനിയോഗത്താൽ രൂപതയുടെ സാരഥ്യം ഏറ്റെടുത്തിരിക്കുന്ന ഞാൻ നിങ്ങളുടെയെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും വേണ്ടി ഞാൻ സ്നേഹപൂർവ്വം പ്രാർത്ഥിക്കുന്നുണ്ട്. കഴിഞ്ഞ 19 വർഷങ്ങൾ നമ്മുടെ രൂപതയ്ക്ക് വളരെ സ്തുത്യർഹമായ സാരഥ്യം നൽകി പടിയിറങ്ങിയ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ നമുക്ക് നന്ദിപൂർവ്വം ഓർക്കാം. പിതാവിനെ നമ്മുടെ പ്രാർത്ഥനകളിൽ എന്നും സ്മരിക്കാം. കർത്താവിന്റെ സഭയിൽ ഒരുമയോടെ, നമ്മുടെ രൂപതയുടെയും നാടിന്റെയും സമഗ്രവളർച്ച ലക്ഷ്യം വച്ച് നമുക്കു മുമ്പോട്ടു നീങ്ങാം. അസാദ്ധ്യതകളിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ എപ്പോഴും നയിക്കുമെന്ന് ഉറപ്പായി വിശ്വസിക്കാം. നോമ്പുകാലത്തിന്റെ ചൈതന്യവും സമാഗതമാകുന്ന ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

മിശിഹായിൽ വാത്സല്യപൂർവ്വം,

കാഞ്ഞിരപ്പള്ളി
24.02.2020

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

---

NB : ഈ ഇടയലേഖനം 2020 മാർച്ച് 1-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

Ref: 3254/K-5/KCBC/OL/DS

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചയ്ക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത്

പ്രകൃത്യാ അഥവാ സ്വാഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികംപേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത്

മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാ ഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചാ യത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാത യോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോ ഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തു കളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചു കൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാ ക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാ ലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാ മെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നു വന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തി ന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണ കൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദപരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതു പോലെ, “മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്”. രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശത മാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡി ക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടു ള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശത മാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവി ഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ

നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ - നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്ന ങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജ്ജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നില പാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുക യെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവു മായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്ക ങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബു

കൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യതിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. "മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ.ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം. കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യ

വിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)
**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)
**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682025

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

# കച്ചേരിക്കാര്യം

## 1. മാസധ്യാനവും വൈദികസമ്മേളനവും

2020 മാർച്ച് 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീദ്രൽ ദൈവാലയത്തിൽ വച്ച് വൈദികരുടെ സംയുക്ത മാസധ്യാനവും തുടർന്ന് പാസ്റ്ററൽ സെന്ററിൽ വച്ച് വൈദി കസമ്മേളനവും നടത്തുന്നതാണ്. എല്ലാ വൈദികരും മാസധ്യാന ത്തിലും വൈദികസമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ട താണ്.

## 2. മദ്യവിരുദ്ധ ഞായർ - മാർച്ച് 8

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി മാർച്ച് 8 മദ്യവിരുദ്ധ ഞായ റായി ആചരിക്കുകയാണ്. അന്നേദിവസം വി. കുർബാനമദ്ധ്യേ എടു ക്കുന്ന പ്രത്യേകപിരിവ് മദ്യവിരുദ്ധപ്രവർത്തനങ്ങൾക്കുള്ളതാണ്. ലഭി ക്കുന്ന തുക മദ്യവിരുദ്ധസമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കു കയോ രൂപതയിലെ ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യുമല്ലോ.

## 3. ദൈവവിളി ക്യാമ്പ്

കാഞ്ഞിരപ്പള്ളി രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദികരാകുവാൻ ആഗ്രഹിക്കുന്ന ശുശ്രൂഷാപൗരോഹിത്യത്തോട് ആഭിമുഖ്യം പുലർത്തുന്ന പത്ത്, പ്ലസ് ടു, ഡിഗ്രി ക്ലാസുകളിൽ പരീക്ഷയെഴുതിയവരും യോഗ്യരുമായ കുട്ടികൾക്കുവേണ്ടി നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് ഏപ്രിൽ മാസം 6, 7, 8 തീയതിക ളിൽ നടത്തപ്പെടുന്ന ദൈവവിളി ക്യാമ്പിലേക്ക് അർഹരായവരെ സാക്ഷ്യപത്രം നൽകി പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ച ന്മാർ ഉത്സാഹിക്കുമല്ലോ. ദൈവവിളി ക്യാമ്പ് ഏപ്രിൽ 6-ാം തീയതി വൈകിട്ട് 4 മണിക്ക് ആരംഭിച്ച് 8-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്.

## 5. Transfer and Appointments

**Appointments**

| | | |
|---|---|---|
| V. Rev. Fr. Pazheparampil Augustine | - | Protosyncellus |
| V. Rev. Msgr. Alunkel George | - | Syncellus |
| V. Rev. Fr. Thamarassery Kurian | - | Syncellus |

**A. Vicars**

**Rev. Frs.**

| | | |
|---|---|---|
| Mandapathil George | - | Anakkara |
| Poochalil Mathew | - | Peruthennaruvi |
| Mundattu Thomas | - | Nirmalagiri |
| Vayalumkal Reji Mathew | - | Puttady |
| Porunnolil John | - | Anakkara (Co-vicar) |
| Kaippenplackal Jacob | - | Edamon |
| Thekkevayalil Joseph | - | Elapara |
| Kizhakkethakidiyil James | - | Vechoochira |
| Ambazhathinal Kuriakose | - | Ranni |
| Kakkallil Varghese | - | Vandenmedu |
| Kurusummoottil Mathew | - | Mangapara |
| Kappiyankal Thomas | - | Maduka |
| Kollamparampil James | - | Angelvalley |
| Chennakattukunnel Antony | - | Chamampathal |
| Kizhakkevelickakath Devasia | - | Ramakelmettu, Chottupara |
| Kizhakkel Peter | - | Saniyasiyoda |
| Parackal Varghese | - | Perunnadu, Bethanimala |
| Kumbukattu Sebastian | - | Alampally |

**B. Assistant Vicars**

**Rev. Frs.**

| | | |
|---|---|---|
| Kuzhikattu George | - | Velichiyany |
| Kalackkal Varghese | - | Koruthodu |
| Kochuparampil Joseph | - | Cathedral |
| Keeranchira Karlos | - | Kattappana |
| Kattupalathu Mathew (Eparchy of Idukki) | - | Vellaramkunnu |
| Kadavil Joseph MCBS | - | Thamarakunnu |
| Kuttikattu Martin OSB | - | Koovapally |
| Chalackal Paul CMI | - | Chengalam |

| | | |
|---|---|---|
| Valliparambil George CMI | - | Kollamula |
| Thengumpally Thomas CMI | - | Kanchiyar |

**C. Other Appointments**

| | | |
|---|---|---|
| Ambazhathinal Kuriakose | - | Manager, Citadel School, Ranni |
| Pullenthinal George | - | Principal, Holy Family School, Elangoi (additional) |
| Kakkallil Varghese | - | Manager, Santhome Estate, Vandenmedu (additional) |
| Thekkel Thomas | - | Joint Director, DARE Peermade, Director, Sarathy and KLM |
| Pullolickal Stanislaus | - | Director, Department of Pastoral Animation |
| Ullattu Sebastian | - | Hostel Warden, Marian College, Kuttikanam |
| Theruvankunnel George | - | Asst. Director, Boys' Hostel Amaljyothi College, Koovapally |
| Pannalakunnel Joseph | - | Procurator, Mary Matha Minor Seminary, Podimattam |
| Marutholil Joseph | - | Hostel Warden, Citadel School, Ranni |
| Kizhakkevelikakathu Devasia | - | Forane Director, CML, Mundiyeruma |
| Kuzhikkattu George | - | Forane Director, CML, Velichiyani |
| Muthukunnel Cyril | - | Forane Director, CML, Erumely |
| Kaniamnadackal Varghese | - | Forane Director, CML, Kumily |
| Keeranchira Karlos | - | Forane Director, CML, Kattappana |
| Kuzhikkattu George | - | Forane Director, SMYM, Velichiyani |
| Kaiyaniyil Mathew | - | Forane Director, SMYM, Kumily |
| Muthukunnel Cyril | - | Forane Director, SMYM, Erumely |
| Kalakkal Varghese | - | Forane Director, SMYM, Mundakayam |
| Kochuparampil Joseph | - | Forane Director, SMYM, Kanjirapally |
| Mankamthanam Emmanuel (Jr.) | - | Forane Director, Family Apostolate, Upputhara |
| Kizhakkevelikakathu Devasia | - | Forane Director, Family Apostolate, Mundiyeruma |
| Parackal Varghese | - | Forane Director, Family Apostolate, Ranni |

| | | |
|---|---|---|
| Kottukappilly George OSB | - | Forane Director, Family Apostolate, Ponkunnam |

**D. Relieved**

| | | |
|---|---|---|
| Vayalumkal Reji Mathew | - | Manager, Citadel School, Ranni |
| Ambazhathinal Kuriakose | - | Director, Department of Pastoral Animation |
| Kappiyankal Thomas | - | Principal, Holy Family School, Elangoi |
| Thekkel Thomas | - | Vicar, Ramakelmettu, Chottupara |
| Pullolickal Stanislaus | - | Asst. Vicar, Kollamula |
| Ullattu Sebastian | - | Vicar, Alampally |
| Theruvankunnel George | - | Vicar, Perunnadu,Bethanimala, Peruthennaruvi |
| Pannalakunnel Joseph | - | Vicar, Elappara |
| Marutholil Joseph | - | Asst. Vicar, Vellaramkunnu |
| Thekkel Thomas | - | Forane Director, CML, Mundiyeruma |
| Kariyil Thomas MCBS | - | Forane Director, CML, Velichiyani |
| Kaniamnadackal Varghese | - | Forane Director, CML, Erumely |
| Muthukunnel Cyril | - | Forane Director, CML, Kumily |
| Kumbukkattu Sebastian | - | Forane Director, CML, Kattappana |
| Kochutharayil Philip VC | - | Forane Director, SMYM, Velichiyani |
| Marutholil Joseph | - | Forane Director, SMYM, Kumily |
| Kizhakkel Peter | - | Forane Director, SMYM, Erumely |
| Kalakkal Varghese | - | Forane Director, SMYM, Kanjirapally |
| Ullattu Sebastian (Jr.) | - | Forane Director, Family Apostolate, Upputhara |
| Theruvankunnel George | - | Forane Director, Family Apostolate, Ranni |
| Kakkallil Varghese | - | Forane Director, Family Apostolate, Mundiyeruma |
| Kochuparampil Joseph | - | Forane Director, Family Apostolate, Ponkunnam |

**Mar Jose Pulickal**
Bishop of Kanjirapally
Pastoral Centre, P.B. NO. 22,
Kanjirapally – 686 507. Kottayam Dt. Kerala, India
Tel: +91 4828 203956, Fax: +91 4828 206022, 204491
Email: josepulickal1964@gmail.com
web: www.kanjirapallydiocese.com

കല്പന നമ്പർ 127/20

## വിജ്ഞാപനം

എന്റെ മുൻഗാമി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ നിയമാനുസൃതം രൂപീകരിച്ച 8-ാമത് വൈദികസമിതിയുടെ (പ്രിസ്ബിറ്ററൽ കൗൺസിൽ) കാലാവധി അഭിവന്ദ്യ പിതാവ് വിരമിച്ചതോടെ അവസാനിക്കുന്നതാണെങ്കിലും ഈ കൗൺസിലിന്റെ കാലാവധി അഞ്ചുവർഷം തീരുന്നതുവരെ (2017-2022)വരെ ഇതിനാൽ നീട്ടി നല്കുന്നു. എക്സ് ഒഫീഷ്യോ പ്രകാരം അംഗങ്ങളായവർ തൽസ്ഥാനത്ത് തുടരുന്നുണ്ടെങ്കിൽ അവരുടെ അംഗത്വം നിലനില്ക്കുന്നതാണ്. അല്ലെങ്കിൽ പുതിയ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആ സ്ഥാനത്ത് പുതിയതായി അംഗങ്ങളായിക്കും.

ഇതിനു വിരുദ്ധമായതൊന്നും നിലനിൽക്കുന്നതല്ല.

കാഞ്ഞിരപ്പള്ളി രൂപതാ കച്ചേരിയിൽനിന്നും 2020 ഫെബ്രുവരി മാസം 24-ാം തീയതി നൽകിയത്.

THE EPARCHIAL CURIA ★ KANJIRAPALLY-KERALA ★

MAR JOSE PULICKAL BISHOP OF KANJIRAPALLY

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

ഫാ. കുര്യൻ താമരശ്ശേരി
ചാൻസലർ

**Mar Jose Pulickal**
Bishop of Kanjirapally
Pastoral Centre, P.B. NO. 22,
Kanjirapally – 686 507. Kottayam Dt. Kerala, India
Tel: +91 4828 203956, Fax: +91 4828 206022, 204491
Email: josepulickal1964@gmail.com
web: www.kanjirapallydiocese.com

കല്പന നമ്പർ 126/20

## വിജ്ഞാപനം

എന്റെ മുൻഗാമി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ നിയാനുസൃതം രൂപീകരിച്ച 11-ാമത് പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി അഭിവന്ദ്യ പിതാവ് വിരമിച്ചതോടെ അവസാനിക്കുന്നതാണെങ്കിലും ഈ കൗൺസിലിന്റെ കാലാവധി മൂന്നുവർഷം തീരുന്നതുവരെ (2018-2021) വരെ ഇതിനാൽ നീട്ടി നല്കുന്നു. എക്സ് ഒഫീഷ്യോ പ്രകാരം അംഗങ്ങളായവർ തൽസ്ഥാനത്ത് തുടരുന്നുണ്ടെങ്കിൽ അവരുടെ അംഗത്വം നിലനില്ക്കുന്നതാണ്. അല്ലെങ്കിൽപുതിയ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആ സ്ഥാനത്ത് പുതിയതായി അംഗങ്ങളായിക്കും.

ഇതിനു വിരുദ്ധമായതൊന്നും നിലനിൽക്കുന്നതല്ല.

കാഞ്ഞിരപ്പള്ളി രൂപതാ കച്ചേരിയിൽനിന്നും 2020 ഫെബ്രുവരി മാസം 24-ാം തീയതി നൽകിയത്.

THE EPARCHIAL CURIA ★ KANJIRAPALLY-KERALA ★

MAR JOSE PULICKAL BISHOP OF KANJIRAPALLY
SALT OF THE EARTH
LIGHT OF THE WORLD

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

ഫാ. കുര്യൻ താമരശ്ശേരി
ചാൻസലർ

## പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ: മിശിഹാനുഭവം പങ്കുവയ്ക്കുന്നവൻ

### (തിരുവചനഭാഗം: ശ്ലീഹ 26,1-32)

രണ്ടു ഭരണാധിപന്മാരും ഭരണചക്രം തിരിക്കുവാൻ കഴിവുള്ള ഒരു പ്രമുഖ വനിതയും സൈനികമേധാവികളും പ്രമുഖ ജനനേതാക്കളും കൂടിയിരുന്ന ഒരു മഹാസദസ്സിൽ പൗലോസ്ശ്ലീഹാ ചെയ്ത ഒരു പ്രസംഗമാണ് ഈ അദ്ധ്യായത്തിലെ വിഷയം. തന്നെക്കുറിച്ചുള്ള യഹൂദരുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അതോടൊപ്പം മാനസാന്തരാനുഭവത്തിലൂടെ തനിക്കു ലഭിച്ച ദൈവവിളിയുടെ സ്വഭാവം അവർക്കു കൂടുതൽ മനസ്സിലാക്കിക്കൊടുക്കുവാൻ പൗലോസ് ശ്രമിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം ഇപ്രകാരം വിഭജിക്കാം:

1. പൂർവ്വികരുടെ വിശ്വാസത്തിന്റെ പേരിൽ പൗലോസ് പീഡിപ്പിക്കപ്പെടുന്നു (26,1-8)
2. പൗലോസ് ക്രിസ്ത്യാനികളെ പീഡിപ്പിച്ചവൻ (26,9-11)
3. ഡമാസ്കസ് യാത്രയിലെ ദൈവാനുഭവം (26,12-18)
4. ദൈവാനുഭവത്തിലൂടെ ലഭിച്ച വിളിയും ദൗത്യവും (26,19-23)
5. പൗലോസിന്റെ നിഷ്കളങ്കത ബോധ്യപ്പെടുന്നു (26,24-32)

ജീവിതാനുഭവങ്ങളിൽ ദൈവാനുഭവം കണ്ടെത്തണമെന്നും, അപ്രകാരം ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിയും ദൈവഹിതത്തോടു വിശ്വസ്തത പുലർത്തിയും ജീവിക്കണമെന്നും ഈ

വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. മിശിഹാനുഭവമാണ് പുരോഹിതന്റെ ജീവിതത്തിൽ നിർണ്ണായകമായിത്തീരുന്നതെന്നും ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നു.

## 1. പുരോഹിതൻ: വിശ്വാസപാരമ്പര്യത്തോടു വിശ്വസ്തത പുലർത്തുന്നവൻ

*"ഞാൻ ഞങ്ങളുടെ മതത്തിലെ ഏറ്റവും കർക്കശവിഭാഗത്തിൽപ്പെട്ട ഫരിസേയനായിട്ടാണ് വളർന്നതെന്നും വളരെക്കാലമായി അവർക്കറിവുള്ളതാണ്; മനസ്സുണ്ടെങ്കിൽ അതു സാക്ഷ്യപ്പെടുത്താനും അവർക്കു സാധിക്കും. ഇപ്പോൾ ഞാൻ ഇവിടെ പ്രതിക്കൂട്ടിൽ നില്ക്കുന്നതാകട്ടെ, ഞങ്ങളുടെ പിതാക്കന്മാരോടു ദൈവം ചെയ്ത വാഗ്ദാനത്തിൽ ഞാൻ പ്രത്യാശ വച്ചതുകൊണ്ടാണ്. ഞങ്ങളുടെ പന്ത്രണ്ടുഗോത്രങ്ങളും രാത്രിയും പകലും തീക്ഷ്ണതയോടെ ആരാധന അർപ്പിച്ചുകൊണ്ട് ഈ വാഗ്ദാനം പ്രാപിക്കാമെന്നു പ്രത്യാശിക്കുന്നു. അല്ലയോ രാജാവേ, അതേ പ്രത്യാശതന്നെയാണ് എന്റെമേൽ കുറ്റമാരോപിക്കുന്നതിനു യഹൂദർക്കു കാരണമായിരിക്കുന്നതും"* (26,5-7).

രാജാവിനോടു സംസാരിക്കുവാൻ അനുവദിച്ചതിൽ അദ്ദേഹത്തിനു നന്ദി പറഞ്ഞുകൊണ്ടും, യഹൂദനായ രാജാവിന് തന്നെ മനസ്സിലാക്കുവാൻ എളുപ്പം സാധിക്കുമെന്നതിൽ സന്തോഷമുണ്ടെന്നും പറഞ്ഞ് പൗലോസ് പ്രസംഗം ആരംഭിക്കുന്നു. താൻ യഹൂദമതത്തിലെ കർക്കശവിഭാഗത്തിൽപ്പെട്ട ഫരിസേയനാണെന്നും (26,5), ഇപ്പോൾ പ്രതിക്കൂട്ടിൽ തന്നെ നിർത്തിയിരിക്കുന്നത് പിതാക്കന്മാരുടെ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള ഉയിർപ്പിൽ പ്രത്യാശ വച്ചതുകൊണ്ടാണെന്നും പ്രത്യേകം എടുത്തുപറയുന്നു. പഴയനിയമത്തിലെ പ്രവചനങ്ങളും വാഗ്ദാനങ്ങളുമാണ് മിശിഹായിലൂടെ പൂർത്തിയാകുന്നതെന്ന് പറഞ്ഞാണ് പൗലോസ് തന്റെ നിലപാടിനെ പലപ്പോഴും ന്യായീകരിക്കുന്നത് (ശ്ലീഹാ 23,6; 24,25; 28,20). അതുകൊണ്ട് യഥാർത്ഥ പ്രശ്നം, യഹൂദർ പഴയനിയമപ്രവാചകരിലും വാഗ്ദാനങ്ങളിലുമൊക്കെ വിശ്വസിക്കുന്നുണ്ടോ എന്നുള്ളതാണ്. അവർ ഇതു വിശ്വസിക്കുന്നുണ്ടെങ്കിൽ തന്നെ കുറ്റപ്പെടുത്താനാകില്ലെന്നാണ് പൗലോസ്ശ്ലീഹാ ഇവിടെ സമർത്ഥിക്കുന്നത്.

സഭ വിശ്വാസികളുടെ സമൂഹമാണ് (ശ്ലീഹാ 4,32). വിശ്വാസമെന്നു പറയുന്നത് പഴയനിയമത്തിലൂടെയും അവസാനം തന്റെ പുത്രനായ മിശിഹായിലൂടെയുമുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലിന് പ്രത്യുത്തരം നല്കുന്നതാണ്. ഇപ്രകാരം പ്രത്യുത്തരം നല്കിയവരുടെയും നല്കുന്നവരുടെയും വിശ്വാസമാണ് സഭയുടെ വിശ്വാസ പാരമ്പര്യം. ഈ വിശ്വാസപാരമ്പര്യം പഠിപ്പിക്കേണ്ടവനും അതിനനുസൃതമായി ജീവിക്കുവാൻ ജനങ്ങൾക്കു നേതൃത്വം നല്കേണ്ടവനുമാണ് സഭയിലെ പുരോഹിതൻ. അതുകൊണ്ട് പുരോഹിതൻ സഭയുടെ വിശ്വാസപാരമ്പര്യം സംരക്ഷിക്കേണ്ടവനും അത് അവികലമായി തലമുറകൾക്ക് കൈമാറേണ്ടവനുമാണ്. അതിനാൽത്തന്നെ പുരോഹിതൻ നിരന്തരമായി സഭയുടെ വിശ്വാസപാരമ്പര്യം പഠിക്കുന്നവനും അതു ജനങ്ങളെ പഠിപ്പിക്കുന്നവനും അതിനനുസൃതമായി ജീവിക്കുവാൻ അവരെ പരിശീലിപ്പിക്കുന്നവനുമാകണം. അപ്രകാരം പുരോഹിതൻ സർവ്വോപരി സഭയുടെ വിശ്വാസപാരമ്പര്യത്തോട് വിശ്വസ്തത പുലർത്തുന്നവനായിരിക്കണം.

### 2. പുരോഹിതൻ: വിശ്വാസവിരുദ്ധമായ നിലപാടുകൾക്കെതിരെ പോരാടുന്നവൻ

“*നസറായനായ ഈശോയുടെ നാമത്തിനു വിരുദ്ധമായി പലതും ചെയ്യേണ്ടതുണ്ട് എന്ന് ഒരിക്കൽ ഞാൻ ഉറച്ചു വിശ്വസിച്ചിരുന്നു. ജറുസലേമിൽ ഞാൻ അങ്ങനെ പ്രവർത്തിക്കുകയും ചെയ്തു. പുരോഹിതപ്രമുഖന്മാരിൽനിന്നു ലഭിച്ച അധികാരത്തോടെ വിശുദ്ധരിൽ പലരെയും ഞാൻ തടവിലാക്കുകയും അവരുടെ വധത്തെ അനുകൂലിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ പലപ്പോഴും എല്ലാ സിനഗോഗുകളിലും ചെന്ന് അവരെ പീഡിപ്പിച്ചുകൊണ്ട് വിശ്വാസത്യാഗത്തിനു നിർബന്ധിച്ചു. അവർക്കെതിരെ ജ്വലിക്കുന്ന കോപത്തോടെ മറ്റു നഗരങ്ങളിൽപ്പോലുംപോയി ഞാൻ അവരെ പീഡിപ്പിച്ചു.*” (26,9-11).

സഭയെ പീഡിപ്പിക്കുവാനുള്ള സാൻഹെദ്രീൻസംഘത്തിന്റെ തീരുമാനങ്ങളിൽ നിർണ്ണായമായ പങ്കുവഹിച്ചിരുന്നവനായിരിക്കണം സാവൂൾ നാമധാരിയായിരുന്ന പൗലോസ്. അല്ലെങ്കിൽ സാൻഹെദ്രീൻസംഘത്തിന്റെ സഭയ്ക്കെതിരായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തവനുമായിരിക്കാം. സ്തേഫാനോസിനെ വധിക്കുന്ന

തിലും സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നതിലും സാവൂളിന്റെ പങ്കാളിത്തത്തെക്കുറിച്ച് ശ്ലീഹ 8,1-3 ൽ വിവരിക്കുന്നുണ്ടല്ലോ. അതുകൊണ്ട് സാവൂൾ പൗലോസായി മാറിയതിന്റെ പിന്നിൽ പ്രവർത്തിച്ചത് മാനുഷികമായി വിവരിക്കാനോ മനസ്സിലാക്കാനോ സാധ്യമല്ല എന്ന് പൗലോസ് സമർത്ഥിക്കുകയാണ്. അത് ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽകൊണ്ടുമാത്രമാണ് സംഭവിച്ചത് എന്ന് തന്റെ എതിരാളികളെ ബോദ്ധ്യപ്പെടുത്തുവാൻ പൗലോസ് ശ്രമിക്കുകയാണ്.

വിശ്വാസവിരുദ്ധമായ നിലപാടുകൾക്കെതിരായി പ്രവർത്തിക്കുവാനുള്ള ഒരു കടമ പുരോഹിതർക്കുണ്ട്. വിശ്വാസികളുടെ സമൂഹത്തിനു നേതൃത്വം കൊടുക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ സഭയുടെ വിശ്വാസത്തിനു വിരുദ്ധവും അതിൽനിന്നും വിശ്വാസികളെ വ്യതിചലിപ്പിക്കുന്നവയുമായ സാഹചര്യങ്ങൾക്കെതിരായി ജാഗ്രത പുലർത്തണം. വിശ്വാസികളുടെ ജീവിതസാഹചര്യങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പഠിക്കുവാനും വിലയിരുത്തുവാനും സത്യവിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ അതിൽ ഉറച്ചുനില്ക്കുവാൻ സഹായകരമായ വിധത്തിൽ പ്രവർത്തിക്കുവാനും അജപാലകർക്കു കഴിയണം. അതുപോലെതന്നെ സഭയുടെ ആദ്ധ്യാത്മികത അതിന്റെ തനിമയിൽ ജീവിക്കുന്നതിനു തടസ്സമായി നില്ക്കുന്ന സഭാത്മകപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വിവേചനാത്മകമായ ബോധവൽക്കരണവും പ്രവർത്തനങ്ങളും ഇന്ന് ആവശ്യമായിരിക്കുന്നു. ഇന്നത്തെ നവീകരണസംരംഭങ്ങളെല്ലാം കേവലം വ്യക്തിഗതമായ ആത്മീയാനുഭവത്തിൽ ഒതുങ്ങിനില്ക്കുന്നു. ക്രിസ്തീയാദ്ധ്യാത്മികതയുടെ അവശ്യസ്വഭാവമായ സഭാത്മകമാനമില്ലാത്തതുകൊണ്ട് സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകാൻ അതു കാരണമായിത്തീരുന്നുണ്ട്. അതിനെതിരെയും പുരോഹിതൻ ജാഗ്രത പുലർത്തേണ്ടതുണ്ട്.

### 3. പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ കണ്ടുമുട്ടിയവൻ

"*അല്ലയോ രാജാവേ, മധ്യാഹ്നമായപ്പോൾ വഴിമധ്യേ, ആകാശത്തുനിന്നു സൂര്യപ്രഭയെ വെല്ലുന്ന ഒരു പ്രകാശം എന്റെയും സഹയാത്രികരുടെയും ചുറ്റും ജ്വലിക്കുന്നതു ഞാൻ കണ്ടു. ഞങ്ങൾ എല്ലാവരും നിലംപതിച്ചപ്പോൾ, ഹെബ്രായഭാഷയിൽ എന്നോടു പറയുന്ന*

*ഒരു സ്വരം ഞാൻ കേട്ടു. സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പി ക്കുന്നതെന്തുകൊണ്ട്? ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപ കടമാണ്. ഞാൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അവൻ പറഞ്ഞു: നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ*" (26,13-15).

പൗലോസ് തന്റെ മാനസാന്തരാനുഭവം വിവരിക്കുന്നു. പഴയ നിയമത്തിൽ പ്രവാചകന്മാർക്കു ലഭിച്ച ദൈവവിളിയുടെയും ദൗത്യ മേല്പിക്കലിന്റെയും സ്വഭാവമാണ് പൗലോസിന്റെ മാനസാന്തരാനു ഭവത്തിനുമുള്ളത് (എസ 2,1; ഏശ 42,6-7). ഈശോ മരിച്ചെങ്കിലും ജീവിക്കുന്നവനായിട്ടാണ് പൗലോസിനു പ്രത്യക്ഷപ്പെട്ടത്. ജീവിക്കു ന്നവനായ ദൈവം പ്രവാചകന്മാർക്കു പ്രത്യക്ഷപ്പെട്ട്, അവരെ തങ്ങ ളുടെ ദൗത്യം ഏല്പിക്കുന്നതുപോലെ, സഭയിൽ ജീവിക്കുന്നവനായ മിശിഹാ പ്രകാശത്തിലൂടെ തന്റെ സാന്നിദ്ധ്യവും വാക്കുകളിലൂടെ തന്റെ സ്വരവും അനുഭവവേദ്യമാക്കിക്കൊണ്ടാണ് പൗലോസിനെ വിളി ക്കുന്നതും തന്റെ ദൗത്യമേല്പിക്കുന്നതും. സാവൂൾ പീഡിപ്പിക്കുന്ന സഭയിൽ ജീവിക്കുന്ന മിശിഹായുടെ സാന്നിദ്ധ്യമാണ് പൗലോസിന നുഭവപ്പെട്ടത്. ആ മിശിഹായാണ് പൗലോസിനെ ദൗത്യമേല്പിക്കു ന്നത്. പൗലോസിനെ കേൾക്കുന്ന അഗ്രിപ്പായും ഫേസ്തൂസുമൊക്കെ മരിച്ചുപോയ മിശിഹായെക്കുറിച്ചു കേട്ടിട്ടുമാത്രമേയുള്ളൂ. എന്നാൽ പൗലോസ് ഇന്ന് സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുകയും കേൾക്കുകയും, അവിടുന്നുമായി സംഭാഷണം നടത്തുകയും ചെയ്തു. അവിടുന്നാണ് പൗലോസിനെ തന്റെ ശ്ലൈഹികദൗത്യം ഏല്പിക്കുന്നത്.

സഭാംഗങ്ങളായ ക്രിസ്ത്യാനികളും സഭാശുശ്രൂഷകരായ പുരോ ഹിതരും പലപ്പോഴും സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുന്ന തിലും കേൾക്കുന്നതിലും പരാജയപ്പെടുന്നുണ്ട്. രണ്ടായിരം വർഷ ങ്ങൾക്കുമുമ്പ് ജീവിച്ചു, മരിച്ച്, മൺമറഞ്ഞുപോയ മിശിഹായെയാണ് നമ്മൾ പലപ്പോഴും കേൾക്കുകയും കാണുകയും ചെയ്യുന്നത്. പക്ഷേ, മിശിഹാ ഇന്ന് സഭയിലാണ് ജീവിക്കുന്നതെന്ന വസ്തുത പലപ്പോഴും വിസ്മരിക്കപ്പെടുന്നു. സഭയുടെ കൂദാശകളിലും പ്രാർത്ഥനകളിലും ജീവിതത്തിലും സന്നിഹിതനാകുന്ന മിശിഹായെ കാണുന്നതിനും കേൾക്കുന്നതിനും നമുക്കു കഴിയണം. അപ്പോഴാണ് നമുക്കു ജീവി

ക്കുന്ന മിശിഹായെ കാണുവാനും അവിടുത്തെ വിളി കേൾക്കുവാനും സാധിക്കുക. സജീവമായി സഭയുടെ കൂദാശാജീവിതത്തിലും പ്രാർത്ഥ നാജീവിതത്തിലും ആദ്ധ്യാത്മികജീവിതത്തിലും പങ്കുചേർന്നാൽ മിശി ഹായിലൂടെയുള്ള നമ്മുടെ ദൈവവിളി കൂടുതൽ കേൾക്കുവാനും നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം അറിയുവാനും അപ്രകാരം ദൈവം നമ്മെ ഭരമേല്പിക്കുന്ന ദൗത്യം മനസ്സിലാക്കുവാനും അത് തീക്ഷ്ണതയോടെ നിർവഹിക്കുവാനും നമുക്കു കഴിയും.

**4. പുരോഹിതൻ: മാനസാന്തരവും വിശ്വാസവും പ്രഘോഷിക്കു ന്നവൻ**

*"നീ എഴുന്നേറ്റു നില്ക്കുക. ഇപ്പോൾ നീ എന്നെപ്പറ്റി കണ്ടതും ഇനി കാണാനിരിക്കുന്നതുമായവയ്ക്കു സാക്ഷിയും ശുശ്രൂഷകനു മായി നിന്നെ നിയമിക്കാനാണ് ഞാൻ നിനക്കു പ്രത്യക്ഷപ്പെട്ടിരിക്കു ന്നത്. നിന്നെ ഞാൻ നിന്റെ ജനത്തിൽനിന്നും വിജാതീയരിൽനിന്നും രക്ഷിച്ച് അവരുടെ അടുക്കലേക്ക് അയയ്ക്കുന്നു. അത് അവരുടെ കണ്ണുകൾ തുറപ്പിക്കാനും അതുവഴി അവർ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും സാത്താന്റെ ശക്തിയിൽനിന്നു ദൈവത്തിലേക്കും തിരിയാനും പാപമോചനം സ്വീകരിക്കാനും എന്നിലുള്ള വിശ്വാസം വഴി വിശുദ്ധീകരിക്കപ്പെട്ടവരുടെയിടയിൽ അവർക്കു സ്ഥാനം ലഭി ക്കാനുംവേണ്ടിയാണ്"* (26,16-18).

പൗലോസിനുണ്ടായ ഈ ദർശനത്തിൽ മിശിഹാ പൗലോ സിനെ തന്റെ ദൗത്യം ഏല്പിക്കുന്നു. അവിടുത്തെ സാക്ഷിയും ശുശ്രൂ ഷകനുമായിത്തീരണമെന്നാണ് മിശിഹാ പൗലോസിനോടു പറയു ന്നത്. പൗലോസിനെ ഭരമേല്പിക്കുന്ന ശുശ്രൂഷയുടെ സ്വഭാവവും ഇതോടൊപ്പം വ്യക്തമാക്കുന്നുണ്ട്. യഹൂദജനത്തിൽനിന്നും വിജാ തീയരിൽനിന്നും രക്ഷിച്ച് പൗലോസിനെ അവരുടെ പക്കലേക്ക് അയ യ്ക്കുന്നുവെന്നും, അത് അവരുടെ കണ്ണുകൾ തുറപ്പിക്കാനും അതു വഴി അവർ അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കും, സാത്താന്റെ ശക്തിയിൽനിന്നും ദൈവത്തിലേക്കും തിരിയാനും പാപ മോചനം സ്വീകരിക്കുവാനും വിശുദ്ധീകരിക്കപ്പെടുവാനുംവേണ്ടിയാ ണെന്നും വ്യക്തമാക്കുന്നുണ്ട് (26,18). ദൈവരാജ്യത്തിന്റെ സുവി ശേഷം പ്രഘോഷിക്കുക എന്നത് ഈശോയുടെ ദൗത്യംതന്നെയാ

യിരുന്നു (മർക്കോ 1,14-15). അതുതന്നെയാണ് ഈശോ ഉത്ഥാനശേഷം പന്ത്രണ്ടു ശ്ലീഹന്മാരെ ഏല്പിച്ചതും (മർക്കോ 16,15-16). ഈ സുവിശേഷപ്രഘോഷണമാണ് ഈശോ ഇപ്പോൾ പൗലോസിനെയും ഈ ദർശനത്തിലൂടെ ഏല്പിക്കുന്നത്.

പൗലോസ് തനിക്കുണ്ടായ ഈ ദർശനാനുഭവത്തോട് വേണ്ട വിധത്തിൽ പ്രത്യുത്തരിച്ചു എന്ന് തന്റെ എതിരാളികളെ ബോദ്ധ്യപ്പെടുത്തുകയാണ് (26,19-20). മാനസാന്തരവും വിശ്വാസവും പ്രഘോഷിക്കുന്നവനായിത്തീരുവാൻ പുരോഹിതനും ഇപ്രകാരമുള്ള ഒരു മാനസാന്തരാനുഭവത്തിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. മാനസാന്തരാനുഭവമാണ് പുരോഹിതനെ യഥാർത്ഥ സുവിശേഷപ്രഘോഷകനാക്കി മാറ്റുന്നത്. പാപത്തിന്റെ അന്ധകാരത്തിൽനിന്നും രക്ഷയുടെ പ്രകാശത്തിലേക്കുള്ള തിരിവ് അഥവാ മാനസാന്തരം പുരോഹിതനിൽത്തന്നെ സംഭവിച്ചെങ്കിലേ പുരോഹിതന് ശരിയായ സുവിശേഷപ്രഘോഷകനാകാൻ സാധിക്കുകയുള്ളു. അപ്രകാരം മാനസാന്തരാനുഭവത്തിലൂടെ സുവിശേഷപ്രഘോഷകരാകാൻ എല്ലാ പുരോഹിതരും വിളിക്കപ്പെട്ടിരിക്കുന്നു. ഈ മാനസാന്തരാനുഭവം പുരോഹിതൻ തന്റെ ബലിയർപ്പണത്തിലൂടെയും പ്രാർത്ഥനാനുഭവത്തിലൂടെയും വളർത്തിയെടുത്തെങ്കിലേ, മാനസാന്തരവും വിശ്വാസവും പ്രഘോഷിക്കുന്നവനാകാൻ പുരോഹിതന് കഴിയുകയുള്ളു.

### 5. പുരോഹിതൻ: നിലയ്ക്കാത്ത പ്രേഷിതതീക്ഷ്ണതയുള്ളവൻ

"*അഗ്രിപ്പാരാജാവേ, നീ പ്രവാചകന്മാരിൽവിശ്വസിക്കുന്നില്ലേ? ഉണ്ടെന്ന് എനിക്കറിയാം. അപ്പോൾ അഗ്രിപ്പാ പൗലോസിനോടു പറഞ്ഞു: എളുപ്പത്തിൽ എന്നെ ക്രിസ്ത്യാനിയാക്കാമെന്നാണോ? പൗലോസ് പറഞ്ഞു: എളുപ്പത്തിലോ അല്ലാതെയോ, നീ മാത്രമല്ല ഇന്ന് എന്റെ വാക്കു കേട്ടുകൊണ്ടിരിക്കുന്ന എല്ലാവരും, ഈ ചങ്ങലയുടെ കാര്യത്തിലൊഴികെ, എന്നെപ്പോലെ ആകണമെന്നാണ് ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നത്*" (26,27-29).

പൗലോസിന്റെ ന്യായവാദത്തിന്റെ അവസാനമായപ്പോൾ, പൗലോസിന് സുബോധം നഷ്ടപ്പെട്ടു, ഭ്രാന്താണ് എന്നു പറഞ്ഞുകൊണ്ട് ഫേസ്തൂസ് പ്രതികരിച്ചു. കുറ്റാരോപിതൻ, തന്നെപ്പറ്റിയുള്ള ആരോപണങ്ങൾ നിഷേധിച്ചു സംസാരിക്കുന്നതിനു പകരം തന്റെ മിശിഹാനുഭവത്തെക്കുറിച്ചും അത് തന്നിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ചും

തീക്ഷ്ണമായി സംസാരിക്കുന്നതു കേട്ടപ്പോൾ അത് ഒരു മാനസിക വികലതയായിട്ടാണ് ശ്രോതാക്കൾക്കു തോന്നിയത്. എന്നാൽ പൗലോസ് അതിനെ നിഷേധിച്ചുകൊണ്ട് അഗ്രിപ്പാരാജാവിനെത്തന്നെ മാനസാന്ത രപ്പെടുത്താൻ ശ്രമിക്കുകയാണ്. അദ്ദേഹത്തിന് തന്റെ ന്യായവാദങ്ങ ളെല്ലാം മനസ്സിലാക്കാനും അവയുടെ സത്യാവസ്ഥ അംഗീകരിക്കാനും സാധിക്കുമെന്നു പറഞ്ഞാണ് പൗലോസ് തന്റെ ന്യായവാദം സമാപി പ്പിക്കുന്നത്. തന്റെ ശ്രോതാക്കളിലും പ്രവർത്തിക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാനും അങ്ങനെ അവരെക്കൂടി മാന സാന്തരപ്പെടുത്തുവാനുമുള്ള പൗലോസിന്റെ തീക്ഷ്ണതയാണ് ഇവിടെ പ്രകടമാകുന്നത്.

ഏതെല്ലാം സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടിവന്നാലും പുരോഹിതൻ സുവിശേഷപ്രഘോഷണത്തിനുള്ള തീക്ഷ്ണത നില നിർത്തുന്നവനായിരിക്കണമെന്നാണ് ഈ സംഭവം നമ്മെ ഓർമ്മിപ്പി ക്കുന്നത്. തന്റെ ന്യായവാദത്തിലൂടെ സ്വയം രക്ഷപെടാനുള്ള എല്ലാ സാദ്ധ്യതകളും പൗലോസിനുണ്ടായിരുന്നു. "മരണമോ വിലങ്ങോ അർഹിക്കുന്നതൊന്നും ഈ മനുഷ്യൻ ചെയ്തതായി കാണുന്നില്ല" (26,31) എന്നാണ് ബന്ധപ്പെട്ട അധികാരികൾ പ്രതികരിച്ചത്. അത് ഒരു നല്ല അവസരമായി കണ്ട്, ആ വിധത്തിൽ അതു പ്രയോജനപ്പെ ടുത്താതെ, തന്റെ വിശ്വാസത്തിലേക്ക് അവരെയും കൊണ്ടുവരുവാനും അങ്ങനെ രക്ഷാകരസുവിശേഷത്തിലേക്ക് ആഭിമുഖ്യമുള്ളവരായി അവരെ മാറ്റാനുമാണ് പൗലോസ് ശ്രമിച്ചത്. അത്ര വലുതായ ഒരു പ്രേഷിതതീക്ഷ്ണതയാണ് പൗലോസിനുണ്ടായിരുന്നത്. ഇത് ഓരോ പുരോഹിതനിലുമുണ്ടായിരിക്കേണ്ട പ്രേഷിതതീക്ഷ്ണതയെക്കുറിച്ചു ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ സാഹ ചര്യങ്ങളിലും നിലയ്ക്കാത്ത പ്രേഷിതതീക്ഷ്ണതയോടെ വർത്തിക്കു വാൻ പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നു.


**ജീവിതസൂചിക**

1. സഭയുടെ വിശ്വാസപാരമ്പര്യത്തോട് വിശ്വസ്തത പുലർത്തുന്ന അജപാലനശൈലിയാണോ എനിക്കുള്ളത്?
2. വിശ്വാസവിരുദ്ധമായ നിലപാടുകൾക്കെതിരെ ജാഗ്രത പുലർത്തു കയും, അപ്രകാരം ജാഗ്രത പുലർത്താൻ ഞാൻ ജനങ്ങളെ പരി ശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?


3. എന്റെ കൂദാശാപരികർമ്മങ്ങളിലൂടെയും അജപാലനശുശ്രൂഷയിലൂടെയും ജീവിക്കുന്ന മിശിഹായെ കണ്ടുമുട്ടുന്ന അനുഭവത്തിൽ ഞാൻ വളരുന്നുണ്ടോ?
4. മാനസാന്തരാനുഭവത്തോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും, മിശിഹായുടെ സുവിശേഷം പ്രഘോഷിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
5. നിലയ്ക്കാത്ത പ്രേഷിതതീക്ഷ്ണതയോടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

---


## സ്നേഹസ്മരണയ്ക്ക്



ഫാ. കുര്യാക്കോസ് ഏണേക്കാട്ട്
(24.11.1918 – 25.03.1983)



ഫാ. ജേക്കബ് കാഞ്ഞിരത്തിനാൽ
(01.05. 1905 – 26.03.2001)



ഫാ. മാത്യു ചെരിപുറം
(26.12. 1937 – 23.03.2015



റവ.ഫാ. സെബാസ്റ്റ്യൻ വടക്കേക്കൊട്ടാരം
(23–06–1942 – 19–03–2016)

# അജപാലനോത്തേജന വിഭാഗം

**നന്ദി**

കഴിഞ്ഞ 4 വർഷക്കാലം പാസ്റ്ററൽ ആനിമേഷൻ ഡയറക്ടറായി വിവിധ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും കൃത്യതയോടെ നടപ്പിലാക്കുകയും ചെയ്ത് പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ എന്ന ദൗത്യം പൂർത്തിയാക്കി റാന്നി ഫൊറോനപള്ളി വികാരിയും, സിറ്റാഡൽ റെസിഡൻഷ്യൽ സ്കൂൾ മാനേജരുമായി നിയമിതനായ ഏറ്റം ബഹുമാനപ്പെട്ട കുര്യാക്കോസ് അമ്പഴത്തിനാലച്ചന് നന്ദിയും ആശംസകളും. അടുക്കും ചിട്ടയുമുള്ള അച്ചന്റെ പ്രവർത്തനശൈലിയും സംഘാടക മികവും നമ്മുടെ രൂപതയിലെ വിവിധ പ്രവർത്തനങ്ങളെയും കാര്യപരിപാടികളെയും ഏകോപിപ്പിക്കുന്നതിൽ മാതൃകയാണെന്ന വസ്തുതയും പ്രത്യേകം സ്മരിക്കുന്നു.

**ജീവൻ പദ്ധതി 2020**

ജീവൻ പദ്ധതി ദശാംശതുക ഇടവകകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇനിയും എത്തിക്കുവാനുള്ള ഏതാനും ഇടവകകൾ എത്രയും വേഗം രൂപത പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ എത്തിക്കുമല്ലോ. ജീവൻ ദശാംശം ബാങ്ക് ട്രാൻസ്ഫർ ചെയ്യേണ്ട അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**Jeevan Account Details**
Diocese of Kanjirapally
(Fr. Martin Velliamkulam & Fr. Stanly Eapen)
A/C No. 10310100237040
Federal Bank , Kanjirapally Branch
IFSC - FDRL0001031, Mob: 96 45 67 4443.

- ഇടവകകളിൽ സമാഹരിച്ച തുക ബാങ്ക് അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്തശേഷം, പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ

അറിയിക്കുമല്ലോ.

- ഫോറം രൂപതാ കേന്ദ്രത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ അവ കൂട്ടായ്മകൾ തിരിച്ച്, ലഭിച്ച തുകകൾ കൂട്ടി എഴുതി നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**ദശാംശ വിഹിതം**

നേരത്തേ അറിയിച്ചിരുന്നതുപോലെ മുൻവർഷങ്ങളിലെ ദശാംശ വിഹിതം ഈ കഴിഞ്ഞ ഫെബ്രുവരി 29-ന് മുൻപ് വാങ്ങാത്ത ഇടവക കളിലെ ദശാംശവിഹിതം അഭിവന്ദ്യ പിതാവിന്റെ അടിയന്തിര ജീവകാ രുണ്യനിധിയിലേക്ക് ഉൾച്ചേർക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു.

**മികച്ച കുടുംബക്കൂട്ടായ്മകൾ**

ഫെബ്രുവരി 29 വരെ ലഭിച്ച ഇടവക റിപ്പോർട്ടുകളുടെ അടി സ്ഥാനത്തിൽ ഏറ്റവും മികച്ചതെന്ന് കേന്ദ്ര കമ്മറ്റി വിലയിരുത്തുന്ന ഓരോ വിഭാഗത്തിലെയും ഇടവകകളിൽ രൂപതാ ടീം സന്ദർശനം നടത്തി വിലയിരുത്തൽ നടത്തുന്നതും കുടുംബക്കൂട്ടായ്മാ മാതൃകാ ഇടവകകളെ തിരഞ്ഞെടുക്കുന്നതുമാണ്. ഓരോ വിഭാഗത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഇടവകകൾക്ക് ട്രോഫിയും 25,000 രൂപാ ക്യാഷ് അവാർഡും രൂപതാദിനത്തോടനുബന്ധിച്ച് നൽകുന്നതാണ്.

**നോമ്പുകാല ചൈതന്യത്തിൽ കുടുംബക്കൂട്ടായ്മകൾ**

നോമ്പുകാലത്തിലെ റംശാ പ്രാർത്ഥന നോമ്പിന്റെ ചൈത ന്യത്തെ സവിശേഷമാംവിധം ഉജ്ജ്വലിപ്പിക്കുന്നതാണല്ലോ. റംശാ പ്രാർത്ഥനയ്ക്കു മുടക്കം വരുത്താതെ തന്നെ, ഭക്തകൃത്യമായ കുരി ശിന്റെ വഴി, നമ്മുടെ രൂപതയിലെ എല്ലാ ഭവനങ്ങളിലും നടത്തത്ത ക്കവിധത്തിൽ കൂട്ടായ്മകളെ നാലോ അഞ്ചോ വീടുകളുടെ ചെറിയ യൂണിറ്റുകളായി തിരിച്ച് ഓരോ ആഴ്ചയിലും വെള്ളിയാഴ്ചകളിൽ മാറി മാറി ഓരോ ഭവനത്തിലും കുരിശിന്റെ വഴി ചൊല്ലുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ. നോമ്പുകാല ചൈതന്യ ത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കാം.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2020 മാർച്ച് മാസത്തെ കർമ്മപരിപാടികൾ**

1 ഞായർ - ഉത്ഥാനോത്സവ അധ്യാപക പരിശീലനം
റാന്നി, പത്തനംതിട്ട ഫൊറോനാകൾ ഒരുമിച്ച്. റാന്നി സിറ്റാഡൽ സ്കൂളിൽ വച്ച് 10.00 a.m. – 3.30 p.m.
(വി.കുർബാന 9.00 a.m.)

8 ഞായർ - ഉത്ഥാനോത്സവ അധ്യാപക പരിശീലനം
കട്ടപ്പന, മുണ്ടിയെരുമ ഫൊറോനാകൾ കട്ടപ്പന ഫൊറോനാ കേന്ദ്രത്തിലും, ഉപ്പുതറ ഫൊറോന മേരികുളം മരിയൻ പബ്ലിക്ക് സ്കൂളിലും വച്ച്
10.00 a.m. – 3.30 p.m.
(മേരികുളം കോൺവെന്റ് – വി.കുർബാന 9.00 a.m.)
(കട്ടപ്പന ഫൊറോനാപ്പള്ളി – വി.കുർബാന 4.00 p.m.)

14 ശനി - CTC കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ

15 ഞായർ - ഉത്ഥാനോത്സവ അധ്യാപക പരിശീലനം
കുമളി, അണക്കര ഫൊറോനാകൾ കുമളി ഫൊറോനാ കേന്ദ്രത്തിലും, അണക്കര പി.എ.സി. യിലും വച്ച് 10.00 a.m. – 3.30 p.m.
(അണക്കര – വി.കുർബാന 9.00 a.m.)
(കുമളി – വി.കുർബാന 3.30 p.m.)

19 വ്യാഴം - വി. യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ
രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുകതിരുനാൾ. പിതാവിനു വേണ്ടി പ്രാർത്ഥിക്കുന്നു.

22 ഞായർ - ഉത്ഥാനോത്സവ അധ്യാപക പരിശീലനം
കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി ഫൊറോനാകൾ
കാഞ്ഞിരപ്പള്ളി മഹാജൂബിലി ഹാളിലും
പൊൻകുന്നം ഫൊറോനാ പൊൻകുന്നം പാരിഷ്
ഹാളിൽ വച്ചും. 10.00 a.m. - 3.30 p.m.
(കാഞ്ഞിരപ്പള്ളി - വി.കുർബാന 3.30 p.m.)
(പൊൻകുന്നം - വി.കുർബാന 4.00 p.m.)

29 ഞായർ - ഉത്ഥാനോത്സവ അധ്യാപക പരിശീലനം
മുണ്ടക്കയം, പെരുവന്താനം, ഫൊറോനാകൾ മുണ്ട
ക്കയം ഫൊറോനാ കേന്ദ്രത്തിൽ വച്ചും, എരുമേലി
ഫൊറോനാ മുക്കൂട്ടുതറ സെന്റ് തോമസ് പാരിഷ്
ഹാളിൽ വച്ചും. 10.00 a.m. - 3.30 p.m.
(മുക്കൂട്ടുതറ - വി.കുർബാന 9.00 a.m.)
(മുണ്ടക്കയം - വി.കുർബാന 4.00 p.m.)

## സി.റ്റി.സി.

സി.റ്റി.സി. 36-ാം ബാച്ചിന്റെ അടുത്ത ക്ലാസ്സ് 2020 മാർച്ച് 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 3.30 വരെ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. കമ്മ്യൂണിക്കേഷൻ സ്കിൽസ്, വിശ്വാസപരിശീലനം ഇന്ന് തുടങ്ങിയ വിഷയങ്ങളെപ്പറ്റി റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ ക്ലാസ് നയിക്കും.

## ഉത്ഥാനോത്സവ അദ്ധ്യാപകപരിശീലനം

ഉത്ഥാനോത്സവ പരിശീലനം നടക്കുന്ന എല്ലാ കേന്ദ്രങ്ങളിലും രജിസ്ട്രേഷൻ രാവിലെ 9.30-നും പരിശീലനക്ലാസുകൾ കൃത്യം 10-നും ആരംഭിക്കുന്നതാണ്. സമയക്ലിപ്തത പാലിക്കുമല്ലോ. പുതിയ പാഠാവലി ആയതിനാൽ ഇടവകയിലെ മുഴുവൻ വിശ്വാസജീവിത പരിശീലകരും ഉത്ഥാനോത്സവ ദിവസങ്ങളിൽ പ്രത്യേക പരിശീല കരായി എത്തുന്നവരും ഉത്ഥാനോത്സവ അദ്ധ്യാപക പരിശീലന ത്തിൽ പങ്കെടുക്കേണ്ടതുമാണ്. ഏതെങ്കിലും കാരണത്താൽ നിർദ്ദേ ശിക്കപ്പെട്ടിരിക്കുന്ന കേന്ദ്രങ്ങളിൽ പങ്കെടുക്കാനാവുന്നില്ലെങ്കിൽ

മുൻകൂട്ടി അറിയിച്ച് മറ്റൊരു കേന്ദ്രത്തിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനത്തോടനുബന്ധിച്ച് ഹെഡ്മാസ്റ്റർമാരുടെ സമ്മേളനവും ഉണ്ടായിരിക്കുന്നതാണ്.

**ഉത്ഥാനോത്സവം**

2020 ലെ ഉത്ഥാനോത്സവം എല്ലാ ഇടവകകളിലും ഏപ്രിൽ 1 മുതൽ 6 വരെ തീയതികളിൽ ദിവസവും 4 മണിക്കൂർ സമയം ലഭിക്കത്തക്കവിധത്തിൽ സാഘോഷം നടത്തേണ്ടതാണ്. മാർച്ച് 31-ന് ആരംഭിക്കുന്നതിൽ തടസ്സമല്ല. ഏപ്രിൽ 5-ാം തീയതി ഞായറാഴ്ച പരിശീലന ക്ലാസ് ഉണ്ടായിരിക്കുന്നതല്ല. ഉത്ഥാനോത്സവ പാഠാവലികൾ മാർച്ച് 27 ന് മുമ്പ് കേന്ദ്രഓഫീസിൽ നിന്ന് മുഴുവൻ തുകയും നല്കി വാങ്ങേണ്ടതാണ്.

**നാമഹേതുകത്തിരുനാൾ**

വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനമായ മാർച്ച് 19-ാം തീയതി ജോസഫ് നാമധാരിയായ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനേയും ബഹു. വൈദികരേയും നാമഹേതുകത്തിരുനാളിന്റെ ആശംസകളറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

**ഈശോയെ സ്വീകരിക്കാൻ**

ആദ്യകുമ്പസാരത്തിനും ആഘോഷപൂർവ്വമായ വി. കുർബാന സ്വീകരണത്തിനുമുള്ള സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന പുസ്തകം രൂപതാകേന്ദ്രത്തിൽ ലഭ്യമാണ്. ഈ വർഷം ആദ്യകുമ്പസാരത്തിനുള്ള പുസ്തകം വാങ്ങാത്ത എല്ലാവരും എത്രയും വേഗം അവ വാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ. വില 40 രൂപ.

**വാർഷിക പരീക്ഷ**

1 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികളുടെ വാർഷികപ്പരീക്ഷ ഏപ്രിൽ 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ 12 വരെ അതാത് ഇടവകകളിൽ നടത്തപ്പെടുന്നതാണ്. സമയക്രമത്തിൽ മാറ്റം വരുത്താതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**പ്രതിഭാസംഗമം**

7-ാം ക്ലാസിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിലേക്ക് വിശ്വാസതീക്ഷ്ണതയും പഠനനിലവാരവും കഴിവുകളും പുലർത്തുന്ന കുട്ടികളെ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. (ഒരു ഇടവകയിൽ നിന്നും 4 പേർ).

**ഹോളി ഫാമിലി**

ആദ്യകുമ്പസാരവും ആഘോഷപൂർവമായ കുർബാനസ്വീകരണവും നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായുള്ള ഹോളി ഫാമിലി എന്ന പ്രോഗ്രാം തങ്ങളുടെ ഇടവകകളിൽ നടത്തുവാൻ താല്പര്യപ്പെടുന്നവർ ഈ മാസം തന്നെ രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിച്ച് തീയതികൾ ഉറപ്പാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രണ്ടരമണിക്കൂർ ദൈർഘ്യമുള്ള പ്രസ്തുത പരിപാടി ആദ്യം ആവശ്യപ്പെടുന്ന 50 ഇടവകകളിലാണ് നടത്തപ്പെടുന്നത്.

**സർഗസംഗമം**

പ്രസംഗം, സംഗീതം, സാഹിത്യം ഇവയിൽ പ്രത്യേക പരിശീലനം നല്കുന്ന പ്രത്യേക പരിപാടിയായ സർഗസംഗമം മെയ് 5, 6 തീയതികളിൽ പൊടിമറ്റം നിർമല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**HDC കോഴ്സ്**

Higher Diploma in Catechesis കോഴ്സ് 5-ാം ബാച്ചിന്റെ അവസാന ക്ലാസ് ഫെബ്രുവരി 21-ാം തീയതി നടത്തപ്പെട്ടു. ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ, ഫാ. സ്റ്റാൻലി പുള്ളോലിക്കൽ എന്നിവർ ക്ലാസ് നയിച്ചു.

HDC വാർഷികപ്പരീക്ഷ ജൂൺ 13-ാം തീയതി രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**മിശിഹാനുഭവ ധ്യാനം**

ഈ വർഷം 10-ാം ക്ലാസിൽ വിശ്വാസജീവിതപരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കായി രൂപതാ ചെറുപുഷ്പമിഷൻലീഗ് സംഘടിപ്പിക്കുന്ന മിശിഹാനുഭവധ്യാനത്തിനുള്ള രജിസ്ട്രേഷൻ പൂർത്തിയായി. ഏപ്രിൽ 13 മുതൽ 25 വരെയുള്ള തീയതികളിൽ 4 ബാച്ചുകളിലായി ആയിരത്തിയൊരുനൂറിലധികം കുട്ടികൾ പേര് രജിസ്റ്റർ ചെയ്ത് പ്രാർത്ഥിച്ച് ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ആദ്യദിവസം രാവിലെ 9.30 മുതൽ മൂന്നാം ദിവസം വൈകുന്നേരം 3.00 വരെയാണ് ധ്യാനം. പേരു രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവരും പറഞ്ഞിരിക്കുന്ന സമയങ്ങളിൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പമിഷൻലീഗ് രൂപതാഭാരവാഹികളുടെ (കുട്ടികളുടെ പ്രതിനിധികൾ) തെരഞ്ഞെടുപ്പ് ക്യാമ്പ് മാർച്ച് 27-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4.30 മുതൽ 28-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണി വരെ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ഫൊറോനാ ആനിമേറ്റേഴ്സ്, അധ്യാപക ഓർഗനൈസർമാർ, കുട്ടികളുടെ പ്രതിനിധികളായി ഫൊറോന എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ എന്നിവർ രൂപതാ ഇലക്ഷൻ ക്യാമ്പിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**നന്ദി ... സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗിന്റെ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച റവ. ഫാ. സിറിൾ മുതുകു

## സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2020 മാർച്ച് മാസത്തിലെ കർമ്മ പരിപാടികൾ**

1 ഞായർ - യൂടേൺ - മുണ്ടക്കയം

7 ശനി - PREP, നൈറ്റ് വിജിൽ

8 ഞായർ - ദേശീയ വനിതാ ദിനം
യൂടേൺ - കാഞ്ഞിരപ്പള്ളി - പൊൻകുന്നം

14 ശനി - PREP , നൈറ്റ് വിജിൽ, അമ്മേഹ്,

---

## ചെറുപുഷ്പ മിഷൻ ലീഗ്

ന്നേൽ കുമളി ഫൊറോന, റവ. ഫാ. ജോമി കുമ്പുകാട്ട് കട്ടപ്പന ഫൊറോന, റവ. ഫാ. വർഗീസ് കണിയാംനടയ്ക്കൽ എരുമേലി ഫൊറോന, റവ. ഫാ. തോമസ് തെക്കേൽ മുണ്ടിയെരുമ ഫൊറോന, റവ. ഫാ. തോമസ് കരിയിൽ വെളിച്ചിയാനി ഫൊറോന എന്നിവർക്ക് സി.എം.എൽ. രൂപതാകുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി.

**പുതിയതായി നിയമിതരായിരിക്കുന്ന ഫൊറോനാ ഡയറക്ടർമാർ**

റവ. ഫാ. വർഗീസ് കണിയാംനടയ്ക്കൽ കുമളി, റവ. ഫാ. ആൽവിൻ കാർലോസ് കീരഞ്ചിറ കട്ടപ്പന, റവ. ഫാ. സിറിൾ മുതുകുന്നേൽ എരുമേലി, റവ. ഫാ. ജോർജ് കുഴിക്കാട്ട് വെളിച്ചിയാനി, റവ. ഫാ. ദേവസ്യാ കിഴക്കേവേലിക്കകത്ത് മുണ്ടിയെരുമ എന്നിവർക്ക് CML രൂപതാകുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

**ഫാ. സ്കറിയ മറ്റത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

15 ഞായർ - യൂടേൺ - കുമളി, അണക്കര, മുണ്ടിയെരുമ

21 ശനി - PREP

22 ഞായർ - യൂടേൺ - ഉപ്പുതറ

23 തിങ്കൾ - കാലാവസ്ഥാദിനം

25 ബുധൻ - നസ്രാണി യുവശക്തി തിരുശേഷിപ്പ് പ്രയാണ ആരംഭം - കുമളി

26-27 - റാന്നി-പത്തനംതിട്ട - തിരുശേഷിപ്പ് പ്രയാണം

28 ശനി - PREP സമാപനം

29 ഞായർ - നസ്രാണി യുവശക്തി - Faith Conference റാന്നി - പത്തനംതിട്ട

30-31 - എരുമേലി - തിരുശേഷിപ്പ് പ്രയാണം

## നസ്രാണി യുവശക്തി മഹാപ്രേഷിതയാത്ര

'യുവജനം നവ പ്രേഷിതപാതയിൽ' എന്ന മുദ്രാവാക്യവുമായി കാഞ്ഞിരപ്പള്ളി രൂപത യുവജനപ്രസ്ഥാനം SMYM 2020 -ൽ പ്രവർത്തനസജ്ജമാകുകയാണ്. ഈ വർഷം SMYM ന്റെ പ്രേഷിത - ആത്മീയ സ്വഭാവത്തെ വളർത്തുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്.

## ലക്ഷ്യങ്ങൾ

1. യുവജനങ്ങളിലെ പ്രേഷിത നേതൃവാസന വളർത്തുക.
2. പരി. കുർബാനയിലേക്ക് യുവജനങ്ങളെ കൂടുതൽ ആകർഷിക്കുക.
3. യുവജനങ്ങളിലൂടെ യുവജനങ്ങളെ സഭയിലേക്ക് അടുപ്പിക്കുക.
4. ബൗദ്ധിക, ഭൗതിക വളർച്ചയ്ക്കായി യുവജനങ്ങളെ സഹായിക്കുക.

### 5 ഘട്ടങ്ങൾ

നസ്രാണിയുവശക്തി മഹാപ്രേഷിതയാത്ര 5 ഘട്ടങ്ങളിലൂടെയാണ് മുമ്പോട്ട് പോകുന്നത്.

**1. മഹാപ്രേഷിതയാത്ര മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പുമായി ഇടവകകളിലേക്ക്.**

യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകജനം മുഴുവൻ അണി നിരക്കുന്ന ഇടവകകളിലേക്ക് വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുമായി കടന്നുവരുന്നു. യുവജനപ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ചും നസ്രാണിയുവശക്തി മഹാപ്രേഷിതയാത്രയുടെ അടുത്തഘട്ടമായ ഇടവക Faith Conference-ലേക്കും യുവജനങ്ങളെ ആകർഷിക്കാനുള്ള വിളംബര പരിപാടിയാണ് ആദ്യഘട്ടം.

**2. നസ്രാണി യുവശക്തി Faith Conference ഇടവകകളിൽ.**

SMYM രൂപതാസമിതി രൂപീകരിക്കുന്ന റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ഒരു ദിവസം ഒരു ഫൊറോനയിലെ എല്ലാ ദൈവാലയങ്ങളിലും ഒരേസമയം (ഉച്ചകഴിഞ്ഞ് 2 മുതൽ 6 വരെ) നടത്തപ്പെടുന്ന Faith Conference ആണ് രണ്ടാംഘട്ടം.

* പരി. കുർബാന ആത്മീയതയുടെ സ്രോതസ്സ്
* വിശ്വാസജീവിതം ധാർമ്മികതയുടെ ജീവിതം
* നസ്രാണി യുവജനങ്ങൾ സമൂഹത്തിന്റെ ശക്തി

എന്നീ മൂന്നു വിഷയങ്ങൾ ആസ്പദമാക്കി ക്ലാസുകൾ, ചർച്ചകൾ ആഘോഷമായ പരി. കുർബാനയർപ്പണം എന്നിവ ഈ സംഗമത്തിന്റെ ഭാഗമാണ്. ഇടവകയിലെ എല്ലാ യുവജനങ്ങളെയും പങ്കെടുപ്പിക്കണം.

**3. നസ്രാണി യുവശക്തി മഹാപ്രേഷിത സംഗമം**

മെയ് 23 വൈകുന്നേരം 6 മണിമുതൽ 24 രാവിലെ 6 മണി വരെ നീണ്ടുനിൽക്കുന്ന നൈറ്റ് വിജിൽ ആയിട്ടാണ് ഈ സംഗമം ക്രമീകരിച്ചിരിക്കുന്നത്. A grade ഇടവകകളിൽനിന്ന് 30, B grade ഇടവകകളിൽനിന്ന് 20, C grade ഇടവകകളിൽനിന്ന് 10 എന്നിങ്ങനെ ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾ മാത്രമാണ് ഈ സംഗമത്തിൽ പങ്കെടുക്കേണ്ടത്. അണക്കര സെന്റ് തോമസ് ഫൊറോന പാരീഷ് ഹാളിൽ നടക്കുന്ന ഈ സംഗമത്തിലേക്ക് എത്തി

ച്ചേരാൻ എല്ലാ ഫൊറോന കേന്ദ്രങ്ങളിൽനിന്നും വാഹനക്രമീകരണം ചെയ്യുന്നതാണ്.

**4. പ്രേഷിതയാത്ര യുവജനഭവനങ്ങളിലേക്ക്**

ഫൊറോന സമിതിയുടെ നേതൃത്വത്തിൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട് പരിശീലിപ്പിക്കപ്പെട്ട പ്രേഷിത സംഘം അനുയോജ്യമായ ദിവസങ്ങളിൽ ഓരോ ഇടവക തിരഞ്ഞെടുത്ത് അവിടുത്തെ യുവജനങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. വീടുകളിൽ പ്രത്യേക പ്രാർത്ഥനയും നസ്രാണിയുവശക്തി സ്മരണിക സ്ഥാപിക്കലും ഇതിന്റെ ഭാഗമായി നടക്കും.

**5. നസ്രാണി യുവശക്തി മഹാതീർത്ഥാടനം**

ഫൊറോന സമിതിയുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രേഷിതസംഘങ്ങൾ ഫൊറോനയിലെ എല്ലാ ഇടവകകളിലും യുവജനഭവനങ്ങൾ സന്ദർശനം പൂർത്തീകരിക്കുമ്പോൾ, രൂപതയിലെ എല്ലാ പ്രേഷിത സംഘങ്ങളും ചേർന്ന് തോമാശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന മൈലാപ്പൂരിലേക്ക് നടത്തുന്ന തീർത്ഥാടനം.

**Placement Rediness Enhancement Programe - PREP**

മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (MIIM), കാഞ്ഞിരപ്പള്ളി രൂപത SMYM എന്നിവയുടെ കൂട്ടായ്മയിൽ പ്ലേസ്മെന്റ് റെഡിനസ് എൻഹാൻസ്മെന്റ് പ്രോഗ്രാം ഫെബ്രുവരി 1 ശനിയാഴ്ച മുതൽ ആരംഭിച്ചു. ഈ കോഴ്സ് മാർച്ച് 28 വരെ പങ്കെടുക്കുന്നവരുടെ സൗകര്യത്തിനനുസരിച്ച് വിവിധ കേന്ദ്രങ്ങളിലായി നടത്തപ്പെടുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും, ഡിഗ്രി പഠനം പൂർത്തിയാക്കിയവർക്കും കോഴ്സിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. മാർച്ച് 7-ന് MIIM -ൽ വച്ച് ഇതിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നവർക്കായുള്ള സംഗമവും സർട്ടിഫിക്കറ്റ് വിതരണവും ഉണ്ടായിരിക്കും. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

## U-turn (യൂടേൺ)

ഇടവക, ഫൊറോന ഭാരവാഹികൾക്കായുള്ള പരിശീലന പരിപാടിയായ യൂടേൺ, റാന്നി-പത്തനംതിട്ട, വെളിച്ചിയാനി ഫൊറോനകളിൽ രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചു പുരയ്ക്കലിന്റെയും രൂപതാ ഭാരവാഹികളുടെയും നേതൃത്വ ത്തിൽ നടത്തപ്പെട്ടു. ഇതിൽ ഇടവക, ഫൊറോന ഭാരവാഹികൾ പങ്കെടുത്തു. മാർച്ച് മാസത്തിൽ നടത്തപ്പെടുന്ന യൂടേണിൽ ഫൊറോന, ഇടവക ഭാരവാഹികൾ നിർബന്ധമായും സംബന്ധി ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

മാർച്ച് 1 - മുണ്ടക്കയം
8 - കാഞ്ഞിരപ്പള്ളി - പൊൻകുന്നം
15 - കുമളി, അണക്കര, മുണ്ടിയെരുമ, പി.എ.സി. അണക്കര
22 - ഉപ്പുതറ

## നൈറ്റ് വിജിൽ

മാർച്ച് 29-ാം തീയതി കാരികുളം ഫാത്തിമമാതാ ഇടവക യിൽ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, റീജന്റ് ബ്രദർ നോബി വെള്ളാപ്പള്ളി, രൂപത പ്രസിഡന്റ് ആൽബിൻ തടത്തേൽ എന്നിവ രുടെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു.

## CYTE സ്കോളർഷിപ്പ് സെമിനാർ

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ഇന്ത്യയിലെ ബൃഹത്തായ സിവിൽ സർവ്വീസ് ഏജൻസിയായ അൾട്ടർനേറ്റീവ് ലേണിംഗ് സിസ്റ്റം (ALS) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പൊൻകുന്നം സെന്റ് ആന്റോണിയോ എജ്യുക്കേഷണൽ ഹബ്ബിൽ ഫെബ്രുവരി 16 ഞായറാഴ്ച 10 മണി മുതൽ വൈകുന്നേരം 3 മണിവരെ CYTE സ്കോളർഷിപ്പ് സെമിനാർ നടത്തപ്പെട്ടു. രൂപത വികാരിജനറാൾ പെരിയ ബഹു. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ സെമി നാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ശ്രീ. ജോജോ ജോസഫ് (ALS മാനേജിംഗ് ഡയറക്ടർ, ഡൽഹി), ശ്രീ. യു.വി. പ്രസാദ് (കേരള റീജിയണൽ ഡയറക്ടർ) എന്നിവർ സെമിനാർ നയിച്ചു. സിവിൽ

സർവ്വീസ്, ഇതര കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകൾ തുടങ്ങിയവ എങ്ങനെ നേടിയെടുക്കാമെന്ന് ഈ സെമിനാറിൽ ചർച്ച ചെയ്തു. SMYM രൂപതാ ഡയറക്ടർ റവ. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, സെന്റ് ആന്റണീസ് കോളേജ് ഡയറക്ടർ റവ. ഫാ. ആന്റണി നിരപ്പേൽ, SMYM പ്രസിഡന്റ് ശ്രീ. ആൽബിൻ തടത്തേൽ, ജനറൽ സെക്രട്ടറി ശ്രീ. ജോബിൻ കൊള്ളിക്കുളവിൽ തുടങ്ങിയവർ പ്രസംഗിച്ചു. രൂപത എസ്.എം.വൈ.എം. സംഘടിപ്പിച്ച CYTE ടാലന്റ് പരീക്ഷയിൽ മുൻ നിരയിലെത്തിയ 200 വിദ്യാർത്ഥികൾ ഈ സെമിനാറിൽ പങ്കെടുത്തു.

**കൊയ്നോണിയാ - 2020**

എസ്.എം.വൈ.എം. നേതൃപരിശീലനക്യാമ്പ് കൊയ്നോണിയ - 2020 ഫെബ്രുവരി 20 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 6.30 മുതൽ കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാ നേതാക്കളും ഫൊറോന ഡയറക്ടറച്ചന്മാരും ആനിമേറ്റർ സിസ്റ്റേഴ്സും പ്രോഗ്രാമിൽ പങ്കെടുത്തു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, എസ്.എം. വൈ.എം. കുമളി ഫൊറോന ഡയറക്ടർ ഫാ. ബിന്നി കയ്യാണിയിൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. മുണ്ടിയെരുമ ഫൊറോന ഡയറക്ടർ ഫാ. ജോസ് ചവറപ്പുഴ കൊയ്നോണിയ ഉദ്ഘാടനം ചെയ്തു. കട്ടപ്പന ഫൊറോന ഡയറക്ടർ ഫാ. തോമസ് പന്ത്രക്കാലായിൽ, പെരുവന്താനം ഫൊറോന ഡയറക്ടർ ഫാ. എബ്രഹാം കൊച്ചുവീട്ടിൽ, മുണ്ടക്കയം ഫൊറോന ഡയറക്ടർ ഫാ. വർഗീസ് കാലാക്കൽ, വെളിച്ചിയാനി ഫൊറോന ഡയറക്ടർ ഫാ. ജോർജ് കുഴിക്കാട്ട്, കാഞ്ഞിരപ്പള്ളി ഫൊറോന ഡയറക്ടർ ഫാ. പയസ് കൊച്ചുപറമ്പിൽ, എരുമേലി ഫൊറോന ഡയറക്ടർ ഫാ. സിറിൽ മുതുകുന്നേൽ, ഉപ്പുതറ ഫൊറോന ഡയറക്ടർ ഫാ. റോയി നെടുതകിടിയേൽ തുടങ്ങിയവർ പങ്കെടുത്തു. നൂറോളം പേർ പ്രോഗ്രാമിൽ പങ്കെടുത്തു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

| | |
|---|---|
| മാർച്ച് 6, 7, 8 (വെള്ളി - ഞായർ) | - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| മാർച്ച് 20, 21, 22 (വെള്ളി - ഞായർ) | - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| മാർച്ച് 27, 28, 29 (വെള്ളി - ഞായർ) | - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര |
| ഏപ്രിൽ 2, 3, 4 (വ്യാഴം-ശനി) | - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| ഏപ്രിൽ 24, 25, 26 (വെള്ളി - ഞായർ) | - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര |

**കൗൺസിലിംഗ് കോഴ്സ്**

കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ക്രിസ്റ്റ്യൻ ചെയറുമായി ചേർന്ന് രൂപതാഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന കൗൺസിലിംഗ് കോഴ്സിന്റെ പുതിയ ബാച്ചിന്റെ ആമുഖമായുള്ള ക്ലാസും വിവരണങ്ങളും ഡയറക്ടർ ബഹു. ഫാ. ഫിലിപ്പ് വട്ടയത്തിൽ, ഫാ. സെബാസ്റ്റ്യൻ വട്ടത്തറ, ഫാ. ബിന്നി കൈയ്യാണി എന്നിവരുടെ നേതൃത്വത്തിൽ ഫെബ്രുവരി 8-ാം തീയതി നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

ഈ കോഴ്സിൽ ഇനി ചേരുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് മാസം 10-ാം തീയതിക്കു മുമ്പായി 9446194909 എന്ന നമ്പറിൽ ബന്ധപ്പെടുകയോ https://chat.whatsapp.com/HWgE1xOq83A3jF4MJPly1Y എന്ന ലിങ്ക് ഉപയോഗിച്ച് വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യുകയോ ചെയ്യുക.

അടുത്ത ക്ലാസ് മാർച്ച് 14, 15 (ശനി - ഞായർ) തീയതികളിൽ നിർമ്മല

റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. 14-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്.

## ആവേ മരിയ സിംഗിൾസ് മീറ്റ്

ഫെബ്രുവരി 20-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ അനക്സിൽ വച്ചു നടത്തപ്പെട്ടു. കുമ്പസാരത്തിനും ദിവ്യബലിക്കും ശേഷം ബഹു. ഫാ. ഫിലിപ്പ് വട്ടയത്തിലച്ചൻ ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് സമാപിച്ചു.

## SHG മീറ്റിംഗ്

ഫെബ്രുവരി 19-ാം തീയതി SHG യുടെ മീറ്റിംഗും വാർഷികാഘോഷവും നിർമ്മല റിന്യൂവൽ സെന്റർ (NRC) പൊടിമറ്റത്തുവച്ച് നടത്തപ്പെട്ടു. പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഹബി മാത്യു ആദ്ധ്യക്ഷ്യം വഹിച്ച സമ്മേളനത്തിൽ വച്ച് പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചൻ വാർഷികം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് തെക്കേവയലിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

മികച്ച സംരംഭകരായ നാല് വനിതകളെയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് ഒരു വനിതയേയും ആദരിച്ചു. അംഗങ്ങളുടെ കലാപരിപാടികൾക്കുശേഷം ഉച്ചഭക്ഷണത്തോടെ വാർഷികം സമാപിച്ചു. അടുത്ത മാസത്തെ SHG മീറ്റിംഗ് 18-ാം തീയതി ബുധനാഴ്ച നിർമ്മല റിന്യൂവൽ സെന്റർ (NRC) പൊടിമറ്റത്തുവച്ച് നടത്തപ്പെടുന്നു.

## Post Marriage Course - മാർച്ച് 1 ഞായർ

ഒരു വർഷത്തിനുള്ളിൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി Post Marriage Course ആരംഭിക്കുന്നു. ഫാമിലി അപ്പോസ്തലേറ്റും ജീസസ് യൂത്ത് ഫാമിലി സ്ട്രീമും ചേർന്നാണ് ഈ ഏകദിന കോഴ്സ് സംഘടിപ്പിക്കുന്നത്.

വിവാഹ ജീവിതത്തിന്റെ ആദ്യമാസങ്ങളിലൂടെ കടന്നുപോകുന്ന ദമ്പതികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവരെ ആത്മീയ മാനസിക ഐക്യത്തിലേക്ക് കൊണ്ടുവരികയും മക്കളെ സ്വീകരിക്കാൻ വേണ്ട ഒരുക്കം നൽകുകയും ചെയ്യാനാണ് വിവാഹ

ശേഷമുള്ള ഈ ധ്യാനപരിപാടി ലക്ഷ്യമിടുന്നത്. വിശുദ്ധ കുർബാന, ക്ലാസ്, സംശയനിവാരണം എന്നിവ Post Marriage Course-ന്റെ ഭാഗമാണ്.

മാർച്ച് 1 ഞായറാഴ്ച 9.00 am മുതൽ 4 pm വരെ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ചാണ് Post Marriage Course നടക്കുന്നത്. ഉച്ചഭക്ഷണം ഒരുക്കേണ്ടതിനാൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 04828-205628, 201100, 9497096431, 8281510227, 8943665625 എന്നീ നമ്പരുകളിൽ വിളിച്ച് അറിയിക്കുമല്ലോ. ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**കൃതജ്ഞത**

ഫാമിലി അപ്പോസ്തലേറ്റിന്റെ മുണ്ടിയെരുമ ഫൊറോനാ ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. വർഗ്ഗീസ് കാക്കല്ലിൽ അച്ചനും റാന്നി ഫൊറോനാ ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. ജോർജ് തെരുവൻകുന്നേലച്ചനും ഉപ്പുതറ ഫൊറോനാ ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. സെബാസ്റ്റ്യൻ ഉള്ളാട്ട് (Jr.) അച്ചനും, പൊൻകുന്നം ഫൊറോനാ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. ജോസഫ് കൊച്ചുപറമ്പിലച്ചനും അവരുടെ മനോഹരമായ ശുശ്രൂഷകൾക്ക് നന്ദി അറിയിക്കുന്നു.

**മാർച്ച് 25 ജീവന്റെ ദിനം**

മംഗളവാർത്ത തിരുനാളായ മാർച്ച് 25 ജീവന്റെ ദിനമായി ആചരിക്കുന്നു. ഗർഭഛിദ്രം കൂടുതൽ ഉദാരമാക്കി 6 മാസം വരെ പ്രായമായ ഗർഭസ്ഥശിശുക്കളെ വധിക്കാൻ അനുവാദം നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ജീവന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുന്ന രീതിയിൽ ജീവൻദിനം ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ജീവസമൃദ്ധി ആഘോഷം**

ജീവന്റെ ദിനത്തോടനുബന്ധിച്ച് വീടുകളിൽ ദീർഘകാലമായി കിടപ്പിലായവർ, മാനസികരോഗികൾ, ബുദ്ധിമാന്ദ്യമുള്ളവർ തുടങ്ങിയ അവസ്ഥയിലുള്ളവരെ ശുശ്രൂഷിക്കുന്ന ആളുകളെ അവരുടെ വീടു

# മാതൃവേദി

**ഡയറക്ടറിയും മാർഗ്ഗരേഖയും**

കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ 2020-2021 വർഷങ്ങളിലെ ഭാരവാഹികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡയറക്ടറിയും 2020 പ്രവർത്തന വർഷത്തിലെ മാർഗ്ഗരേഖയും ഫെബ്രുവരി 14-ാം തീയതി പ്രകാശനം ചെയ്തു. മാതൃവേദി വെളിച്ചിയാനി ഫൊറോനാ ഡയറക്ടർ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി പുളിയംകുന്നേലിന് ഡയറക്ടറി നൽകി പ്രകാശന കർമ്മം നിർവ്വഹിച്ചു.

---

## കുടുംബപ്രേഷിതത്വം

കളിൽ ചെന്ന് ആദരിക്കുകയാണ് ഇത്തവണ ജീവസമൃദ്ധിആഘോഷദിവസം ചെയ്യേണ്ടത്.

**സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റിന്റെ പുതിയ ഫൊറോനാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. ദേവസ്യാ കിഴക്കേവേലിയ്ക്കകത്ത് (മുണ്ടിയെരുമ), ഫാ. വർഗീസ് പാറയ്ക്കൽ (റാന്നി), ഫാ. ഇമ്മാനുവേൽ മങ്കന്താനം (Jr.) (ഉപ്പുതറ), ഫാ. ജോർജ് കൊട്ടുകാപ്പള്ളിൽ OSB (പൊൻകുന്നം) എന്നിവർക്ക് പുതിയ പ്രവർത്തന മേഖലയിലേക്ക് സ്വാഗതവും വിജയാശംസകളും.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

## ലീഡേഴ്സ് മീറ്റ്

മാതൃവേദിയുടെ കുടുംബക്കൂട്ടായ്മാതലം മുതലുള്ള ഭാരവാഹികളുടെ ഫൊറോനാ സമ്മേളനമായ ലീഡേഴ്സ് മീറ്റ് ആരംഭിച്ചു.

### വെളിച്ചിയാനി ഫൊറോന

വെളിച്ചിയാനി ഫൊറോനാ ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 14-ാം തീയതി വെള്ളിയാഴ്ച പൊടിമറ്റം പാരീഷ് ഹാളിൽ വച്ച് നടന്നു. ഈ വർഷത്തെ വിഷയത്തെ ആസ്പദമാക്കി ശ്രീ ഹാരി ക്ലാസ് നയിച്ചു. രൂപതാഡയറക്ടറച്ചൻ പ്രവർത്തന വിശദീകരണം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റം, രൂപതാ ആനിമേറ്റർ സി. ലീമാ സെബാസ്റ്റ്യൻ SCJG, രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി പുളിയംകുന്നേൽ എന്നിവർ സംസാരിച്ചു.

### കുമളി ഫൊറോന

കുമളി ഫൊറോനാ ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 18-ാം തീയതി ചൊവ്വാഴ്ച അട്ടപ്പള്ളം സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടന്നു. കുമാരി ജോസ്മി ക്ലാസ് നയിച്ചു. രൂപതാഡയറക്ടർ പ്രവർത്തന വിശദീകരണം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, രൂപതാ ആനിമേറ്റർ സി. ലീമാ സെബാസ്റ്റ്യൻ SCJG, രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി പുളിയംകുന്നേൽ എന്നിവർ സംസാരിച്ചു.

### എരുമേലി ഫൊറോന

എരുമേലി ഫൊറോനാ ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 21 വെള്ളിയാഴ്ച മുക്കൂട്ടുതറ ഇടവകയിൽ വച്ചു നടന്നു. ശ്രീ. ഹാരി ക്ലാസ് നയിച്ചു. രൂപതാ സെക്രട്ടറി ശ്രീമതി ബിൻസി നരിപ്പാറ പ്രവർത്തന വിശദീകരണം നടത്തി. എരുമേലി ഫൊറോനാ മാതൃവേദിയുടെ 2020 വർഷത്തിലെ പ്രവർത്തന മാർഗ്ഗരേഖയുടെ പ്രകാശനം ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് പുൽത്തകിടിയേൽ രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി പുളിയംകുന്നേലിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

## ഫൊറോനാ വാർഷികങ്ങൾ

### അണക്കര ഫൊറോന

അണക്കര ഫൊറോനാ മാതൃവേദിയുടെ വാർഷികം ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നെറ്റിത്തൊഴുവിൽ വച്ച് നടന്നു. അണക്കര ഫൊറോനാ വികാരി പെരിയ ബഹു. ജോർജ് മണ്ഡപത്തിലച്ചൻ വാർഷികം ഉദ്ഘാടനം ചെയ്തു. ഫൊറോനായിലെ വിവിധ ഇടവകകളിൽ നിന്നുള്ള അമ്മമാർ ഒരുമിച്ച് ചേർന്ന് അവതരിപ്പിച്ച "വഴിവിളക്കുകൾ" എന്ന നാടകം ശ്രദ്ധേയമായിരുന്നു. പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും വാർഷികത്തോടൊപ്പം നടന്നു.

### കുമളി ഫൊറോന

കുമളി ഫൊറോനാ മാതൃവേദി വാർഷികം ഫെബ്രുവരി 18-ാം തീയതി അട്ടപ്പള്ളം ഇടവകയിൽ വച്ച് നടന്നു. കുമളി ഫൊറോനാ വികാരി പെരിയ ബഹു. തോമസ് പൂവത്താനിക്കുന്നേലച്ചൻ അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ വച്ച് രൂപതാ ഡയറക്ടർ ബഹു. ഫിലിപ്പ് വട്ടയത്തിലച്ചൻ വാർഷികം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ അച്ചൻ, രൂപതാ ആനിമേറ്റർ സി. ലീമാ സെബാസ്റ്റ്യൻ SCJG, രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി പുളിയംകുന്നേൽ എന്നിവർ പ്രസംഗിച്ചു. വിവിധ ഇടവകകളിൽ നിന്നുള്ള അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു. 2019 ലെ ഫൊറോനാ കലോത്സവത്തിന്റെ സമ്മാനദാനവും നടത്തി.

### മാർച്ച് മാസത്തിലെ ലീഡേഴ്സ് മീറ്റ്

03.03.2020 - മുണ്ടിയെരുമ ഫൊറോന - പുളിയന്മല
05.03.2020 - അണക്കര ഫൊറോന - അണക്കര
10.03.2020 - കാഞ്ഞിരപ്പള്ളി ഫൊറോന - കാഞ്ഞിരപ്പള്ളി
11.03.2020 - പെരുവന്താനം ഫൊറോന - മുറിഞ്ഞപുഴ

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# വൊക്കേഷൻ ബ്യൂറോ

## ദൈവവിളി ക്യാമ്പ്

പത്ത്, പ്ലസ് ടു, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കുവേണ്ടിയുള്ള ദൈവവിളി ക്യാമ്പ് പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ 2020 ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് 8-ാം തീയതി ഉച്ചക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫൊറോനാ വൊക്കേഷൻ ഡയറക്ടറച്ചന്മാർ അതാത് ഫൊറോനാകളിലെ ഇടവകവൈദികരെ ഇക്കാര്യം പറഞ്ഞ് ഓർമ്മിപ്പിക്കുമല്ലോ.

താല്പര്യവും യോഗ്യതയുമുള്ള ആൺകുട്ടികളെ സാക്ഷ്യപത്രം നൽകി ബഹു. വികാരിയച്ചന്മാർ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കേണ്ടതാണ്. ഓരോ ഇടവകയിലും താത്പര്യമുള്ള കുട്ടികളുടെ പേരുവിവരം അതാതു ഫൊറോനയിലെ വൊക്കേഷൻ ഡയറക്ടറച്ചന്മാരെ അറിയിക്കുകയാണെങ്കിൽ അവർ ഈ കുട്ടികളെ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്. ദൈവവിളി കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനും ബഹു. വൈദികരും സിസ്റ്റേഴ്സും മതാദ്ധ്യാപകരും പ്രത്യേക താല്പര്യമെടുക്കുമല്ലോ.

## ദൈവവിളി ക്യാമ്പിന് പഠനസഹായി

ദൈവവിളി ക്യാമ്പിന് സഹായമാകുന്ന പഠനസഹായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള വൊക്കേഷൻ ഡയറക്ടർമാർക്കും വിവിധ സന്യാസ-സന്യാസിനി സമൂഹത്തിലെ വൊക്കേഷൻ ആനിമേറ്ററുമാർക്കും പ്രസ്തുത പഠനസഹായി പാസ്റ്ററൽ സെന്റർ അനക്സിലുള്ള വൊക്കേഷൻ ബ്യൂറോ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**

**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

- ആരാധനക്രമാധിഷ്ഠിത ധ്യാനം കൂടിയവർക്കായുള്ള തുടർധ്യാനം ജനുവരി 25, 26 തീയതികളിൽ നടന്നു. "പരിശുദ്ധ കുർബാന"യെക്കുറിച്ച് റവ. ഡോ. പോളി മണിയാട്ടും, "പരിശുദ്ധ മറിയം സുറിയാനി പാരമ്പര്യത്തിൽ" എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. അനീഷ് കിഴക്കേവീടും ക്ലാസുകൾ നയിച്ചു. 22 പേർ പങ്കെടുത്തു.

**മൂന്നാമത് NRC സിമ്പോസിയം**

**2020 മാർച്ച് 14 രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ**

വിഷയം **"സീറോ മലബാർ സഭയും മദ്ബഹാഭിമുഖ കുർബാനയും"**

**വിഷയാവതരണങ്ങൾ**

1) "ആർക്ക് അഭിമുഖമായി പ്രാർത്ഥിക്കണം? നമ്മുടെ ആദിമസ്സഭ ഹിക പള്ളിയുടെ രീതിയെന്ത്?" (ശുവ്ഹീശോ കശീശ്ലാ - മാർ സ്ലീവാ ദയ്റാ).
2) "കിഴക്കിനഭിമുഖമായ പ്രാർത്ഥനയും ആരാധനയും അന്ത്യോക്യൻ പാരമ്പര്യത്തിൽ" (വെരി റവ. ഡോ. കുര്യാക്കോസ് തടത്തിൽ, റെക്ടർ, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം).
3) "കിഴക്കിനഭിമുഖമായ പ്രാർത്ഥന : ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ദൈവശാസ്ത്ര ചിന്തകൾ" (റവ. ഡോ. ജോസഫ് മരുതുക്കുന്നേൽ, ഡയറക്ടർ, കെരിഗ്മാ ഇൻസ്റ്റിറ്റ്യൂട്ട്, കാഞ്ഞിരപ്പള്ളി).

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഫെബ്രുവരി**

03 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിലും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് രൂപത നൽകിയ സ്നേഹാദരവിലും വൈദിക വിദ്യാർത്ഥികൾ പങ്കെടുത്തു.

05 സെമിനാരിയിൽ പുതിയ പ്രൊക്യുറേറ്ററായി നിയമിതനായ ബഹു. ജോസഫ് പന്നലക്കുന്നേലച്ചന് സെമിനാരി കുടുംബം ഹൃദ്യമായ സ്വാഗതം നൽകി.

11 ലൂർദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് MCBS, മേരിമാതാ സെമിനാരികൾ ഒന്നുചേർന്ന് റംശ പ്രാർത്ഥനയും ആഘോഷപൂർവ്വകമായ ജപമാല പ്രദക്ഷിണവും നടത്തി.

17 രണ്ടാം സെമസ്റ്റർ പരീക്ഷകൾ ആരംഭിച്ചു.

23 മാസധ്യാനത്തിന് പെരിയ ബഹു. റെക്ടർ ഫാ. ജോൺ പനച്ചിക്കൽ നേതൃത്വം നൽകി.

24 വിഭൂതി തിരുനാൾ ആഘോഷിച്ചു.

## ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളിക്യാമ്പ് ഏപ്രിൽ 6-ാം തീയതി 4.00 p.m.-ന് ആരംഭിച്ച് 8-ാം തീയതി 1.00 p.m.-ന് അവസാനിക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി പാസായ യോഗ്യരായ യുവാക്കളെ സെമിനാരി കുടുംബം ദൈവവിളി ക്യാമ്പിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ബഹു. വൈദികർ യോഗ്യരായവരെ സാക്ഷ്യപത്രം നൽകി പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സേവനസമിതി**

പുനസംഘടിപ്പിക്കപ്പെട്ട പുതിയ സോണൽ സേവനസമിതി യുടെ പരിശീലനവും അഭിഷേകപ്രാർത്ഥനയും 2020 ഫെബ്രുവരി 11, 12 തീയതികളിൽ എമ്മാവൂസിൽ വച്ച് നടത്തപ്പെട്ടു. പരിശീലന പരിപാടികൾക്ക് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ പിതാക്ക ന്മാരും കെ.സി.സി.ആർ. എസ്.ടി.യും നേതൃത്വം നൽകി. പുതിയ തായി തിരഞ്ഞെടുക്കപ്പെട്ട സോണൽ സേവനസമിതിയുടെ കോ-ഓഡിനേറ്ററായി ശ്രീ. കെ.സി. എബ്രഹാം കുമ്പുക്കൽ, സെക്രട്ടറി യായി ശ്രീ. ടോണി മടുക്കക്കുഴി, ട്രഷററായി ശ്രീ. കെ.യു. ജോസഫ് കാരയ്ക്കാട്ട് എന്നിവർ ചുമതലയേറ്റു. മറ്റ് സേവനസമിതി അംഗങ്ങ ളായ ശ്രീ. ജോസ് കല്ലോലിക്കൽ, ശ്രീ. റ്റോമി സി.സി. ചെറുശ്ശേ രിൽ, ശ്രീ. ബിനോയ് ആന്റണി പടിഞ്ഞാറ്റേപറമ്പിൽ, ശ്രീമതി എത്സമ്മ റ്റോം ആയല്ലൂർ, ശ്രീമതി എത്സമ്മ ജോസഫ് കറുകൊടി യിൽ, ശ്രീമതി മെറീനാ ബാബു തെക്കേൽ എന്നിവർക്ക് വിവിധ സബ്സോണുകളുടെയും, മിനിസ്ട്രികളുടെയും ചുമതലയും നൽകി.

17.02.2020-ൽ രൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കലിന്റെ അദ്ധ്യക്ഷതയിൽ കരിസ്മാറ്റിക് ഓഫീസിൽ പുതിയ സേവനസമിതിയുടെ ആദ്യസമ്മേളനം കൂടി ഭാവിപ്രവർത്തനങ്ങൾ പ്രാർത്ഥനാപൂർവ്വം ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. കെ. സി.സി.ആർ.എസ്.ടി. വൈസ് ചെയർമാൻ, ശ്രീ. സെബാസ്റ്റ്യൻ താന്നി യ്ക്കൽ, സിസ്റ്റർ ആനിമേറ്റർ സിയോൻ സി.എം.സി., പ്രത്യേക ക്ഷണിതാവായി രൂപതാ പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ പുതിയ സേവനസ മിതിക്ക് പ്രത്യേക സ്വാഗതവും പഴയസേവനസമിതിക്ക് ഹൃദയം നിറഞ്ഞ നന്ദിയും പ്രകാശിപ്പിച്ചു.

**മെത്രാഭിഷേക ഒരുക്കപ്രാർത്ഥന**

കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ മാർ ജോസ് പുളിക്കൽ പിതാവിനായി ആവേ മരിയാ നിത്യാരാധനചാപ്പലിൽ റവ. ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ടിന്റെ നേതൃത്വത്തിൽ അഖണ്ഡജപമാല 2020 ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ നടത്തപ്പെട്ടു. കരിസ്മാറ്റിക് കമ്മീഷൻ വൈസ് ചെയർമാനായ പിതാവിനായി ഒരുക്കപ്പെട്ട ശുശ്രൂഷയിൽ കരിസ്മാറ്റിക് സോണിൽ നിന്ന് അനേകർ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**സോണൽ ഡേ**

പ്രതിമാസ സോണൽ ഡേ ആഘോഷം 2020 ഫെബ്രുവരി 4-ാം തീയതി ചൊവ്വാഴ്ച എരുമേലി ആവേ മരിയാ നിത്യാരാധന ചാപ്പലിൽ 9.30 a.m. മുതൽ നടത്തപ്പെട്ടു. സ്തുതി ആരാധനയ്ക്ക് മുണ്ടക്കയം സബ്സോൺ കോർഡിനേറ്റർ ശ്രീ. ജോസ് വട്ടക്കുന്നേൽ നേതൃത്വം നൽകി. റവ. ഫാ. മാത്യു ഓലിക്കൽ വചനശുശ്രൂഷ നടത്തുകയും അംഗങ്ങൾ തങ്ങളെ സ്വാധീനിച്ച വചനഭാഗങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. അവസാന മണിക്കൂറിൽ സബ്സോണുകളുടെയും മിനിസ്ട്രികളുടെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യപ്പെട്ടു. സ്നേഹവിരുന്നോടെ ഉച്ചകഴിഞ്ഞ് 2.30 ന് സമാപിച്ചു.

**ഒറീസ്സാ മിഷൻ**

ഒറീസ്സായിലെ ചന്ദ്രപ്പൂർ ഇടവകയിലെ ഹീരാപ്പൂർ ഗ്രാമത്തിലും, മുന്നാരിഗാവ് ഗ്രാമത്തിലും കാഞ്ഞിരപ്പള്ളി സോണിന്റെ സഹായത്താൽ പണിയാൻ ഉദ്ദേശിക്കുന്ന ചാപ്പലുകളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി റായ്ഗഡാ രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 8.25 ലക്ഷം രൂപാ വീതം ചിലവ് വരുന്ന പണികൾ മുഴുവൻ ഗ്രാമവാസികൾ ചെയ്യുന്നതാണ്.

**എമ്മാവൂസ് മദ്ധ്യസ്ഥപ്രാർത്ഥന**

കളമശ്ശേരി എമ്മാവൂസ് നിത്യാരാധന ചാപ്പലിൽ കാഞ്ഞിരപ്പള്ളി സോണിനായി നൽകപ്പെട്ട ആഴ്ചയായ ഫെബ്രുവരി 10 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ എരുമേലി, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, പൊൻകുന്നം സബ്സോണുകളിൽ നിന്നുള്ള അംഗങ്ങൾ തുടർച്ചയായി പങ്കെടുത്ത് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

# ആവേ മരിയ റിട്രീറ്റ് സെന്റർ

**ആവേ മരിയ ഏകദിന കൺവൻഷൻ**

ഫെബ്രുവരി മാസത്തെ ഏകദിനകൺവൻഷനുകൾ 7, 14, 21, 28 തീയതികളിൽ നത്തപ്പെട്ടു. ശുശ്രൂഷകൾക്ക് യഥാക്രമം റവ. ഫാ. മാത്യു ഓലിക്കൽ, റവ. ഫാ. സിബി ചന്ദ്രോത്ത്, ബ്രദർ ഷിബു കാരയ്ക്കാട്ട്, ബ്രദർ ജോ പോൾ നെടുങ്കണ്ടം എന്നിവർ നേതൃത്വം നൽകി.

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

**തിരുവചനക്കളരി**

02.02.2020 ൽ മൗണ്ട് കാർമ്മൽ ലത്തീൻപള്ളിയിൽ തിരുവചനക്കളരിയുടെ ആദ്യ മോഡ്യൂൾ നൽകി ആരംഭിച്ചു. 120–ന് മുകളിൽ കുട്ടികളും 25 ൽ അധികം അദ്ധ്യാപകരും പങ്കെടുത്തു. 08.02.2020 ൽ സെന്റ് മരിയ ഗൊരേത്തിപള്ളി കൊല്ലമുള, സെന്റ് മേരീസ് ലാറ്റിൻ പള്ളി മുണ്ടക്കയം, എന്നിവിടങ്ങളിൽ 3 ഉം 5 ഉം മൊാഡ്യൂൾ നടത്തി. 14.02.2020 ൽ ലിറ്റിൽ ഫ്ളവർ പബ്ലിക്ക് സ്കൂളിൽ കൊല്ലമുളയിലെ 9–ാം ക്ലാസ് കുട്ടികൾക്കായി ജാതിമതഭേദമില്ലാതെ വിളക്കുമരം പ്രോഗ്രാം ചെയ്തു.

**വചനപ്രഘോഷകരുടെ പഠനക്ലാസ്**

രൂപതയിലെ വചനപ്രഘോഷകർക്കായുള്ള തുടർപഠനത്തിന്റെ പ്രതിമാസ ക്ലാസ് ഫെബ്രുവരി 15–ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്റർ പുതിയ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. റവ. ഫാ. തോമസ് പൂവത്താനിക്കുന്നേൽ, പൗരോഹിത്യം എന്ന കൂദാശയെ ആസ്പദമാക്കി ക്ലാസുകൾ എടുത്തു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

ശുശ്രൂഷകൾക്ക് റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, റവ. ഫാ. സിറിൽ മുതുകുന്നേൽ, റവ. ഫാ. സെബാസ്റ്റ്യൻ ചിറയ്ക്കലകത്ത്, റവ. ഫാ. ജോസ് കാരിമറ്റം എന്നിവർ സഹായിച്ചു.

**മരിയൻ ധ്യാനം**

ആവേ മരിയ ഭവനത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ആദ്യവെള്ളിയാഴ്ച മുതൽ ഞായറാഴ്ച വരെ നടത്താറുള്ള മരിയൻ ധ്യാനം ഫെബ്രുവരി 7, 8, 9 തീയതികളിൽ തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തി. ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ നേതൃത്വം നൽകി. റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ബ്രദർ ഷൈജു വാണികുളം, ബ്രദർ ജോയി പൂവത്തിങ്കൽ, ബ്രദർ ബോണി താഴത്തേടത്ത്, ബ്രദർ സജി താന്നിക്കത്തൊട്ടിയിൽ, സിസ്റ്റർ മരിയ സി.എം.സി. എന്നിവർ സഹായിച്ചു. അടുത്ത മാസത്തെ ധ്യാനം 2020 മാർച്ച് 6, 7, 8 തീയതികളിൽ നടക്കും.

**സ്പിരിചൽ ഷെയറിംഗ്**

എല്ലാ ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 2.30 p.m. വരെ ആവേ മരിയായിൽ സ്പിരിചൽ ഷെയറിംഗ് നടത്തുന്നു. അനേകമാളുകൾ സ്പിരിചൽ ഷെയറിംഗിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുന്നു.

**ആവേമരിയായുടെ നേതൃത്വത്തിൽ നടന്ന കൺവൻഷനുകൾ**

പാലാ താബോർ ധ്യാനകേന്ദ്രം, തലശ്ശേരി അതിരൂപത പച്ചാണി ഇടവക എന്നിവിടങ്ങളിൽ ആവേമരിയായുടെ നേതൃത്വത്തിൽ കൺവൻഷനുകൾ നടത്തപ്പെട്ടു.

**പ്രേഷിത കൂട്ടായ്മ**

ആവേ മരിയായിലെ പ്രേഷിതരുടെ കൂട്ടായ്മ ഫെബ്രുവരി 26-ാം തീയതി നടത്തപ്പെട്ടു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**1. കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ**

2020 ഫെബ്രുവരി 01 നു കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ നടന്നു. 2020 ജനുവരി 31 വെള്ളിയാഴ്ച രാത്രി 7.30 മുതൽ ആദ്യശനിയാഴ്ച രാവിലെ 9 മണിവരെ ദിവ്യകാരുണ്യ ആരാധനയും തുടർന്ന് വചനപ്രഘോഷണവും ദിവ്യകാരുണ്യപ്രദക്ഷിണവും ആഘോഷപൂർവകമായ വിശുദ്ധ ബലിയും ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, ബ്രദർ ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**2. കൃപാനുഭവധ്യാനം**

2020 ഫെബ്രുവരി 02 മുതൽ 07 വരെ, ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ കൃപാനുഭവധ്യാനം നടത്തപ്പെട്ടു. 16 വൈദികരും 41 സിസ്റ്റേഴ്സും 541 അത്മായരും ധ്യാനത്തിൽ പങ്കെടുത്തു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. ലൂക്കാ ചാവറ സി.എം.ഐ., റവ. ഫാ. ജോസഫ് പാറേക്കാട്ട്, ബ്രദർ. ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**3. ഏകദിന ബൈബിൾ കൺവൻഷൻ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ 2020 ഫെബ്രുവരി 08,15 എന്നീ തീയതികളിൽ ഏകദിന ഉപവാസപ്രാർത്ഥനയും വചനപ്രഘോഷണവും നടന്നു. രാവിലെ 09 മണിക്കു ജപമാല, തുടർന്നു വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, വിശുദ്ധ കുർബാന, പ

രിശുദ്ധ റോസാമിസ്റ്റിക്കാ മാതാവിനോടുള്ള പ്രാർത്ഥന, വി. സ്ലീവാ യോടുള്ള പ്രാർത്ഥന എന്നിവ നടത്തപ്പെട്ടു. ഫെബ്രുവരി 08 തീയതി രണ്ടാം ശനിയാഴ്ച കൃപാബാല്യം ശുശ്രൂഷകളും നടത്തപ്പെട്ടു.

**4. ബൈബിൾ കൺവൻഷൻ**

2020 ഫെബ്രുവരി 07 മുതൽ 09 വരെ സലാഹ്, ഒമാനിലും ഫെബ്രു വരി 12-16 കൊല്ലത്തും ഫെബ്രുവരി 19 മുതൽ 23 വരെ മാളയിലും ബൈബിൾ കൺവൻഷനുകൾ നടത്തപ്പെട്ടു.

**5. മരിയൻ മധ്യസ്ഥ പ്രാർത്ഥന**

2020 ഫെബ്രുവരി 07,14,21,28 എന്നീ തീയതികളിൽ മരിയൻ പ്രേഷിതരുടെ ഏകദിന ഉപവാസ പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും ജപമാലയും സ്ലീവാപ്പാതയും മറ്റു പരിഹാരപ്രാർത്ഥ നകളും നടത്തി. മധ്യസ്ഥപ്രാർത്ഥന പരിശുദ്ധ കുർബാനയോടെ സമാപിച്ചു.

**6. സ്പിരിച്ച്വൽ ഷെയറിംഗ്**


കൃപാനുഭവ ധ്യാനദിനങ്ങളും ഞായറാഴ്ചകളും ഒഴികെയുള്ള ദിവസങ്ങളിൽ സ്പിരിച്ച്വൽ ഷെയറിംഗ് ശുശ്രൂഷ നടന്നു. വൈദികരും സന്യസ്തരും അത്മായരും ശുശ്രൂഷകളിൽ സഹായിച്ചു. 930 ആളു കൾ സ്പിരിച്ച്വൽ ഷെയറിംഗ് നടത്തി ദൈവാനുഗ്രഹം പ്രാപിച്ചു.

ഞായറാഴ്ചകളിലും കൃപാനുഭവധ്യാനം ഒഴികെയുള്ള എല്ലാ ദിവ സങ്ങളിലും സ്പിരിച്ച്വൽ ഷെയറിംഗിനുള്ള സൗകര്യമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**വരും മാസങ്ങളിലെ കൃപാനുഭവധ്യാനങ്ങൾ**

2020 മാർച്ച് 08 - 13
2020 ഏപ്രിൽ 12 - 17 (ബുക്കിംഗ് - മാർച്ച് 16)
2020 ഏപ്രിൽ 26 - മെയ് 01 (ബുക്കിംഗ് - ഏപ്രിൽ 01)
വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 04868 253300, 96561 41917

**ഫാ. ഡോമിനിക്ക് വാളന്മനാൽ**
**ഡയറക്ടർ**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക് കോളേജിൽ വച്ച് നടന്ന ലാബല്ലാ പ്രോഗ്രാമിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ഈ വർഷത്തെ കോളേജ് best teacher ആയി തെരഞ്ഞെടുക്കപ്പെട്ട ഡോ. സി. ജീനാ തെരേസിന് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജിൽ വച്ച് നടന്ന "ലാബെല്ലാ" പരിപാടിയിൽ വച്ച് അനുമോദനാശംസകൾ നേർന്നു.
- കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ മെത്രാനായി ആരോഹണം ചെയ്ത അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലിയും കൗൺസിലേഴ്സും സിസ്റ്റേഴ്സും സംബന്ധിച്ചു.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് കാഞ്ഞിരപ്പള്ളി രൂപത നൽകിയ "സ്നേഹാദരവ്" പരിപാടിയിൽ കാഞ്ഞിരപ്പള്ളി CRI യൂണിറ്റിന്റെ പ്രസിഡന്റ് സി. എലിസബത്ത് സാലി CRI യെ പ്രതിനിധീകരിച്ച് ആശംസകൾ നേർന്നു.
- എയ്ഞ്ചൽവാലി സെന്റ് മേരീസ് സ്കൂളിലെ L.K.G. മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സി.എം.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 2 ദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടത്തി. പ്രൊവിൻഷ്യൽ കൗൺസിലർ സി. റോസിറ്റ സി.എം.സി. ധ്യാനത്തിന് നേതൃത്വം നൽകി.
- പുഷ്പാരാം സ്കൂൾ ചാമംപതാൽ, ലിറ്റിൽ ഫ്ളവർ സ്കൂൾ പുളിയന്മല, കെ.ഇ.യു.പി. സ്കൂൾ പുളിയന്മല, സെന്റ് മേരീസ് സ്കൂൾ ഏയ്ഞ്ചൽവാലി എന്നിവിടങ്ങളിലെ വാർഷികാഘോഷങ്ങൾ സമുചിതമായി നടന്നു.

- മരിയൻ കൗൺസിലിംഗ് സെന്റർ കൗൺസിലർ സി. റ്റെസിൻ മരിയായുടെ നേതൃത്വത്തിലുള്ള കാഞ്ഞിരപ്പള്ളി സാരഥി യൂണിറ്റുകളും ജനമൈത്രി പോലീസും പഞ്ചായത്തും ചേർന്ന് ഉപയോഗശൂന്യമായി കിടന്ന കാഞ്ഞിരപ്പള്ളി ബസ് സ്റ്റാൻഡിലെ കിണർ ഉപയോഗയോഗ്യമാക്കി.
- വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് കേരളത്തിൽ ആദ്യമായി സ്ഥാപിച്ച "ഉപവിശാല'യുടെ 150-ാം വർഷത്തിന്റെ ജൂബിലി ആഘോഷപരിപാടികൾ വിശുദ്ധന്റെ ജന്മസ്ഥലമായ കൈനകരിയിൽ വച്ചു നടന്നു. ആദ്യ ഉപവിശാലയുടെ ശതോത്തര സുവർണ്ണജൂബിലി ആഘോഷപരിപാടിയിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ വിവിധ തരത്തിൽ ഉപവി പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ സന്യാസ സന്യാസിനീ സമൂഹങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി കൈനകരിക്ക് തീർത്ഥയാത്ര പോവുകയും വിശുദ്ധ കുർബാനയിലും തുടർന്നു നടന്ന പൊതുസമ്മേളനത്തിലും ഇവർ സംബന്ധിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ റവ. ഫാ. റോയി വടക്കേൽ മുഖ്യപ്രഭാഷണം നടത്തി. ഈ സമ്മേളനത്തിൽ വിവിധ സന്യാസിനീ സമൂഹങ്ങളിൽ നിന്നായി 50 സിസ്റ്റേഴ്സ് സംബന്ധിച്ചു.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽപിതാവ് രോഗീദിനത്തിൽ പ്രൊവിൻഷ്യൽ ഹൗസ്, കാർമ്മൽ ഹോസ്റ്റൽ, പൊടിമറ്റം എന്നീ സ്ഥലങ്ങളിലെ രോഗീകളെ സന്ദർശിച്ച് പ്രത്യേകം പ്രാർത്ഥിക്കുകയും ആശീർവാദം നൽകുകയും സിസ്റ്റേഴ്സുമായി സൗഹൃദ സംഭാഷണം നടത്തുകയും ചെയ്തു.
- പൊടിമറ്റം സെന്റ് മേരീസ് ഇടവക പള്ളിയിൽ രോഗീദിനത്തിൽ രോഗികൾക്കായി നടത്തിയ റംശ, ജപമാല പ്രദക്ഷിണം എന്നിവയിൽ സിസ്റ്റേഴ്സ് സംബന്ധിക്കുകയും രോഗികൾക്കും അവരുടെ ബന്ധുക്കൾക്കുമായി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി രോഗീദിന സന്ദേശം നൽകുകയും ചെയ്തു.
- പൊടിമറ്റം സാരഥിയൂണിറ്റിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്നു.
- ജനറൽ കൗൺസിലർ സി. ലിസ്സി അഗസ്റ്റിൻ സി.എം.സി., കാഞ്ഞിരപ്പള്ളി അമല പ്രൊവിൻസിലെ ഏതാനും മഠങ്ങളിൽ കാനോനിക സന്ദർശനം നടത്തി.

- എറണാകുളം പി.ഒ.സി.യിൽ വച്ചു നടന്ന CRI മീറ്റിംഗിൽ കാഞ്ഞിരപ്പള്ളി CRI യൂണിറ്റിനെ പ്രതിനിധീകരിച്ച് സി. ജോവാൻ, സി. കരുണ എന്നിവർ സംബന്ധിച്ചു.
- കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ ഇഞ്ചിയാനി എൽ.പി. സ്കൂൾ, എന്നിവിടങ്ങളിൽ 'പഠനം എളുപ്പമാക്കാൻ' എന്ന വിഷയത്തെ ആസ്പദമാക്കി സി. ജോമേരി ക്ലാസ് എടുത്തു.
- സാമൂഹ്യസേവനരംഗങ്ങൾ ഏറ്റവും ഊർജ്ജസ്വലമാക്കുന്നതിനായി സോഷ്യൽ വർക്ക് സെക്രട്ടറിയേറ്റ് അംഗങ്ങളുടെയും കോർ ടീം അംഗങ്ങളുടെയും സംയുക്ത സമ്മേളനം ബഹു. പ്രൊവിൻഷ്യലമ്മയുടെ അദ്ധ്യക്ഷതയിൽ പൊടിമറ്റത്തുവച്ച് നടന്നു.
- സാരഥിയുടെ നാഷണൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ തേയ്ക്കാനത്ത് സാരഥിയുടെ 20-ാം വാർഷികത്തിലേക്ക് ക്ഷണിക്കുന്നതിനായി പ്രൊവിൻഷ്യൽ ഹൗസിൽ എത്തി.
- സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹൈറേഞ്ചിലെയും ലോറേഞ്ചിലേയും സാരഥിയുടെ മീറ്റിംഗുകൾ നടന്നു.
- സെക്രട്ടറിയേറ്റ് അംഗങ്ങളും കോർടീം അംഗങ്ങളും പ്രോവിൻസിലെ എല്ലാ ജൈവപച്ചക്കറിത്തോട്ടങ്ങളും പൂന്തോട്ടങ്ങളും സന്ദർശിച്ച് വിലയിരുത്തൽ നടത്തി.
- ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത യൂണിറ്റിന് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകി.
- അമൽജ്യോതി കോളേജിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് സ്വീകരണവും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് ആദരവും നൽകിയ പരിപാടിയിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സംബന്ധിച്ചു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- അണക്കര കോൺവെന്റിനോടനുബന്ധിച്ച് നടത്തി വരുന്ന സ്വയം തൊഴിൽ പരിശീലന സെന്ററിൽ 40 വനിതകൾ തയ്യൽ പരിശീലനം പൂർത്തിയാക്കി. ഒൻപത് വനിതകൾക്ക് തയ്യൽ മെഷീൻ വാങ്ങുന്നതിനും, 29 കുടുംബങ്ങൾക്ക് ആടുവളർത്തൽ, കോഴി വളർത്തൽ, കൃഷി എന്നിവയ്ക്കായും പലിശ രഹിത വായ്പ

നൽകി.

- മൂഴിയാർ ഡാമിന്റെ പരിസരപ്രദേശത്തുള്ള ഒൻപത് ആദിവാസി കോളനി കുടികളിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ജോസി ട്രീസായുടെ നേതൃത്വത്തിൽ ഒൻപത് സിസ്റ്റേഴ്സ് സന്ദർശനം നടത്തി സാഹോദര്യം പങ്കുവച്ച് അവരോടൊപ്പം ഒരു ദിവസം ചിലവഴിച്ചു.
- എരുമേലി നിർമ്മലാ പബ്ലിക്ക് സ്കൂൾ 4 കുട്ടികൾക്ക് പഠനസഹായമായി Rs. 30000/- ഉം ചികിത്സാ സഹായമായി Rs. 25000/- ഉം നൽകി.
- അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സി. റെസ് മരിയ മ്ലാമല വിമൽ ജ്യോതി പബ്ലിക്ക് സ്കൂൾ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.
- കേന്ദ്രസർക്കാരിന്റെ "Ministry of Skill Development & Enterpreneurship"മന്ത്രാലയത്തിന്റെ കീഴിലുള്ള ജനശിഷ്യൻ & സൻസ്ഥാൻ എന്ന പ്രസ്ഥാനം വഴി 23 പെൺകുട്ടികൾ 'അസീസ്സി തുടർപരിശീലന കേന്ദ്രത്തിൽ' തയ്യൽ പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റിന് അർഹരായി.
- ആന്ധ്രാ, ഏലൂർ പ്രൊവിൻസിലെ അംഗമായ സി. ലീനാ വെള്ളിയാംകുളത്തിന്റെ (കട്ടപ്പന) മൃതസംസ്ക്കാരശുശ്രൂഷയിൽ പ്രൊവിൻഷ്യൽ സി. അമലയും സിസ്റ്റേഴ്സും പങ്കെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- നിത്യവ്രതം ചെയ്ത് വിവിധവർഷങ്ങൾ പിന്നിട്ട സിസ്റ്റേഴ്സിന്റെ മാതാപിതാക്കളുടെ സംഗമം15/2/2020 –ൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. 250 ലധികം ബന്ധുജനങ്ങൾ പ്രസ്തുത സമ്മേളനത്തിൽ സംബന്ധിച്ചു.
- പി.ഒ.സി യിൽ വച്ച് നടത്തപ്പെട്ട മാധ്യമ കമ്മീഷൻ സെമിനാറിൽ സി. തെരസ് ആലഞ്ചേരി സംബന്ധിച്ചു.
- ജനറലേറ്റ് തലത്തിൽ ഒരു വർഷത്തെ തിയോളജി പഠനം പൂർത്തിയാക്കിയ സിസ്റ്റേഴ്സിന്റെ Convocation പരിപാടിയിൽ ബഹു. പ്രൊവിൻഷ്യലമ്മയും സി. റ്റിൻസി വരകുകാലായും സംബന്ധിച്ചു.

- കാഞ്ഞിരപ്പള്ളി രൂപതയിൽ നവാഭിഷിക്തരായ ബഹു. വൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകുകയും, ദിവ്യബലിയർപ്പിക്കുകയും, ബഹു.പ്രൊവിൻഷ്യലമ്മ അവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.
- കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ സാരഥ്യം ഏറ്റെടുത്ത മാർ ജോസ് പുളിക്കൽപിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിലും, വി. ബലിയിലും, മാർ മാത്യു അറയ്ക്കൽ പിതാവിന് നൽകിയ ആദരവ് യോഗത്തിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.
- കാക്കനാട്ട് സി.എം.ഐ ജനറലേറ്റിൽ വച്ച് നടത്തപ്പെട്ട മേജർ സുപ്പീരിയേഴ്സ്, ഫോർമേഷൻ കോ-ഓർഡിനേറ്റേഴ്സ് മീറ്റിംഗിൽ വികർപ്രൊവിൻഷ്യൽ സി. ആൻസി ചെറുശ്ശേരിയും, സി. മെറിൻ തകിടിപ്പുറവും സംബന്ധിച്ചു.
- നിർമ്മലാ തിയോളജിക്കൽ കോളേജിൽ വച്ച് നടത്തപ്പെട്ട ആസൂത്രണ കമ്മറ്റി മീറ്റിംഗിൽ സി. റ്റിൻസി വരകുകാലായിൽ സംബന്ധിച്ചു.
- ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്ന വെള്ളാരംകുന്ന് സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സി. മെർളിൻ കാഞ്ഞിരത്തിങ്കൽ, ആനവിലാസം സെന്റ് ജോർജ്ജ് സ്കൂളിൽ നിന്ന് വിരമിക്കുന്ന സി. റോസിലി ഇളന്തോട്ടം എന്നിവരുടെ യാത്രയയപ്പു സമ്മേളനത്തിൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- ഫെബ്രുവരി 9 -19 തീയതികളിൽ പൊൻകുന്നം മഠത്തിൽ വച്ച് പ്രായമായ അമ്മമാർക്കായി 10 ദിവസത്തെ ധ്യാനം നടത്തി.
- കൈനകരി ചാവറ ജന്മഗൃഹത്തിൽ വച്ച് നടത്തപ്പെട്ട ജീവകാരുണ്യ ശുശ്രൂഷകരുടെ സംഗമത്തിൽ സി. മരിയ വെട്ടിക്കലോലിക്കൽ, സി. ആനി നെല്ലിയാക്കുന്നേൽ, സി. ലിസ്സാ തേക്കുംതോട്ടം എന്നിവർ സംബന്ധിച്ചു.
- കോട്ടയം എം.ഒ.സി യിൽ വച്ച് നടത്തപ്പെട്ട സുപ്പീരിയേഴ്സ് മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- ചെങ്കൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സി. ആൻസിറ്റ, സി.ബ്രിജിറ്റ് എന്നിവർ സംബന്ധിച്ചു.

- എല്ലാ സോണുകളിലും ബഹു. കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടത്തി.
- സി. സിസിയുടെ നേതൃത്വത്തിൽ സെന്റ് മേരീസ് ചർച്ച് കാഞ്ചിയാർ, സെന്റ് ജോർജ്ജ് ചർച്ച് കട്ടപ്പന, ചാവറ റിന്യൂവൽ സെന്റർ പരപ്പ് , അസ്സീസ്സി പുത്തൻവേലിക്കര എന്നിവിടങ്ങളിൽ ധ്യാനങ്ങൾ നടത്തപ്പെട്ടു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കത്തീഡ്രലിൽ വച്ചു നടന്ന അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ ബഹു. സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും സിസ്റ്റേഴ്സും പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ മഹാജൂബിലി ഹാളിൽ വച്ച്, അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് നൽകിയ സ്നേഹാദരവ് മീറ്റിങ്ങിൽ ബഹു. സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും സിസ്റ്റേഴ്സും പങ്കെടുത്തു.
- കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കിടപ്പുരോഗികളുടെ ഭവനങ്ങൾ സി. ലില്ലി ട്രീസ, സി. ലീമ സെബാസ്റ്റ്യൻ എന്നിവർ സന്ദർശിച്ചു.
- കട്ടപ്പന നഗരസഭ അഞ്ചുരുളിയിൽ വച്ച് നടത്തിയ മുനിസിപ്പൽ അതിർത്തിയിലെ കിടപ്പുരോഗികളുടെ ‘സ്നേഹസ്പർശം’ എന്ന കുടുംബസംഗമത്തിൽ സി. ലില്ലി ട്രീസ, സി. ലീമ സെബാസ്റ്റ്യൻ എന്നിവർ സംബന്ധിച്ചു.
- ബഹു. സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും സി. ലില്ലി ട്രീസയും കാണ്ഠുവാ മിഷൻ സന്ദർശിച്ചു.
- വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ ഇൻഡോർ ഉദയനഗരിലെ കബറിടം ബഹു. സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും സിസ്റ്റേഴ്സും സന്ദർശിച്ച് പ്രാർത്ഥിച്ചു.
- M.O.C-യിൽ വച്ചുനടന്ന സുപ്പീരിയേഴ്സിന്റെ മീറ്റിങ്ങിൽ അസി. ജനറൽ റവ. സി. റോസിലി ജോൺ പങ്കെടുത്തു.

- ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നിന്നും ബെസ്റ്റ് സിസ്റ്റർ ഡോക്ടറിനുള്ള അവാർഡ് കരസ്ഥമാക്കിയ സി. റിയാ ജോസിന്റെ അവാർഡ്ദാന ചടങ്ങിൽ റവ. സി. റോസിലി ജോൺ പങ്കെടുത്തു.
- കുമളി, വെളിച്ചിയാനി എന്നീ ഫൊറോനകളിൽ നടത്തിയ മാതൃവേദി ലീഡേഴ്സിന്റെ മീറ്റിങ്ങിൽ മാതൃവേദി രൂപതാ ആനിമേറ്റർ സി. ലീമാ സെബാസ്റ്റ്യൻ പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് നാമകരണ കോടതിയുടെ മീറ്റിങ്ങിൽ, ബഹു. സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും കോടതി അംഗങ്ങളായ സിസ്റ്റേഴ്സും പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- പൊടിമറ്റം സെന്റ് ഡോമിനിക്സ് കോളേജിലെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.മേരി ഫിലിപ്പ് എസ്.എച്ച്, സി.എലിസബത്ത് മേരി എസ്.എച്ച് എന്നിവർ പങ്കെടുത്തു.
- പെരുവന്താനം ഫൊറോനയിലെ സമർപ്പിത സംഗമത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി.മേരി ഫിലിപ്പ് എസ്.എച്ച് പങ്കെടുത്ത് സന്ദേശം നൽകി.
- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിലും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് കാഞ്ഞിരപ്പള്ളി രൂപത നൽകിയ ആദരവ് ചടങ്ങിലും ബഹു. പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- നിർമലാ തിയോളജിക്കൽ കോളേജിന്റെ റൂബി ജൂബിലിയോടനുബന്ധിച്ച് നടന്ന Planning Meeting-ൽ സി.എലിസബത്ത് മേരി എസ്.എച്ച് പങ്കെടുത്തു.
- കുട്ടിക്കാനം എസ്.എച്ച് ഹോസ്റ്റലിൽ വച്ച് ഏകദിന സുപ്പീരിയേഴ്സ് മീറ്റിംഗ് നടന്നു. റവ.ഫാ. ജെയിംസ് കോഴിമല ക്ലാസ് എടുത്തു.

- ചേമ്പളം മഡോണാ എൽ.പി സകൂളിൽ വച്ച് നട ന്ന സി.ആൻസി നടൂപ്പറമ്പിൽഎസ്.എച്ചി -ന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.മേരി ഫിലിപ്പ് എസ്.എച്ച് പങ്കെടുത്തു.
- കൂവപ്പള്ളി മഠത്തിൽ വിശ്രമ ജീവിതം നയിച്ചിരുന്ന ബഹു.സി.ഇസിദോർ പാലത്തിങ്കൽ എസ്.എച്ച് ഫെബ്രുവരി 12, 5.00 p.m.-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അനാഥർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി ജീവിതം മാറ്റിവച്ച ഒരു അമ്മയേയാണ് നമുക്ക് നഷ്ടമായത്.
- കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.മേരി ഫിലിപ്പും സഹോദരിമാരും പാസ്റ്ററൽ സെന്ററിൽ പോയി ആശംസകൾ നേർന്നു.
- ഊർജ്ജവകുപ്പുമായി സഹകരിച്ചു നടത്തുന്ന ഊർജ്ജസംരക്ഷണ ബോധവത്കരണ പരിപാടികൾ റാന്നി സിവിൽ സ്റ്റേഷനിലെയും വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിലെയും ഉദ്യോഗസ്ഥർക്കായി നടത്തി.
- പൊടിമറ്റം, ചെങ്കൽ, കട്ടപ്പന എന്നീ സ്ഥലങ്ങളിൽ വച്ച് സോണൽ തലത്തിലുള്ള സോഷ്യൽ വർക്ക് പ്രവർത്തനങ്ങളുടെ ആലോചനായോഗം ചേർന്നു.
- രോഗീ ദിനാചരണത്തിന്റെ ഭാഗമായി ചെങ്കൽ ബേത്‌ലഹേം ആശ്രമം, കട്ടപ്പന പ്രതീക്ഷാഭവൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു.
- ലോകക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി മുണ്ടക്കയം സെന്റ് ആന്റണീസ് സ്കൂളിലെ എസ്.പി.സി. കുട്ടികൾക്കായി ബോധവത്കരണ സെമിനാർ നടത്തി.
- കണയങ്കവയലിൽ പുതിയ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുവാൻ ഓറിയന്റേഷൻ ക്ലാസ് നടത്തി.
- 19 മഠങ്ങളിലായി കുട്ടികളുടെ ബാലസഭകൾ നടത്തി.
- കൂവപ്പള്ളി ബാലികാഭവൻ, ചെങ്ങന്നൂർ പ്രപഞ്ചം ക്ലബ് എന്നിവ

രുമായി സഹകരിച്ചു എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കായി പരീക്ഷാ ഒരുക്ക സെമിനാർ നടത്തി.

- കോട്ടയം എം.ഒ.സി-യിൽ നടന്ന Get-together, Parents Meeting Programme-ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.മേരി ഫിലിപ്പ് എസ്.എച്ച് പങ്കെടുത്തു.
- പഴയിടം മഠത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന ബഹു. ആവിലാ ട്രീസ SH ഫെബ്രുവരി 21-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.
- പഴയിടം മഠത്തിന്റെ 50-ാം വർഷ ജൂബിലി കുർബ്ബാനയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.മേരി ഫിലിപ്പും സഹോദരിമാരും പങ്കെടുത്തു.

**സി. റ്റെസി മരിയ FCC**
**സെക്രട്ടറി**

**സി. ജോയി മരിയ S.H.**
**കോഡിനേറ്റർ**

## സ്നേഹസ്മരണയ്ക്ക്



**സി. ഇസിദോർ** S.H.
**പാലത്തുങ്കൽ**
ജനനം : 07.08.1942
നിത്യവ്രതം : 31.05.1971
മരണം : 12.02.2020



**സി.ആവിലാ ട്രീസാ** S.H.
**കിളിയംപുരയ്ക്കൽ**
ജനനം : 19.05.1932
നിത്യവ്രതം : 31.05.1965
മരണം : 21.02.2020



**സി. വെർജീന** SABS
**കുന്നുംപുറത്ത് വട്ടക്കാട്ട്**
ജനനം : 18.05.1930
നിത്യവ്രതം : 13.05.1956
മരണം : 27.01.2020

ജനനം :



നിത്യവ്രതം :

# കെ.സി.എസ്.എൽ.

**സെമിനാർ**

ഫെബ്രുവരി 13-ാം തീയതി കാളകെട്ടി എ.എം.എച്ച്.എസ്. സ്കൂളിൽ വച്ച് 10-ാം ക്ലാസിലെ കുട്ടികൾക്കായി സെമിനാർ നടത്തപ്പെട്ടു. ഫാ. തോമസ് നരിപ്പാറയിൽ ക്ലാസ് നയിച്ചു.

**നന്മക്കളരി രൂപതാതല മത്സരപരീക്ഷ**

നന്മക്കളരിയുടെ രൂപതാതല മത്സരപരീക്ഷ ഫെബ്രുവരി 15-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സ്കൂൾ തല മത്സര പരീക്ഷയിൽ വിജയികളായ എഴുപത്തിമൂന്നോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങൾ തിരിച്ചാണ് മത്സരം ക്രമീകരിച്ചിരുന്നത്. രൂപതാതലത്തിൽ വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**യു.പി. വിഭാഗം**

Ist - തെരേസ എൽവിസ്, സെന്റ് തോമസ് എരുമേലി
IInd - അന്ന ബൈജു, എസ്.എം.യു.പി.എസ് കാഞ്ചിയാർ
IIIrd - ഷാനാ ജോയി, ഇൻഫന്റ് ജീസസ് കാഞ്ഞിരപ്പള്ളി

**എച്ച്.എസ്. വിഭാഗം**

Ist - റോസ് എസ്. കുന്നപ്പള്ളിൽ, സെന്റ് ജോസഫ്സ് കുന്നുംഭാഗം
IInd - ജൂവൽ ജിജി, ദീപ എച്ച്.എസ്. കുഴിത്തൊളു
IIIrd - മരിയ ജോജി, എസ്.എച്ച്. ചെങ്ങളം

**എച്ച്.എസ്.എസ്. വിഭാഗം**

Ist - ജോപ്പു ഫിലിപ്പ്, സെന്റ് തോമസ് എരുമേലി
IInd - ഷാർമി കെ. അബ്രാഹം, സെന്റ് മേരീസ്, കാഞ്ഞിരപ്പള്ളി
IIIrd - മരിയ റ്റോമി, സെന്റ് മേരീസ് കാഞ്ഞിരപ്പള്ളി.

വിജയികൾക്ക് അഭിനന്ദനങ്ങൾ

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ചാർജ്ജെടുത്തിരിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ ഡോ. മുസ്തഫ അസീസ് MBBS, MD (General Medicine) ചാർജ്ജെടുത്തിരിക്കുന്നു. ഡോക്ടറുടെ സേവനം എല്ലാദിവസവും ലഭ്യമാണ്.

ഹോളിക്രോസ് സന്യാസിനി സമൂഹാംഗമായ സി. ലിഡിയ കോയിക്കൽ പുതിയ നേഴ്സിംഗ് സൂപ്രണ്ടായി ചാർജ്ജെടുത്തിരിക്കുന്നു. രണ്ടു വർഷക്കാലം നേഴ്സിംഗ് സൂപ്രണ്ടായി സേവനം അനുഷ്ഠിച്ച സി. ആലീസ് SABS -ന് ഹൃദയം നിറഞ്ഞ നന്ദി

**ജനറൽ ലാപ്പറോസ്കോപ്പിക് സർജറി ക്യാമ്പ് കോരുത്തോട് നടത്തപ്പെട്ടു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും കോരുത്തോട് സെന്റ് ജോർജ് ഇടവക SMYM, മാതൃവേദി എന്നിവയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ജനറൽ & ലാപ്പറോസ്കോപ്പിക് സർജറി ക്യാമ്പ് ഫെബ്രുവരി 9 ഞായറാഴ്ച രാവിലെ 8.30 മുതൽ 12.30 വരെ കോരുത്തോട് ഇടവകയിൽ നടത്തപ്പെട്ടു. ഇടവക വികാരി റവ. ഫാ. ജോസഫ് മംഗലത്തിലിന്റെ സാന്നിദ്ധ്യത്തിൽ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ജോജോ പാമ്പാടത്ത് അദ്ധ്യക്ഷത വഹിച്ച യോഗം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. റെനി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ലാപ്പറോസ്കോപ്പിക് സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി ക്യാമ്പിന് നേതൃത്വം നൽകി.

**സൗജന്യ വെരിക്കോസ് വെയിൻ ക്യാമ്പ് ഹോസ്പിറ്റലിൽ നടത്തപ്പെട്ടു.**

എം.എം.റ്റി. സർജിക്കൽ കെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സൗജന്യ വെരിക്കോസ് വെയിൻ രോഗനിർണ്ണയ ക്യാമ്പ് ഫെബ്രുവരി 27 വ്യാഴാഴ്ച രാവിലെ 9.30 മുതൽ 4 വരെ നടത്തപ്പെട്ടു. 150 പേർ പങ്കെടുത്ത ക്യാമ്പിന് ഡോ. കിംഗ്സിലി അയ്യൻകുട്ടി നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും സൗജന്യ പരിശോധനയും മരുന്നുകളും നൽകി.

**കുമളിയിൽ സൗജന്യ ജനറൽ & ലാപ്പറോസ്കോപ്പിക് സർജറി ക്യാമ്പ് മാർച്ച് 8-ന്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും കുമളി ഫൊറോന ഇടവക വിൻസെന്റ് ഡി പോൾ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ലാപ്പറോസ്കോപ്പിക് & ജനറൽ സർജറി ക്യാമ്പ് മാർച്ച് 8 ഞായറാഴ്ച രാവിലെ 8.30 മുതൽ 12.30 വരെ കുമളി ഇടവകയിൽ നടത്തപ്പെടും. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ലാപ്പറോസ്കോപ്പിക് സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി നേതൃത്വം നൽകുന്ന ക്യാമ്പിൽ തൈറോയിഡ്, ഹെർണ്ണിയ, വെരിക്കോസ് വെയിൻ, അപ്പെന്റിസൈറ്റിസ്, പിത്താശയത്തിലുള്ള കല്ല്, പൈൽസ്, ഫിസ്റ്റുല, ശരീരത്തിലെ മുഴകൾ എന്നിവയ്ക്ക് സൗജന്യ പരിശോധനയും മരുന്നുകളും ലഭ്യമാണ്.

**ഹോസ്പിറ്റൽ ദിനാചരണവും Lamp lighting ceremony-യും**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ദിനാചരണവും 20-ാമത് ജനറൽ നേഴ്സിംഗ് ബാച്ചിന്റെ Lamp lighting ceremony യും 2020 ഫെബ്രുവരി 22 ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ നടത്തപ്പെട്ടു. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ വൈസ് പ്രസിഡന്റ് റവ. ഫാ. കുര്യൻ താമരശ്ശേരി അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളന

ത്തിന് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. സോജി കന്നാലിൽ സ്വാഗതവും അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ദീപു പുത്തൻപുരയ്ക്കൽ കൃതജ്ഞതയും അർപ്പിച്ചു. പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.ടി. ബിനു, ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ടന്റ് ഡോ. കെ.എം. മാത്യു എന്നിവർ ആശംസ അർപ്പിച്ചു. തുടർന്ന് Red Carpet 2020 എന്ന പേരിൽ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**ദന്തരോഗ വിഭാഗം മാർച്ച് 7 മുതൽ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ദന്തരോഗവിഭാഗം മാർച്ച് 7 മുതൽ ആരംഭിക്കുന്നു. പ്രശസ്ത ദന്തരോഗവിദഗ്ദ്ധ ഡോ. സൂര്യ കിംഗ്സിലി MDS (Consultant Orthodontist)ന്റെ സേവനം ലഭ്യമാണ്. ദന്തരോഗ വിഭാഗത്തിന്റെ ആരംഭത്തോടനുബന്ധിച്ച് മാർച്ച് മാസം എല്ലാവർക്കും സൗജന്യ ഡോക്ടർ കൺസൾട്ടേഷൻ ലഭ്യമാണ്.

**ഡയാലിസിസ് യൂണിറ്റ് ആരംഭം മാർച്ച് ആദ്യവാരം**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം മാർച്ച് ആദ്യവാരം നടക്കും. തുടർന്ന് രോഗികൾക്ക് മിതമായ നിരക്കിൽ Nephrology ഡോക്ടറുടെ സേവനവും ഡയാലിസിസ് സേവനങ്ങളും ലഭ്യമായിരിക്കും.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി നടത്തി.
- K.C.B.C., SC/ST BC മിഷൻ നേതൃത്വത്തിലുള്ള Talents Skill Development Training Programme (T.S.D.T.P.) പ്രോഗ്രാം പ്രവേശന പരീക്ഷ ഫെബ്രുവരി 8-ാം തീയതി കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് സ്കൂളിൽ വച്ച് രാവിലെ 10 മുതൽ 12 വരെ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 40 കുട്ടികൾ പരീക്ഷയെഴുതി. പരീക്ഷകൾക്ക് സംസ്ഥാന ഡയറക്ടർ ഫാ. ഷാജ് കുമാർ, രൂപതാഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, വിൻസെന്റ് ആന്റണി, ജസ്റ്റിൻ പാല എന്നിവർ നേതൃത്വം നൽകി.
- **D.C.S.L. രൂപീകരണം :** ദളിത് ക്രൈസ്തവ കുട്ടികളുടെ വളർച്ചയ്ക്കായി ദളിത് കാത്തലിക്ക് സ്റ്റുഡന്റ്സ് ലീഗ് D.C.S.L. സ്ഥാപിച്ചു. 60 കുട്ടികൾ പങ്കെടുത്തു. രൂപതാഭാരവാഹികളെയും തിരഞ്ഞെടുത്തു. അവധിക്കാലങ്ങളിൽ ക്യാമ്പുകളും പരിശീലന പ്രോഗ്രാമും നടത്തുവാനും തീരുമാനിച്ചു.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ച് ആദരവ് അർപ്പിച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ സന്ദർശിച്ച് അഭിനന്ദനം അർപ്പിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.
- ഡി.സി.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള 'ഒരുമ' ചെണ്ട മേളത്തിന്റെ മീറ്റിംഗ് 21-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ചുനടത്തി. പ്രവർത്തനങ്ങൾ വിലയിരുത്തി.

→

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 435–ാമതും കൂരിയായുടെ 892–ാമതും സമ്മേളനം 2020 ഫെബ്രുവരി 16–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ ആദ്ധ്യാത്മിക നിയന്താവ് വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിലിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് ബ്രദർ ജെ. ചാക്കോ അരുവിക്കരയുടെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥം 5–ാം അദ്ധ്യായം തുടർച്ച 'മറിയത്തെ ലോകത്തിലേക്ക് കൊണ്ടുവരിക' എന്ന ഭാഗം അദ്ധ്യക്ഷൻ ജ്ഞാനവായന നടത്തുകയും വൈസ് പ്രസിഡന്റ് സിസ്റ്റർ ലൂസി ജോസഫ് തെക്കേവയലിൽ 2020 ജനുവരി മാസത്തെ സമ്മേളന മിനിറ്റ്സ് വായിച്ചു സമർപ്പിക്കുകയും പ്രസിഡന്റ് ഒപ്പു വയ്ക്കുകയും ചെയ്തു. സമ്മേളനത്തിൽ സന്നിഹിതനായ ഏറ്റം ബഹുമാനപ്പെട്ട ആദ്ധ്യാത്മിക

---

## ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപതാകമ്മറ്റി 16–ാം തീയതി ഞായറാഴ്ച നടത്തി. തുടർപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു.
- രൂപതയിൽ വിവിധ ഇടവകകളിൽ ഡി.സി.എം.എസ്. ഫാമിലി രജിസ്ട്രേഷൻ നടത്തി ഫാമിലി കാർഡ് വിതരണം ചെയ്യാൻ തുടങ്ങി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

നിയന്താവ് വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിലിനും സഹപ്രവർത്തകരായ കമ്മീസിയം ഭാരവാഹികൾക്കും, കൂരിയാ ഭാരവാഹികൾക്കും, പ്രസീദിയം ഭാരവാഹികൾക്കും, മറ്റെല്ലാ അംഗങ്ങൾക്കും അദ്ധ്യക്ഷൻ സ്വാഗതമാശംസിക്കുകയും തുടർന്ന് സൈനിക ജപശൃംഖല ചൊല്ലുകയും ബഹുമാനപ്പെട്ട ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തുകയും ചെയ്തു.

**റിപ്പോർട്ടു സമർപ്പണം**

നെയ്യാട്ടുശ്ശേരി അത്ഭുതമാതാവ്, കാരികുളം ഫാത്തിമമാതാ എന്നീ പ്രസീദിയങ്ങളുടെ പ്രവർത്തന റിപ്പോർട്ട് കമ്മീസിയത്തിൽ സമർപ്പിച്ചു.

**ചർച്ച**

ലീജിയൻ നിയമഗ്രന്ഥം 39-ാം അദ്ധ്യായത്തിൽ "പ്രവർത്തന പ്രതീകം" എന്ന ഭാഗത്തെ അടിസ്ഥാനമാക്കി സിസ്റ്റർ ഗ്രേസി ജോസഫ് തേനംമാക്കൽ നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കാളികളായി.

**പ്രത്യേക കാര്യങ്ങൾ**

മാർച്ചു മാസത്തെ കമ്മീസിയം സമ്മേളനത്തോടനുബന്ധിച്ച് നമ്മൾ നടത്തിവരുന്ന ആച്ചിയെസ് (അംഗങ്ങളുടെ പ്രതിഷ്ഠ) നടത്തുന്നതിനാൽ എല്ലാ പ്രസീദിയങ്ങളിലെയും എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് നിർദ്ദേശിച്ചു.

**ലീജിയൻ പ്രചരണം**

വെളിച്ചിയാനി ഫൊറോനയിൽപ്പെട്ട മാങ്ങാപ്പാറ ഇടവകയിൽ ഫൊറോന വികാരി വെരി റവ. ഫാ. ജെയിംസ് മുത്തനാട്ടിന്റെ പ്രോൽസാഹനഫലമായും റവ. ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേലിന്റെ സഹകരണത്താലും ഒരു ലീജിയൻ പ്രസീദിയം സ്ഥാപിതമായി. തദവസരത്തിൽ കമ്മീസിയം ഭാരവാഹികൾ സന്നിഹിതരായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

**ഉദ്യോഗസ്ഥ നിയമനം**

മാങ്ങാപ്പാറ നിത്യസഹായമാതാവ് പ്രസീദിയം

ആദ്ധ്യാത്മിക നിയന്താവ് : റവ. ഫാ. മാത്യു കുരിശുംമൂട്ടിൽ

ആനിമേറ്റർ : റവ. സിസ്റ്റർ ക്രിസ്റ്റി എഫ്.സി.സി.
പ്രസിഡന്റ് : സിസ്റ്റർ ബീന ഷാജി അരിമറ്റംവയലിൽ
വൈസ് പ്രസിഡന്റ്: ബ്രദർ തോമസ് കെ.എം. കപ്പലുമാക്കൽ
സെക്രട്ടറി : സിസ്റ്റർ ഡോളി ജോയി പുത്തൻപുരയ്ക്കൽ
ഖജാൻജി : ബ്രദർ ജോസി പന്തലാനി

പ്രസ്തുത പ്രസീദിയത്തിനും ഭാരവാഹികൾക്കും കമ്മീസിയം അംഗീകാരം നൽകി.

സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന, ആശീർവാദം എന്നിവയോടെ 3.45 ന് സമ്മേളനം സമാപിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനവും അംഗങ്ങളുടെ പ്രതിഷ്ഠയും 2020 മാർച്ച് 15-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ കൂടുന്നതാണ്.

**സെക്രട്ടറി**



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ ദ്വിമാസ രൂപതാതല പ്രതിനിധിയോഗം 08.02.2020 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിലെ ഓഫീസിനോടു ചേർന്നുള്ള ഹാളിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് ആയിരുന്നു അദ്ധ്യക്ഷൻ.

പ്രാരംഭപ്രാർത്ഥനയ്ക്ക് ശേഷം ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് ബ്രദർ എബ്രാഹം ചക്കുവായിൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. സെക്രട്ടറി സിസ്റ്റർ മോളി ജോസ് വാഴപ്പനാടി മുൻയോഗ റിപ്പോർട്ടും വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും യോഗം പാസ്സാക്കി.

ഭാതൃത്വ റിപ്പോർട്ടിംഗിൽ എല്ലാ ഭാതൃത്വങ്ങളും എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകളാണ് അവതരിപ്പിച്ചത്. ഏതാനും ഭാതൃത്വങ്ങൾ ഒഴികെ എല്ലാ ഭാതൃത്വങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നതായി കാണുന്നു.

നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി ക്രിസ്തു സഹിച്ച വേദനകളും പീഡനങ്ങളെയും ഓർത്ത് നമ്മൾ ധ്യാനിക്കണമെന്നും തപസ്സ് അനുഷ്ഠിക്കുകയും ചെയ്യണമെന്നും കൂടാതെ പ്രാർത്ഥന, ദാനധർമ്മം, ഉപവി പ്രവർത്തികൾ എന്നിവ വഴി നമ്മൾ നമ്മെത്തന്നെ വിശുദ്ധീകരിക്കണമെന്നും ഓർപ്പിച്ചുകൊണ്ടായിരുന്നു പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം.

തുടർന്നു നടന്ന ചർച്ചയിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. റീജണൽ തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി നാഷണൽ വിഹിതം അടയ്ക്കാത്ത എല്ലാ ഭാതൃത്വങ്ങളും കഴിവതും നേരത്തെ അവരുടെ വിഹിതം അടച്ച് തീർക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിലിന്റെ യോഗം 16.2.2019 ഞായറാഴ്ച രാവിലെ സിസി ഓഫീസിൽ ചേർന്നു. 2020 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന സാമ്പത്തിക വർഷം മുതൽ കോൺഫ്രൻസുകൾക്ക് ഉപയോഗിക്കുവാനുള്ള അക്കൗണ്ട് ബുക്കുകളും മിനിറ്റ്സ് ബുക്കും വൗച്ചറുകളും സിസിയിൽ നിന്നും പ്രിന്റു ചെയ്ത് എസി പ്രസിഡന്റു മാരെ ഏല്പിച്ചു. ഇവ കോൺഫ്രൻസുകൾ കൈപ്പറ്റേണ്ടതാണ്. എല്ലാ കോൺഫ്രൻസുകളും 2019–20 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും 2020 ഏപ്രിൽ 26–ന് മുമ്പായി എസികളിൽ എത്തി ക്കേണ്ടതാണ്. എസികൾ ഇവ ക്രോഡീകരിച്ച് മെയ് 17–ന് സിസി യിൽ എത്തിക്കേണ്ടതുമാണ്.

ഹൈറേഞ്ച് മേഖലയിലെ കോൺഫ്രൻസ് പ്രസിഡന്റുമാർക്കും ഭാരവാഹികൾക്കുമായുള്ള സെമിനാർ 2020 മെയ് 17 ഞായറാഴ്ച നട ത്തപ്പെടുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

---

## ഫ്രാൻസിസ്കൻ അല്മായസഭ

രൂപതാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയുള്ളതാക്കു വാൻ 4 – 5 ഇടവകകൾ (ഭാതൃത്വങ്ങൾ) ഒത്തുചേർന്ന് മേഖലകൾ രൂപം കൊടുത്തു പ്രവർത്തിക്കുന്നത് നല്ലതാണെന്ന അഭിപ്രായം അനുസരിച്ച് പല ഇടവകകൾ ചേർന്ന് ഓരോ മേഖലകൾ തിരിച്ചു. ഭാതൃത്വങ്ങൾ ഇല്ലാത്ത ഇടവകകളിൽ അതാത് മേഖലയിലുള്ള ഭാതൃ ത്വങ്ങൾ അവയ്ക്ക് നേതൃത്വം നൽകുവാനും പ്രവർത്തനങ്ങൾ ശക്ത മാക്കുവാനും തീരുമാനിച്ചു.

ബ്രദർ ജോസ് ചൂനാട്ട് യോഗത്തിന് കൃതജ്ഞത അർപ്പിച്ചു. യോഗം 5 മണിയോടുകൂടി സമാപിച്ചു.

**സെക്രട്ടറി**

പെരുവന്താനം എസി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പെരുവന്താനം സെന്റ് ജോസഫ്സ് കോൺഫ്രൻസിലെ ബ്ര. മനോജ് കെ. മാത്യു കീരഞ്ചിറ സിസി അംഗമായി സത്യപ്രതിജ്ഞ ചെയ്തു. അടുത്ത സിസി മീറ്റിംഗ് ഏപ്രിൽ 19 ഞായറാഴ്ച രാവിലെ 10.30 ന് സിസി ഓഫീസിൽ ചേരുന്നതാണ്.

**വാർഷികധ്യാനങ്ങൾ**

2020 മാർച്ച് 8 ഞായറാഴ്ച പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെടുന്ന വാർഷികധ്യാനത്തിൽ ലോ-റേഞ്ചിലെ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും പങ്കെടുക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിച്ച് ജപമാലയ്ക്കുശേഷം കൃത്യം 10 മണിക്ക്തന്നെ ധ്യാനം ആരംഭിക്കും. ഹൈറേഞ്ച് മേഖലയിലെ വാർഷികധ്യാനം 2020 മാർച്ച് 15 ഞായറാഴ്ച പുളിയന്മല സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ചു നടത്തുന്നതാണ്. രാവിലെ 10 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും.10.30-ന് ജപമാലയ്ക്കു ശേഷം ദൈവാലയത്തിൽ ധ്യാനം ആരംഭിക്കും. എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**എ.സി. സംയുക്ത സമ്മേളനം**

മുണ്ടക്കയം എസിയുടെ ത്രൈമാസ സംയുക്ത സമ്മേളനം 2020 ഫെബ്രുവരി 9 ഞായറാഴ്ച ഇഞ്ചിയാനി ഹോളി ഫാമിലി കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 2 മണിക്ക് ദൈവാലയത്തിൽ ജപമാലയ്ക്കുശേഷം പാരീഷ് ഹാളിൽ എസി പ്രസിഡന്റ് ബ്ര. റ്റോമി ചാണ്ടി തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വികാരി റവ.ഫാ.ജോസ് മാറാമറ്റത്തിൽ ഉദ്ഘാടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി. എസിയുടെ ത്രൈമാസ റിപ്പോർട്ടും കണക്കും യോഗത്തിൽ അവതരിപ്പിച്ചത് ചർച്ചയ്ക്കുശേഷം പാസ്സാക്കി. വിവിധ കോൺഫ്രൻസുകൾ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ട് യോഗം അവലോകനം ചെയ്തു. പഴയകാല വിൻസെൻഷ്യൻ പ്രവർത്തകരെ യോഗത്തിൽ ആദരിക്കുകയും അവർക്ക് ഭാവുകങ്ങൾ നേർന്ന് സംസാരിക്കുകയും ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര.പി.ഡി. ജോസഫ് പുതുപ്പറമ്പിലിന്റെ നേതൃത്വത്തിൽ അംഗങ്ങൾ നൽകിയ സ്നേഹവിരുന്നോടെ 4.30 ന് പര്യവസാനിച്ച യോഗത്തിൽ 40 പേർ പങ്കെടുത്തു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

ഫെബ്രുവരി 10 മുതൽ 17 വരെ തീയതികളിൽ തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ നടത്തിയ ധ്യാനത്തിൽ 105 പേർ പങ്കെടുത്തു. ജാതിമത ഭേദം കൂടാതെ എല്ലാവരും പരിശുദ്ധ കുർബാന, ആരാധന, ധ്യാനം, ക്ലാസ്, ചർച്ച എന്നിവയിൽ ആത്മാർത്ഥമായ ആഗ്രഹത്തോടെ, വലിയ പ്രതീക്ഷയോടെ, സന്തോഷപൂർവ്വം പങ്കെടുത്തു. 17-ാം തീയതി രാവിലെ പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിൽ അച്ചൻ ദിവ്യബലി അർപ്പിച്ച്, ലഹരിരഹിതവും ദൈവാനുഗ്രഹപൂരിതവുമായ ഭാവിജീവിതം ഏവർക്കും ആശംസിച്ചു.

**മദ്യവിരുദ്ധഞായർ - മാർച്ച് 8**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. ഈ അവസരത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ മദ്യവിരുദ്ധ സമിതി പ്രത്യേകം തയ്യാറാക്കിയ പോസ്റ്റർ, പ്രതിജ്ഞ, കുട്ടികൾക്കുവേണ്ടി വളരെ ചിന്തോദ്ദീപകവും അർത്ഥസമ്പുഷ്ടവുമായ രീതിയിൽ തയ്യാറാക്കിയ പോസ്റ്റർ ഇവ രൂപതയിലെ എല്ലാ ഇടവകകളിലും കോളേജുകളിലും, സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. ഞായറാഴ്ച കുട്ടികളുടെ വി. കുർബാനമധ്യേ മദ്യവിരുദ്ധഞായർ ആചരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പറ്റി വിശദീകരിക്കുകയും കുട്ടികളെക്കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്യുമല്ലോ. പള്ളിയുടെ നോട്ടീസ് ബോർഡിലും മുതിർന്നവരും കുട്ടികളും ശ്രദ്ധിക്കത്തക്ക വിധം മറ്റു പ്രത്യേക സ്ഥലങ്ങളിലും പോസ്റ്ററും പ്രതിജ്ഞയും പ്രദർശിപ്പിക്കുന്നതും ഉത്തമമാണ്.

സ്കൂൾ, കോളേജ് അധികൃതർ അർഹമായ പ്രാധാന്യത്തോടെ, അടുത്ത പ്രവൃത്തിദിവസം തന്നെ കുട്ടികളെക്കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുകയും നോട്ടീസ് ബോർഡിലും മറ്റു പ്രധാന സ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്യുമല്ലോ.

"മദ്യവിമുക്തമാനവ സമൂഹം നമ്മുടെ ലക്ഷ്യം" എന്ന ആശയം പ്രാവർത്തികമാക്കാൻ എനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ഓരോരുത്തരും ചിന്തിക്കുക. നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം, മുന്നേറാം.

മദ്യവിരുദ്ധഞായർ പിരിവ് മാർച്ച് മാസത്തിൽ തന്നെ താഴെ ക്കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, മദ്യവിരുദ്ധ സമിതിയുടെ രൂപതയിലെ ഓഫീസിൽ ഏല്പിക്കുകയോ ചെയ്യുമല്ലോ.

Reference - SB A/c No. 14022

A/c - 0000030449889132

SBI - Kanjirapally Br.

IFSC - SBIN0010696

A/c in the name of - Kanjirapally Service Co-op-Bank

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻ പുസ്തകങ്ങൾ**

**1. ലുത്തിനിയ ഒരു സ്വർഗ്ഗസംഗീതം : ഫാ. ഇമ്മാനുവൽ വൈ**

പേജ്: 172/ വില :180/ പതിപ്പ് :1

രക്ഷാകരചരിത്രത്തിലെ വചനങ്ങൾ അന്വർത്ഥമാക്കി ഈശോയോടൊപ്പം സഹരക്ഷകയായിത്തീർന്ന അമ്മയെക്കുറിച്ചുള്ള നവ്യഗാനമാണ് പരിശുദ്ധ അമ്മയോടുള്ള ലുത്തിനിയ. കറകളഞ്ഞ, നിറവാർന്ന അമ്മസ്നേഹം അമ്മമേരിയുടേതാണ്. അതാണാശ്വാസവും, അതു തന്നെയാണ് ഈ ലോകത്തിന് ആവശ്യവും.

രക്ഷാകരചരിത്രത്തിൽ അവൾ നടന്ന അതിസുന്ദരമായ സ്നേഹവഴികളാണ് മാതാവിന്റെ ലുത്തിനിയ. അത് കാച്ചിക്കുറുക്കിയ അമൃതാണ്. മരിയഭക്തർക്കനുഗ്രഹവും പരിശുദ്ധ അമ്മയിലുള്ള വിശ്വാസത്തിൽ വളരാൻ പ്രചോദനവുമായ ഈ ഗ്രന്ഥം ഏവർക്കും വിശുദ്ധിക്കും ധ്യാനാത്മക ജീവിതത്തിനും ഏറെ സഹായകവുമാണ്.

**പുത്തൻ പതിപ്പുകൾ**

1. ഉണ്ണീശോയുടെ ഉണ്ണികഥകൾ : ഷാജി മാലിപ്പാറ
2. കുരിശിന്റെ തണലിൽ: ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ
3. വീണിട്ടും എഴുന്നേറ്റവർ: ഫാ. ജോസഫ് കുമ്പുക്കൽ
4. ജോൺപോൾ II (ചിത്രകഥ)
5. ഫ്രാൻസീസ് പാപ്പാ ചിത്രകഥ

**പണിപ്പുരയിൽ**

1. അതിജീവനം : ഫാ.സുബിൻ ജോസ് കിടങ്ങേൻ
2. ലഘുനാടകങ്ങൾ: ഫാ. ജസ്റ്റിൻ മതിയത്ത് (എഡിറ്റർ)
3. 365 മഹാന്മാർ : ജിൻസ് മുകളേൽ
4. കുട്ടികളുടെ ബൈബിൾ: (ഇംഗ്ലീഷ് വിവർത്തനം)
5. ആരാണു ക്രിസ്ത്യാനി : ഡോ. ജോർജ്ജ് കുഴിപ്പള്ളിൽ

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

എരുമേലി പഞ്ചായത്തിൽ പഴയിടം, ചേനപ്പാടി, ചെറുവള്ളി, തുമരംപാറ, കിഴക്കേക്കര എന്നീ സ്ഥലങ്ങളിൽ ചൈൽഡ് ലൈൻ-ന്റെ Out Reach നടത്തി.

**Case Intervention and Follow up**

ജനുവരി മാസത്തിൽ ഇരുപതോളം കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതിൽ 18 കേസുകൾ CWC (ചൈൽഡ് വെൽഫെയർ കമ്മറ്റി)യിൽ കൊടുത്തു. 2 കേസുകൾക്ക് കൗൺസിലിംഗ് നൽകി. ഡിസംബർ, ജനുവരി മാസത്തിലെ കേസുകളുടെ follow up നടത്തി.

**ബോധവത്ക്കരണ ക്ലാസ്**

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ കുട്ടികളുടെ ബാലസഭ 08-02-2020-ൽ പഞ്ചായത്ത് കോൺഫ്രറൻസ് ഹാളിൽ വച്ചു നടന്നു. കാഞ്ഞിരപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷക്കീല നസീർ പരിപാടി ഉദ്ഘാടനം ചെയ്തു. ചൈൽഡ് ലൈൻ സേവനങ്ങളെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും കോ-ഓർഡിനേറ്റർ ക്ലാസ് എടുത്തു. ചേനപ്പാടി എൻ.എസ്.എസ്. യു.പി. സ്കൂളിലെ യു.പി. സെക്ഷനിലെ കുട്ടികൾക്ക് ചൈൽഡ് ലൈനിന്റെ ബോധവത്ക്കരണം നടത്തി. 100 കുട്ടികളോളം പരിപാടിയിൽ പങ്കെടുത്തു.

**ട്രെയിനിംഗ് പ്രോഗ്രാം**

കാഞ്ഞിരപ്പള്ളി (I.C.D.S.) സൂപ്പർവൈസർ ശ്രീമതി ബീനായുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി സോണിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന എല്ലാ അംഗൻവാടി ടീച്ചേഴ്സിനും ഹെൽപ്പേഴ്സിനുമായി ഫെബ്രുവരി 11, 12 തീയതികളിൽ കോൺഫ്രൻസ്

ഹാളിൽ വച്ച് ചൈൽഡ് ലൈൻ-ന്റെ ഒരു ട്രെയിനിംഗ് പ്രോഗ്രാം നടത്തി. I.C.D.S. സൂപ്പർവൈസേഴ്സ് - സ്കൂൾ കൗൺസിലേഴ്സ് എന്നിവർ ഉൾപ്പെടെ 250 പേരോളം പരിപാടിയിൽ പങ്കെടുത്തു.

**Open House**

Child line-ന്റെ 'Open House' എന്ന പരിപാടി ഫെബ്രുവരി 29-ാം തീയതി എലിക്കുളം പഞ്ചായത്തിൽ 3-ാം വാർഡിൽ വച്ച് നടന്നു.

**STEP**

STEP പ്രോഗ്രാം പഠന പദ്ധതിയിൽ സ്കോളർഷിപ്പോടുകൂടി പഠിക്കുന്ന കുട്ടികളിൽ 20 പേരുടെ ഓസ്ട്രിയായിൽ നിന്നും വന്ന സ്പോൺസർമാർ ബഹു. സെബാസ്റ്റ്യൻ ഇടക്കരോട്ടച്ചന്റെ നേതൃത്വത്തിൽ ചെങ്കൽ, കുമളി, മേരികുളം എന്നീ സ്ഥലങ്ങളിൽ കുട്ടികളെ രക്ഷകർത്താക്കളോടൊപ്പം കാണുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.

**ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ**

ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നുവരുന്നു. പുതിയതായി തുണിസഞ്ചി നിർമ്മാണവും മെഴുകുതിരി നിർമ്മാണവും ആരംഭിച്ചു. ഓർഡർ അനുസരിച്ചുള്ള തുണി സഞ്ചി നിർമ്മിച്ചു നൽകുവാൻ സാധിച്ചു. BEd ട്രെയിനികളുടെ പിന്തുണയോടെ കാഞ്ഞിരപ്പള്ളിയിൽ വച്ച് Be Able Products - ന്റെ വില്പന നടത്തുവാൻ സാധിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങിച്ചെല്ലുവാനും, അവസരങ്ങൾ ലഭിക്കുവാനും ഇത്തരം സഹകരണം മൂലം സാധിക്കുന്നുണ്ട്.

പേപ്പർ ബാഗ് ഓർഡർ ലഭിക്കുന്നതനുസരിച്ച് പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. മുരിക്കുംവയൽ ശ്രീ ശബരീശ്ശാ കോളേജിൽ നിന്ന് 7 ഡിഗ്രി വിദ്യാർത്ഥികളും അദ്ധ്യാപകരും സെന്റർ സന്ദർശിച്ചു. ജനുവരി 21-ാം തീയതി ആശാ നിലയം സ്കൂളിൽ വച്ചു നടത്തപ്പെട്ട സ്പോർട്സ് ഡേയിൽ ട്രെയിനികൾ എല്ലാവരും പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും

ചെയ്തു. 23-ാം തീയതി SERT - യുടെ നേതൃത്വത്തിൽ ആശാനി ലയത്തിൽ വച്ചു നടത്തപ്പെട്ട മാതാപിതാക്കൾക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസിൽ നിരവധി മാതാപിതാക്കൾ പങ്കെടു ത്തു. 30-ാം തീയതി LED ബൾബിനെക്കുറിച്ചും ഊർജ്ജസംരക്ഷ ണത്തെക്കുറിച്ചും അതിന്റെ നിർമ്മാണത്തെക്കുറിച്ചുമുള്ള മധു കൃഷ്ണൻസാറിന്റെ ക്ലാസിൽ സ്റ്റാഫ് അംഗങ്ങളും ട്രെയിനികളും പങ്കെടുത്തു.

**ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും**

ചെങ്കല്ലിൽ പണി പൂർത്തിയായ ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പുതിയകെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ച രിപ്പും 2020 ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച നടത്തുക യുണ്ടായി. ഈ കെട്ടിടത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവ്വ ഹിച്ചത് ഓസ്ട്രിയായിലെ ഐസൻസ്റ്റാറ്റ് രൂപതയുടെ ബിഷപ്പ് മോസ്റ്റ് റവ. ഡോ. എജിദിയൂസ് സിഫ്കോവിക്സ് ആയിരുന്നു. ഇതിനോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷൻ മാർ ജോസ് പുളിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസ മ്മേളനം ബിഷപ്പ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. വീ കെയർ സെന്റർ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ സ്വാഗതവും രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. കൊച്ചിൻ ഷിപ്പ്യാർഡിന്റെ ചെയർമാനും, മാനേജിംഗ് ഡയറക്ടറുമായ ശ്രീ. മധു എസ്. നായർ ക്ലാസ് റൂമിന്റെയും കൊച്ചിൻ ഷിപ്പ്യാർഡ് ഓഡിറ്റ് & അക്കൗണ്ട് കമ്മറ്റി ചെയർമാൻ ശ്രീ. ബി. രാധാകൃ ഷ്ണമേനോൻ വർക്ക് ഷോപ്പിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. ആശാനിലയം സ്കൂൾ റൂബി ജൂബിലി സ്മാരക സുവനീർ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പ്രകാശനം ചെയ്തു. വർക്കേഴ്സിനുള്ള പാസ് ബുക്ക് വിതരണ ഉദ്ഘാടനം ഡോ. എ.റ്റി. ത്രേസ്യാക്കുട്ടി നട ത്തി. വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.പി. ബാല ഗോപാലൻ നായർ, വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. പുഷ്കലാ ദേവി, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ശശികലാ

നായർ, ശ്രീമതി സുശീലാ കുര്യാച്ചൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കുട്ടികളുടെ കലാപരിപാടികൾ സമ്മേള നത്തിനു മാറ്റുകൂട്ടി. ആശാനിലയം സ്കൂൾ പ്രിൻസിപ്പാൾ സി. ലിറ്റി സേവ്യർ കൃതജ്ഞതയും രേഖപ്പെടുത്തി. സമ്മേളനാനന്തരം എല്ലാവർക്കും ലഘുഭക്ഷണവും ഉണ്ടായിരുന്നു.

**നല്ല സമറായൻ ആശ്രമം**

കാഞ്ഞിരപ്പള്ളി പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും മാനന്തവാടി പ്രൊവിൻസിൽ നിന്നും 5 നൊവിസിസ് ആശ്രമത്തിലെത്തുകയും 2 ആഴ്ചക്കാലം ആശ്രമമക്കളോടൊപ്പം താമസിച്ച് സേവനം ചെയ്യുകയും ചെയ്തു. കീരിക്കര സെന്റ് ആന്റണീസ് ഇടവകയിലെ സൺഡേസ്കൂളിലെ 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ അവരുടെ പ്രോജക്ടിന്റെ ഭാഗമായി ആശ്രമത്തിലെത്തുകയും ആശ്രമമക്കളോട് ഇടപഴകുകയും ചെയ്തു. വഞ്ചിമല സെന്റ് ആന്റണീസ് സൺഡേസ്കൂൾ വിദ്യാർത്ഥികളും രണ്ട് അധ്യാപ കരും പഠനത്തിന്റെ ഭാഗമായി ആശ്രമം സന്ദർശിക്കുകയും ആശ്ര മപ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചറിയുകയും ചെയ്തു.

കുട്ടിക്കാനം മരിയൻ കോളേജിലെ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിദ്യാർത്ഥികളും അധ്യാപകരും ആശ്ര മത്തിൽ എത്തിച്ചേരുകയും പുതുതായി പണിയുന്ന cow farming-ന്റെ നിർമ്മാണത്തിൽ സഹായിക്കുകയും ചെയ്തു. 31.01.2020-ൽ കോട്ടയം ഗവൺമെന്റ് ദന്തൽ കോളേജിന്റെ നേതൃത്വത്തിൽ ആശ്രമത്തിൽ ദന്തൽക്യാമ്പ് നടത്തുകയും 100 ആശ്രമമക്കളെ പങ്കെടുപ്പിക്കുകയും അർഹരായവർക്ക് വേണ്ട ചികിത്സ നൽകു കയും ചെയ്തു. ഈ മാസം 2 വെള്ളിയാഴ്ചകളിൽ ഡോ. സി. കാർമ്മലി ആശ്രമത്തിലെത്തി ആശ്രമമക്കളെ പരിശോധിക്കു കയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. എല്ലാ തിങ്കളാഴ്ചകളിലും OCB കൗൺസിലർ റോസ്മി ജോസ് ആശ്രമത്തിലെത്തുകയും ആവശ്യമായ വ്യക്തികൾക്ക് കൗൺസി ലിംഗ് നൽകുകയും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു.

**ആശാദീപം സ്പെഷ്യൽ സ്കൂൾ**

ക്രിസ്തുമസ് അവധിക്കുശേഷം കുട്ടികൾ എല്ലാവരും വന്നു ചേർന്നു. ജനുവരി 11-ാം തീയതി പാലായിൽ വച്ച് Lions club സംഘടിപ്പിച്ച കായിക മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും ധാരാളം സമ്മാനങ്ങളും 2nd ഓവറോൾ ചാമ്പ്യൻഷിപ്പും കരസ്ഥമാക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് കുട്ടികളെ അനുമോദിക്കുന്നതിനായി ബഹു. റോയി അച്ചന്റെ അദ്ധ്യക്ഷതയിൽ ഒരു ചെറിയ സമ്മേളനം വിളിച്ചുകൂട്ടുകയും അച്ചനോടൊപ്പം ഫോട്ടോ എടുക്കുകയും വാർത്ത പത്രത്തിൽ കൊടുക്കുകയും ചെയ്തു. 26-ാം തീയതി റിപ്പബ്ലിക്ക് ഡേ ആഘോഷം നടത്തി.

**സാമ്പത്തിക സഹായം**

വിദ്യാഭ്യാസ സഹായമായി 57000 രൂപയും, ചികിത്സാസഹായമായി 15000 രൂപയും ചിലവഴിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണം**

**കാഞ്ഞിരപ്പള്ളി രൂപത**

വേങ്ങത്താനം, ഉപ്പുതറ, കൂവപ്പള്ളി, പുഞ്ചവയൽ, നാരങ്ങാനം, പാലമ്പ്ര, കോരുത്തോട്, അണക്കര, കണയങ്കവയൽ, പെരുവന്താനം, ചെങ്കൽ, പൊടിമറ്റം, പാലൂർക്കാവ്, വെളിച്ചിയാനി, ഇടക്കുന്നം, ചിറക്കടവ്, വാളാർഡി, പാറത്തോട്, രാമക്കൽമേട്, കണ്ണിമല, പുറ്റടി എന്നീ സ്ഥലങ്ങളിൽ 23,65,000/- രൂപ ധനസഹായമായി നൽകി.

**ഇടുക്കി രൂപത**

മരിയാപുരം ഇടവകയിൽ പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി 50,000/- രൂപ ധനസഹായമായി നൽകി.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 5,71,569/- രൂപ നൽകി.

**മറ്റു സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 5,30,271/- രൂപ ചിലവഴിച്ചു.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 95,639/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 2,23,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. കാലിത്തീറ്റ സബ്സിഡിയായി 4,44,850/- രൂപ ഈ മാസം ചെലവഴിച്ചു.

**കന്നുകുട്ടി പരിപാലന പദ്ധതി**

മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി ഈ മാസം 16,190/- രൂപ ചെലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരിക്കുന്ന എം.ഡി.എസ്. "കരുതൽ" ജീവകാരുണ്യ പദ്ധതി ഇപ്പോൾ 112 ഇടവകകളിൽ രൂപീകൃതമായി. മലനാട് ജീവകാരുണ്യപദ്ധതിയിലൂടെ 240 കുടുംബങ്ങൾക്ക് തുടർച്ചയായി ചികിത്സാ സഹായങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 2,27,500/- രൂപ ചിലവഴിച്ചു.

**രാരീരം പാഠ്യപദ്ധതി**

സൊസൈറ്റിയുടെ വിദ്യാഭ്യാസ വികസന പദ്ധതിയിൽ സഹകരിച്ചു പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിലെ കുട്ടികൾക്ക് നൽകുന്നതിനായി സൊസൈറ്റിയിൽ നിന്നും 41 കിലോ തേൻ നൽകി.

**ഇൻഫാം**

**ഇൻഫാം കാർഷിക താലൂക്ക് ഡയറക്ടർമാരുടെ സമ്മേളനം**

ഇൻഫാം കാർഷിക താലൂക്ക് ഡയറക്ടർമാരായ ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം പാറത്തോട് എം.ഡി.എസിൽ നടന്നു.

**കാർഷിക ജില്ലാ സമിതി**

കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ സമിതി സമ്മേളനം പാറത്തോട് എം.ഡി.എസിൽ വച്ച് നടത്തപ്പെട്ടു. അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ, ഷാബോച്ചൻ മുളങ്ങാശ്ശേരിൽ, ജോസ് പി. മാത്യു

# പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2020 ജനുവരി – ഫെബ്രുവരി മാസങ്ങളിലായി വിവിധ ഗ്രാമങ്ങളിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പി.ഡി.എസ്. ഓർഗാനിക് സ്പൈസസ്**

പി.ഡി.എസ്. ഓർഗാനിക് സ്പൈസസിന്റെ Retail packing –നായി നിർമ്മിച്ചുകൊണ്ടിരുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായി.

ജർമ്മനിയിൽ വച്ച് നടന്ന Bio-fach exhibition -ൽ പി.ഡി.എസ്. ഓർഗാനിക് സ്പൈസസിൽ നിന്നും ഫാ. ജിൽസൺ ജെയിംസ്, ഡോ. തോമസ് ജെ., ശ്രീ. ജേക്കബ് ജോസ്, ശ്രീ. ജോമോൻ ജോസഫ് എന്നിവർ പങ്കെടുത്തു.

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ്. വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുക, ഭാവിപ്രവർത്തനങ്ങൾ

---

## മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

പതിയ്ക്കൽ, ബെന്നി വരിക്കമാക്കൽ, ജോസ് താഴത്തുപീടിക, ജോയി കട്ടക്കയം എന്നിവർ പങ്കെടുത്തു.

**പച്ചക്കപ്പ, ഏത്തക്കുല സംഭരണം**

ഇൻഫാം കർഷകരിൽ നിന്നും പച്ചക്കപ്പയും ഏത്തക്കുലയും സംഭരിക്കുന്നു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തുന്ന റീജിയണൽ മീറ്റിംഗുകൾ ഈ മാസം കുമളി, കട്ടപ്പന, പീരുമേട്, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ നടത്തി.

മാർച്ച് 7-ശനിയാഴ്ച കട്ടപ്പനയിൽ വച്ച് വനിതാദിനാഘോഷം നടത്തുന്നതിനെക്കുറിച്ച് എല്ലാ ആനിമേറ്റേഴ്സിനേയും അറിയിച്ചു. ഓരോ റീജിയണിൽ നിന്നും ഓരോ പ്രോഗ്രാം വീതം അവതരിപ്പിക്കണമെന്ന് അറിയിച്ചു.

റീജിയണിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ഹബി മാത്യു മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. ചീഫ് കോ-ഓർഡിനേറ്ററും റീജിയണൽ കോ-ഓർഡിനേറ്റർമാരും മീറ്റിംഗിൽ സംബന്ധിച്ചു.

**SHG Audit**

പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ എല്ലാ സ്വയം സഹായ സംഘങ്ങളിലും 2019 സാമ്പത്തിക വർഷത്തെ കണക്ക് പരിശോധന പൂർത്തിയായി വരുന്നു.

**Project Evaluation**

2016 മുതൽ 2019 വരെ പി.ഡി.എസ്സിന്റെ വിവിധ യൂണിറ്റുകളിൽ നടപ്പിലാക്കിവരുന്ന K.K.S. Project-ന്റെ Evaluation-ഉം Field visit-ഉം Creativity Council എന്ന ഏജൻസി നടത്തിവരുന്നു.

**Village level Programme**

നബാർഡിന്റെ സഹകരണത്തോടെ പി.ഡി.എസ്. നടപ്പിലാക്കി വരുന്ന E-Shakti Project-ന്റെ ഭാഗമായുള്ള Village level training Programme വിവിധ യൂണിറ്റുകളിലായി നടത്തിവരുന്നു. പ്രോജക്ട് മാനേജർ ഡോ. സിബി ജോസഫ് ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം നൽകിവരുന്നു.

**Save a Family Programme**

**Missio Flood Relief Program**

മ്ലാമല, ഉപ്പുതറ, കീരിക്കര എന്നീ ഭാഗത്തുള്ള പ്രളയബാധിത വീടുകൾ പുനരുദ്ധരിക്കുവാൻ Euro 5000/-നുള്ള പ്രൊപ്പോസൽ മിസ്സിയോ ഓസ്ട്രിയയ്ക്ക് അയച്ചു.

## സാമ്പത്തിക സഹായങ്ങൾ

PDS Family Care Programme, Save a Family Plan എന്നിവ വഴിയായും വിവിധ കുടുംബവികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും നൽകി വരുന്ന സാമ്പത്തികസഹായങ്ങൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ സഹായമായി 133195/- രൂപയും, ചികിത്സാ സഹായമായി 59263/- രൂപയും, ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കായി 243999/- രൂപയും, ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി 47200/- രൂപയും വിവാഹസഹായമായി 5000/- രൂപയും, ചാരിറ്റി സംഭാവനയായി 8250/- രൂപയും സഹായമായി നൽകി.

## കൗൺസിലിംഗ് സേവനം


പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 37 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്കാവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നു നൽകിവരുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ്. നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയിൽ ഈ മാസം 55 അംഗങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 5 യൂണിറ്റുകളിലെ 15 പേർക്ക് 84695/- രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| വെള്ളിലാംകണ്ടം | 3 | 12020 |
| നരിയമ്പാറ | 3 | 14725 |
| കരുണാപുരം | 7 | 4285 |
| കുരിശുമട്ട | 1 | 3050 |
| കൊരട്ടി | 1 | 7500 |
| **ആകെ** | **13** | **56920** |

**ഫാ. ഹബി മാത്യു**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ഫെബ്രുവരി 2020**

01 ചങ്ങനാശ്ശേരി പാറേൽ പള്ളിയിൽ ഒരു മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ സ്ഥാനത്തുനിന്ന് മാറി റാന്നി ഫൊറോന വികാരിയും സിറ്റഡൽ സ്കൂൾ മാനേജരുമായി പോയ ബഹു. കുര്യാക്കോസ് അമ്പഴത്തിനാലച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

03 കാഞ്ഞിരപ്പള്ളി രൂപതയുടെ നാലാമത്തെ അധ്യക്ഷനായി സ്ഥാനം ഏറ്റു.

– മാർ മാത്യു അറയ്ക്കൽ പിതാവിന് രൂപതാകുടുംബം നൽകിയ ആദരവ് അർപ്പിക്കൽ ചടങ്ങിൽ പങ്കെടുത്തു.

05 കോതമംഗലത്ത് വച്ചു നടന്ന Regional Bishop's Recollection - ൽ പങ്കെടുത്തു.

07 ചെങ്കൽ ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ വെഞ്ചരിപ്പു കർമ്മത്തിലും ഉദ്ഘാടന സമ്മേളനത്തിലും പങ്കെടുത്തു.

– ചങ്ങനാശ്ശേരിയിൽ വച്ച് നടത്തിയ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ നവതി ആഘോഷങ്ങളിൽ പങ്കെടുത്തു.

08 വാളാർഡി ഇടവകയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുതിയ പാരീഷ്ഹാൾ ആശീർവദിച്ചു.

09 പുളിങ്കട്ട ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– മുണ്ടക്കയം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നൽകി.

10 പോത്തുപാറയിൽ പുതിയതായി നിർമ്മിക്കുന്ന ഭവനത്തിന്റെ ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു.

11–12 തക്കലയിൽ വച്ചു നടന്ന Doctrinal Commission - ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

13–19 ബാംഗ്ലൂരിൽ വച്ചു നടന്ന CBCI പ്ലീനറി മീറ്റിംഗിൽ പങ്കെടുത്തു.

20 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന Inter Department മീറ്റിംഗിൽ പങ്കെടുത്തു.

21 അമൽജ്യോതി കോളേജിന്റെ കുടുംബസംഗമത്തിൽ പങ്കെടുത്തു.

– കത്തീദ്രൽ ഇടവകയുടെ പുതിയ പാരീഷ് കൗൺസിൽ ഉദ്ഘാടനം ചെയ്തു.

22 കുന്നുംഭാഗം എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ച് രജതജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് ആശംസകൾ അർപ്പിച്ചു.

– മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റിന്റെ Hosptial Day-യിൽ പങ്കെടുത്തു.

23 നിർമ്മലാപുരം ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുതിയ പാരീഷ്ഹാൾ ആശീർവദിച്ചു.

24 വിഭൂതിതിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് കത്തീദ്രൽ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 ചങ്ങനാശ്ശേരി ബൈബിൾ കൺവൻഷനിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 കട്ടപ്പനയിൽ നടന്ന കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വാർഷികത്തിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ

## ഫെബ്രുവരി 2020

1 കോരുത്തോട് ഇടവകയിൽ ദൈവാലയശുശ്രൂഷിയായി 50 വർഷം സേവനം ചെയ്ത ശ്രീ. ചാക്കോ വെച്ചുപടിഞ്ഞാറേതിലിനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

2 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിച്ചു.

– കാഞ്ഞിരപ്പള്ളി മഹാജൂബിലി ഹാളിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണത്തെ തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

4 ചെറുവള്ളിക്കുളത്ത് നിര്യാതനായ ശ്രീ. ദാമോദരൻ വൈദ്യർക്ക് അന്തിമോപചാരം അർപ്പിച്ചു.

5 മൂവാറ്റുപുഴയിൽ നടന്ന റീജണൽ ബിഷപ്സ് റിക്കളക്ഷനിൽ പങ്കെടുത്തു.

07 ചെങ്കൽ ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ ആശീർവാദകർമ്മത്തിൽ പങ്കെടുത്തു.

– ചങ്ങനാശ്ശേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ നവതി ആഘോഷങ്ങളിൽ പങ്കെടുത്തു.

10 പോത്തുപാറയിൽ പുതിയതായി നിർമ്മിക്കുന്ന ഭവനത്തിന്റെ ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു.

12–19 ബാംഗ്ലൂർ വച്ച് നടന്ന CBCI Pleenery Meeting-ൽ പങ്കെടുത്തു.

20 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ ASOWA യുടെ സമ്മേളനത്തിൽ പങ്കെടുത്തു.

– എരുമേലി ഇടവകയിൽ പരേതനായ ലിജോയ് അറയ്ക്കലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

21 അമൽജ്യോതി എൻജിനീയറിംഗ് കോളേജിന്റെ കുടുംബസമ്മേളനത്തിൽ പങ്കെടുത്തു.

22 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

23 പള്ളിക്കുന്ന് CSI പള്ളിയുടെ സുവർണ്ണജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

29 കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

– സഹ്യാദ്രി ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## March 2020

| Date | Programme | Place | Time |
|---|---|---|---|
| 1 | Meeting | Amal Jyothi | 4.00 p.m. |
| 3 | Inter Eparchial Meeting | Palai | 10.00 a.m. |
| 4 | Meeting | Adichira | 12.00 p.m. |
| 6 | Anniversary Marian College | Kuttikkanam | 10.00 a.m. |
| 7 | Governing Body : MIIM | Pastoral Centre | 3.00 p.m. |
| 8-10 | Meeting | Kakkanad | |
| 11 | Monthly Recollection-Regents | Pastoral Centre | 6.00 p.m. |
| 14 | Symposium | Nallathanny | 9.30 a.m. |
| 14-15 | Pastoral Visit | Valiyathovala | |
| 17 | Priest Conference | Kanjirapally | 10.00 a.m. |
| - | Ashanilayam - Anniversary | Chenkal | 3.00 p.m. |
| 19 | Holy Qurbana | Minor Seminary | 6.30 a.m. |
| 22 | Holy Qurbana | Pathanamthitta | 8.30 a.m. |
| 23 | Meeting | Thrissur | 11.30 a.m. |
| 25 | Meeting | POC | 10.00 a.m. |
| 26 | Holy Qurbana | Mar Thomas Sleeha Dayaara Nallathanny | 6.30 a.m. |
| 28 | Doctrinal Commission Meeting | Kottayam | |
| 31 | Meeting | Adichira | 10.00 a.m. |


lettering thoughts...
colouring feelings...
amalla
OFFSET PRESS
lettering thoughts... colouring feelings
Pastoral Centre,Kanjirappally
Kottayam Dt., Kerala - 686 507
Email: amalaoffset@gmail.com
Ph: 04828 - 204654

# 2020 മാർച്ച് - നോമ്പുകാലം

| | | |
|---|---|---|
| 1 | ഞായർ | ✠ നോമ്പ് രണ്ടാം ഞായർ<br>ഉത്പ 5:19-31 ജോഷ്വ. 4:15-24,<br>റോമ 6:15-23, മത്താ. 7:21-27 |
| 2 | തിങ്കൾ | തീത്തോ. 3:1-7, മർക്കോ. 7:14-23 |
| 3 | ചൊവ്വ | റോമാ 8:18-25, മത്താ. 7:7-12 |
| 4 | ബുധൻ | റോമാ 6:15-23, മത്താ. 9:1-8 |
| 5 | വ്യാഴം | റോമാ 3:1-8, മത്താ. 5:33-37 |
| 6 | വെള്ളി | റോമാ 7:7-12, മർക്കോ. 11:27-33 |
| 7 | ശനി | 1 കോറി 5:9-13, മത്താ. 11:16-19 |
| 8 | ഞായർ | ✠ നോമ്പ് മൂന്നാം ഞായർ<br>ഉത്പ. 7:6-24, ജോഷ്വാ. 5:13-6:5,<br>റോമാ 7:14-25, മത്താ. 20:17-28 |
| 9 | തിങ്കൾ | റോമാ. 7:1-6, മർക്കോ. 12:28-34 |
| 10 | ചൊവ്വ | 1 കോറി. 10:1-13, ലൂക്കാ 21:29-36 |
| 11 | ബുധൻ | 1 പത്രോ 3:8-12, മത്താ. 5:43-48 |
| 12 | വ്യാഴം | എഫേ. 6:1-9, മർക്കോ. 12:35-40 |
| 13 | വെള്ളി | റോമാ. 8:1-6, മർക്കോ. 12:18-27 |
| 14 | ശനി | എഫേ. 4:25-32, മത്താ. 21:28-32 |
| 15 | ഞായർ | ✠ നോമ്പ് നാലാം ഞായർ<br>ഉത്പ. 11:1-9, ജോഷ്വാ. 7:10-15,<br>റോമാ. 8:12-17, മത്താ. 21:33-44 |
| 16 | തിങ്കൾ | റോമാ. 9:1-13, യോഹ. 5:1-18 |
| 17 | ചൊവ്വ | റോമാ. 9:14-18, യോഹ. 5:19-23 |
| 18 | ബുധൻ | റോമാ. 10:1-13, യോഹ. 6:60-69 |
| 19 | വ്യാഴം | 2 കോറി. 10:3-11, മത്താ. 1:18-25 |
| 20 | വെള്ളി | റോമാ. 11:25-36, യോഹ. 7:25-31 |
| 21 | ശനി | റോമാ. 13:1-7, യോഹ. 7:45-53 |
| 22 | ഞായർ | ✠ നോമ്പ് അഞ്ചാം ഞായർ<br>ഉത്പ.16:6-16, ജോഷ്വാ. 9:16-27,<br>റോമാ. 12:1-11, യോഹ. 7:37-39, 8:12-20 |
| 23 | തിങ്കൾ | കൊളോ. 2:16-19, ലൂക്കാ. 18:18-25 |
| 24 | ചൊവ്വ | 2 കൊറി 9:10-15, ലൂക്കാ 10:33-37 |
| 25 | ബുധൻ | ഹെബ്രാ. 1:1-13, ലൂക്കാ. 1:26-38 |
| 26 | വ്യാഴം | 1 തിമോ 4:6-10, ലൂക്കാ. 18:31-34 |
| 27 | വെള്ളി | റോമാ 13:8-14, യോഹ. 8:49-59 |
| 28 | ശനി | 1 കോറി. 13:1-13, മർക്കോ. 10:1-12 |
| 29 | ഞായർ | ✠ നോമ്പ് ആറാം ഞായർ<br>ഉത്പ.19:15-26, ജോഷ്വാ 21:43-22:5,<br>റോമാ. 14:13-23, യോഹ. 10:11-18 |
| 30 | തിങ്കൾ | 1 തെസ 3:6-13, യോഹ 12:44-50 |
| 31 | ചൊവ്വ | 2 പത്രോ 2:4-10, ലൂക്കാ. 13:31-35 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654